

# മനസ്സ് ഒരു സങ്കീർത്തനം

## എസ്.കാക്കനാട്ട്

www.malankaralibrary.com

# മനസ്സ് ഒരു സങ്കീർത്തനം

www.malankaralibrary.com

*(Malayalam)*

**MANASSU ORU SANKEERTHANAM**

Study

By

**S. Kakkanatt**

First Edition March 2006
Second Edition May 2006
Third Edition October 2009
Printing St. Joseph's Press, Thiruvananthapuram
Cover Design : Bhattathiri
Illustrations : Dipu S.
Rights Reserved
Publishers and Distributers
**M. S. Communications Alappuzha - 688 007**

Rs. 80.00

www.malankaralibrary.com

# മനസ്സ് ഒരു സങ്കീർത്തനം

പഠനം

എസ്. [illegible]

എം. എസ്. കമ്മ്യൂണിക്കേഷൻസ്

ആലപ്പുഴ

www.malankaralibrary.com

**എസ്. കാക്കനാട്ട്**

1937 ഒക്ടോബർ 18 ന് പത്തനംതിട്ട ജില്ലയിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസാനന്തരം വൈദികപഠനത്തിൽ ഏർപ്പെട്ടു. തത്ത്വചിന്തയിലും ദൈവശാസ്ത്രത്തിലും എൽ.പിഎച്ച്., എൽ.ഡി. രണ്ടുവർഷം പശ്ചിമ ജർമ്മനിയിൽ ഉപരിപഠനം. എം.ഫിൽ. ബിരുദത്തിന് അർഹനായി. വിദ്യാഭ്യാസമേഖലയിലും പത്രപ്രവർത്തനരംഗത്തും സേവനം അർപ്പിക്കുന്നു. ആലപ്പുഴ മാതാ സീനിയർ സെക്കൻഡറി സ്കൂൾ സ്ഥാപക ഡയറക്ടർ. ക്രൈസ്തവ സാഹിത്യ പ്രവർത്തക ഡയറക്ടറിയുടെ എഡിറ്റർ. മലയാളത്തിലും ജർമ്മനിലും ധാരാളം ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭക്തിസാന്ദ്രമായ ഗാനങ്ങൾ രചിച്ച് ഓഡിയോ കാസറ്റായി ആലപ്പുഴ എം. എസ്. കമ്മ്യൂണിക്കേഷൻസ് പ്രകാശനം ചെയ്തിരിക്കുന്നു. സാഹിത്യത്തിലും സംഗീതത്തിലും സജീവസാന്നിദ്ധ്യം. *ഉൾക്കാഴ്ച (കവിതകൾ), ഉറവിടം, സദ്ഗമയ* എന്നിവ മറ്റു ഗ്രന്ഥങ്ങൾ.

മേൽവിലാസം:

എസ്. കാക്കനാട്ട്
ഡയറക്ടർ
മാതാ സീനിയർ സെക്കൻഡറി സ്ക്കൂൾ
ആലപ്പുഴ-688 007


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## ആമുഖം

ദാവീദിന്റെ ഐശ്വര്യകാലത്തും ആപത്തുകാലത്തും ഒരേപോലെ സങ്കീർത്തനങ്ങളെ അദ്ദേഹം സഹായാവലംബമാക്കി. സങ്കീർത്തന വാക്കുകൾ സ്വയം ശക്തിപ്രാപിക്കുന്നില്ല. അവയ്ക്കു പിന്നിലുള്ള ആത്മപ്രചോദനമാണ് അതിനുശക്തിയേകുക.

സങ്കീർത്തനമായാലും ഏതുഗ്രന്ഥമായാലും പാരായണം ചെയ്യുമ്പോൾ അവയുടെ പിന്നിൽ പ്രവർത്തിക്കുന്ന ആത്മീയശക്തിയെ ദർശിക്കാതെ യാന്ത്രികഉരുക്കഴിക്കൽ മാത്രമായാൽ അതുവെറും അധരവ്യായാമമാകും.

സങ്കീർത്തനങ്ങൾ അതിന്റെ തനിമയിലും സമാനാർത്ഥത്തിലും അനേകമതസ്ഥർ ഉപയോഗിക്കുന്നു. അതവർക്കു ആത്മഹർഷമാകുന്നു. ധന്യാത്മകമായ ഗാനാലാപം ഉപരിപ്ലവതയിൽനിന്നും മനുഷ്യന്റെ അസ്തിത്വത്തിന്റെ അഗാധതലങ്ങളിൽ അവനെ എത്തിക്കുന്നു.

ഇസ്രായേൽ കെട്ടുറപ്പുള്ള രാജ്യമായും യഹൂദമതം നിലനിൽപ്പുള്ള ആരാധനാസമൂഹമായും വിരാജിക്കാൻ കഠിനാദ്ധ്വാനം ചെയ്ത രാജർഷി ദാവീദിന്റെ ചരിത്രപദം നൂറ്റാണ്ടുകളുടെ മൂടൽമഞ്ഞിൽ അവ്യക്തമാകുമായിരുന്നു; സങ്കീർത്തനങ്ങൾ ആരാധനയിൽ വേരുറപ്പിച്ചില്ലായിരുന്നെങ്കിൽ. സങ്കീർത്തനങ്ങൾ ക്രോഡീകരിച്ചും ചില സന്ദർഭങ്ങളിൽ പുതിയവ രചിച്ചും ആരാധനയുടെ അനുഷ്ഠാന സ്വഭാവമനുസരിച്ച് ക്രമീകരിച്ച ദാവീദിന്റെ മനസ്സുതന്നെ ഒരു സങ്കീർത്തനമായിരുന്നു.

സങ്കീർത്തനത്തിന്റെ ആധ്യാത്മികത അംഗീകരിക്കുന്ന ഒരു വിശ്വാസി രാജർഷി ദാവീദിന്റെ സങ്കീർത്തനങ്ങളിൽകൂടി നടത്തിയ തീർത്ഥയാത്രയാണ് ഈ ലഘുഗ്രന്ഥം. തനതായ ഭാഷയിൽ ഓരോ വിശ്വാസിയും രചിക്കുന്ന സ്തവങ്ങൾ സങ്കീർത്തനത്തെ തൊട്ടുരുമ്മുന്നു. അതിന്റെ മർമ്മരം അവൻ മാത്രമേ കേൾക്കുന്നുള്ളൂ. നമുക്ക് ഇത്തരം സങ്കീർത്തനത്തിന്റെ പ്രചോദനശക്തിയിൽ വിലയിക്കാം.



www.malankaralibrary.com

എന്റെ സാഹിത്യ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശീർവാദവും നല്കാൻ സന്മനസ്സുകാണിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനും തിരുവനന്തപുരം മേജർ അതിരൂപതയുടെ ആർച്ചുബിഷപ്പുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയോട് എനിക്ക് പ്രത്യേക നന്ദിയും കടപ്പാടുമുണ്ട്. ഇത് ഗ്രന്ഥരൂപത്തിലാക്കാൻ ആവശ്യമായ ഉപദേശവും പ്രോത്സാഹനവും തന്ന് സഹായിച്ച സഹോദരതുല്യനായ പ്രശസ്ത സാഹിത്യകാരൻ ഡോ. ജോർജ് ഓണക്കൂറിനെ കൃതജ്ഞതയോടെ സ്മരിക്കുന്നു.

ഈ ഗ്രന്ഥം ഭംഗിയായി മുദ്രണം ചെയ്തുതന്ന തിരുവനന്തപുരം സെയ്ന്റ് ജോസഫ്സ് പ്രസ്സ് അധികൃതർക്ക് ഹൃദയംഗമമായ നന്ദി.

മാതാ സീനിയർ സെക്കണ്ടറി സ്കൂൾ
തുമ്പോളി, ആലപ്പുഴ

**എസ്. കാക്കനാട്ട്**



www.malankaralibrary.com

# അവതാരിക

യാത്രകൾ തേടുന്നത് പുതിയ അറിവുകളാണ്, അനുഭവങ്ങളാണ്. അപരിചിതഭൂമികളിൽ സഞ്ചരിക്കുമ്പോൾ കാഴ്ചയുടെ പുതുമകളാവും ആകർഷണം. സ്വസ്ഥലികളിലെ സൂക്ഷ്മഗമനങ്ങൾ കാഴ്ചപ്പുറങ്ങൾക്കുമപ്പുറം മനസ്സ് കേന്ദ്രീകരിക്കും; ആന്തരാർത്ഥങ്ങൾ തിരയും. നിത്യഭാസുരമായ ചിന്താരത്നങ്ങൾ കണ്ടെടുക്കുകയും ചെയ്യും.

ദൈവശാസ്ത്രം ഗ്രഹിച്ച കവിയും ദാർശനികനുമായ എസ്. കാക്കനാട്ട് ഇവിടെ ഒരസാധാരണ യാത്രയിലാണ്. വേദപുസ്തകത്തിലെ കാവ്യസരിത്തിലാണ് അദ്ദേഹം നീന്തിത്തുടിക്കുന്നത്; ദാവീദിന്റെ സങ്കീർത്തനങ്ങളിൽ. അനേകം ഭാവതലങ്ങളുള്ള സങ്കീർത്തനങ്ങൾ ഭാവനയുടെ അത്യുജ്വല പ്രകാശനമാണ്. കവിയും ഗായകനും കാമുകനുമായ ദാവീദുരാജാവിന്റെ ഹൃദയാകാശത്തിൽ നിറയുന്ന ദേവസ്തുതികൾ; കൃതജ്ഞതാസ്തോത്രങ്ങൾ; അനുതാപ കീർത്തനങ്ങൾ. ആ കാവ്യഗംഗയിലൂടെ യാത്രചെയ്യുമ്പോൾ നവ്യമായ ദൈവാനുഗ്രഹം സ്വന്തമാകുന്നു; നിത്യജീവന്റെ തുറമുഖമായ ക്രിസ്തുവിൽ അതിന്റെ സാഫല്യം സംഭവിക്കുന്നു.

മനുഷ്യാത്മാവ് കടന്നുപോകുന്ന പരീക്ഷണഘട്ടങ്ങളിൽ ഉൾക്കൊള്ളുന്ന ഭീതിയും നിരാശയും വിലാപവും ദൈവാശ്രയവും നന്ദിയർപ്പണവും ഒക്കെച്ചേർന്നു സൃഷ്ടിക്കുന്ന സങ്കീർണ്ണവും അതേസമയം, അപൂർവ്വസുന്ദരവുമായ അന്തരീക്ഷമാണ് സങ്കീർത്തനങ്ങളിൽ പ്രത്യക്ഷമാകുന്നത്. ദാവീദിന്റെ പൂർണ്ണതയാർന്ന ജീവിതസമരത്തിൽ അനുഭവപ്പെട്ട സ്വീകാരങ്ങൾ; തിരസ്കാരങ്ങൾ; അനുഗ്രഹങ്ങൾ, വിധിശാപങ്ങൾ; എല്ലാറ്റിലും ഉപരി തെരഞ്ഞെടുക്കപ്പെട്ടവനെ തീർത്തും തള്ളിക്കളയാത്ത ദൈവകൃപയുടെ രക്ഷാവഴികൾ.

എല്ലാ പ്രതിസന്ധികളെയും അതിജീവിക്കാൻ ശക്തിപകരുന്ന ഈശ്വരചൈതന്യത്തിന്റെ സവിശേഷ പ്രഭാവമാണ് സങ്കീർത്തനങ്ങളെ വായനയുടെയും ധ്യാനത്തിന്റെയും അപൂർവ്വാനുഭവമാക്കിത്തീർക്കുന്നത്. മനുഷ്യകുലത്തിൽ ആരും ദാവീദിനെപ്പോലെ പരീക്ഷണ



www.malankaralibrary.com

വിധേയനാകുന്നില്ല; രക്ഷിക്കപ്പെടുന്നുമില്ല. അവന്റെ ഗോത്രത്തിൽ യഥാർത്ഥ രക്ഷകന്റെ പിറവി സംഭവിക്കുകയും ചെയ്യുന്നു.

സങ്കീർത്തനങ്ങളുടെ ഭൂമിക കണ്ടെത്തുകയും ഭാഷയുടെ ലാവണ്യം വെളിപ്പെടുത്തുകയും അർത്ഥാന്തരങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്ന എസ്. കാക്കനാട്ടിന്റെ 'മനസ്സ് ഒരു സങ്കീർത്തനം' വേദ പഠനങ്ങളിൽ സുപ്രധാനമാണ്. ദാവീദിന്റെ കീർത്തനങ്ങളെ ആഴത്തിൽ അഭ്യസിക്കാനും അവതരിപ്പിക്കാനുമുള്ള ശ്രമം മലയാളത്തിൽ ഇതാദ്യ മാണെന്നു പറയാം. ഈ ഗ്രന്ഥത്തെ ശ്രദ്ധേയമാക്കുന്നതും അതു തന്നെയാണ്.

എസ്. കാക്കനാട്ട് കവിയാണ്. അദ്ദേഹത്തിന്റെ 'ഉൾക്കാഴ്ച' എന്ന കാവ്യഗ്രന്ഥം സഹൃദയപ്രീതിയാർജ്ജിച്ചതാണ്. വികാരങ്ങളുടെ കായൽപ്പരപ്പിലല്ല, തത്ത്വചിന്തയുടെ ആഴക്കയങ്ങളിലാണ് കവി എത്തിപ്പെടുന്നത് എന്ന് എഴുതിയത് ഓർക്കുന്നു. പുതിയ ചിന്താ രത്നങ്ങളാണ് 'ഉൾക്കാഴ്ച' കണ്ടെടുത്തത്. സങ്കീർത്തനങ്ങളുടെ അവസ്ഥയും വ്യത്യസ്തമല്ല. ആ കാവ്യമാധുരിക്കുള്ളിൽ ജ്വലിക്കുന്ന നിത്യചൈതന്യത്തിന്റെ നക്ഷത്രഭംഗികൾ കവിയായ എസ്. കാക്കനാട്ട് അടയാളപ്പെടുത്തുന്നത് എന്നെ അദ്ഭുതപ്പെടുത്തുന്നില്ല. പ്രതിഭാ ശാലിയായ ഗ്രന്ഥകാരനെ അഭിനന്ദിക്കാൻ ലഭിക്കുന്ന ഈ അവസരവും അവതാരികാകാരനായ എന്നെ ആഹ്ലാദിപ്പിക്കുന്നു; ഹൃദയപൂർവ്വം ഞാൻ ആശംസകൾ നേരുന്നു.

**- ഡോ. ജോർജ് ഓണക്കൂർ**

'സുദർശന'
നാലാഞ്ചിറ
തിരുവനന്തപുരം 695 015



www.malankaralibrary.com

## ഒരു സത്യാന്വേഷിയുടെ ഹൃദയരേഖകൾ

വിശുദ്ധ വേദപുസ്തകം വെളിച്ചത്തിന്റെ വഴികാട്ടിയാണ്. ആ വെളിച്ചം മനുഷ്യരാശിയുടെ ഉൾക്കണ്ണു തുറപ്പിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ മഹത്വം അറിയുവാനും ആ അറിവിന്റെ വെളിച്ചത്തിൽ സ്നേഹത്തിന്റെയും സഹനത്തിന്റെയും പാതകൾ തെളിച്ചെടുക്കുവാനുമാകുമ്പോഴാണ് ജീവിതത്തിന് അർത്ഥവും ലക്ഷ്യവുമുണ്ടാകുന്നത്, അതിനേറ്റവും സഹായകമാവുന്ന ഒരനർഘ ഗ്രന്ഥമാണ് ബൈബിൾ. വായിക്കുന്തോറും അന്തക്കരണം ശുദ്ധമാവുകയും ശുദ്ധിയിൽ നിന്ന് സമചിത്തതയോടെ കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാനുള്ള ഉൾക്കരുത്താർജിക്കുവാൻ സാധിക്കുകയും ചെയ്യുന്നു. എല്ലാം ദൈവകാരുണ്യംകൊണ്ടാണെന്നുള്ള വിശ്വാസം ഉണ്ടാകുമ്പോഴേ മനസ്സ് ഒരു സങ്കീർത്തനമാണെന്നു പറയാനാവൂ.

പ്രപഞ്ചമായ പ്രപഞ്ചം മുഴുവൻ സൃഷ്ടിച്ചു സംരക്ഷിച്ചു പരിപാലിച്ചുപോരുന്ന ജഗദീശ്വരനെയല്ലാതെ മറ്റാരെയാണ് ഇവിടെ കീർത്തിക്കുവാനുള്ളത്. ആ കീർത്തനങ്ങളാണ് സർവ്വചരാചരങ്ങളും ഇവിടെ ആലപിച്ചുകൊണ്ടിരിക്കുന്നത്. അണുവായൊരണുവായ പരമാണു തന്നിലും സ്ഫുരണമായി മിന്നുന്ന ഈശ്വര ചൈതന്യത്തെ അനുഭവിച്ചറിയുവാൻ സുകൃതികൾക്കേ കഴിയൂ. ആ സുകൃതം ആത്മസമർപ്പിതമായ കർമ്മങ്ങളിലൂടെയേ നേടിയെടുക്കുവാനാവൂ. അങ്ങനെയൊരു സുകൃതത്തിനു പാത്രമായ സത്യാന്വേഷിയുടെ ഹൃദയരേഖകൾ പകർത്തിയിട്ടുള്ള ഗ്രന്ഥമാണ് പ്രദേശവാസികളായ ഞങ്ങൾ കാക്കനാട്ടച്ചൻ എന്ന് ആദരപൂർവ്വം വിളിക്കുന്ന എസ്. കാക്കനാട്ടിന്റെ 'മനസ്സ് ഒരു സങ്കീർത്തനം'.

സങ്കീർത്തനത്തിന്റെ ആദ്ധ്യാത്മികത അംഗീകരിക്കുന്ന ഒരു വിശ്വാസി രാജർഷി ദാവീദിന്റെ സങ്കീർത്തനങ്ങളിൽ കൂടി നടത്തിയ തീർത്ഥയാത്രയാണ് ഈ ലഘുഗ്രന്ഥമെന്ന് ഗ്രന്ഥകാരൻ ആമുഖത്തിൽ പ്രസ്താവിക്കുന്നു. നമുക്ക് ഇത്തരം സങ്കീർത്തനത്തിന്റെ പ്രചോദന ശക്തിയിൽ വിലയിക്കാം. ഒന്നുകൂടി അദ്ദേഹമറിയിക്കുമ്പോൾ പ്രാർത്ഥ



www.malankaralibrary.com

നാനിരതമായ അ മനസ്സിന്റെ വെൺമയും വിശുദ്ധിയും നമുക്കു നേർക്കു നേർ കാണാനാവുന്നു. ഇതെല്ലാം അത്യപൂർവ്വങ്ങളായ അനുഭവങ്ങളാകുന്നു. ആ അനുഭവം സമ്മാനിക്കുന്ന കാക്കനാട്ടിനെ അഭിനന്ദിച്ചുകൊണ്ടല്ലാതെ ഈ ഗ്രന്ഥത്തെക്കുറിച്ച് ഒരു വാക്കുപോലും പറയുവാനാവുന്നില്ല.

ഇസ്രായേൽ രാജാക്കന്മാരിൽ അഗ്രേസരനായിരുന്നു ദാവീദ്. ഒരാട്ടിടയനായിരുന്ന അദ്ദേഹം ഇത്ര കീർത്തനീയനായത് സർവ്വേശ്വനിലുള്ള സമർപ്പിത വിശ്വാസം കൊണ്ടാണ്. ആ വിശ്വാസത്തികവിൽ തെളിഞ്ഞ ആത്മബോധത്തിൽ നിന്ന് ഈശ്വരന്റെ മഹത്വങ്ങൾ പ്രകീർത്തിക്കുവാൻ കഴിഞ്ഞപ്പോൾ ആ കീർത്തനങ്ങൾ സർവ്വാതിശായിയായ ഭക്തിസ്തോത്രങ്ങളായിത്തീർന്നുവെന്നു തന്നെ പറയാം. മധുരമനോഹരങ്ങളായ സങ്കീർത്തനങ്ങളാൽ മനുഷ്യമനസ്സുകളിൽ ഭക്തിയും വിശ്വാസവും നിറച്ചു കോരിത്തരിപ്പിക്കുവാൻ പാശ്ചാത്യമെന്നല്ല ലോകസാഹിത്യ ചരിത്രത്തിൽപോലും അധികം പേർക്കു കഴിഞ്ഞിട്ടില്ല. പ്രശസ്തനായ സങ്കീർത്തനകാരൻ ഫ്രാൻസിസ് അസ്സീസിക്കുപോലും ദാവീദിന്റെ സങ്കീർത്തനങ്ങളോടു കിടപിടിക്കുന്ന ഒരു സങ്കീർത്തനം എഴുതുവാനായിട്ടില്ല. ഇവിടെ മഹാഭാരതവും ഭാഗവതവും രാമായണവുമൊക്കെ ഭക്തിസാഹിത്യത്തിന്റെ ബലിഷ്ഠമായ അടിത്തറയുറപ്പിച്ച കൃതികളാണെന്നതു വിസ്മരിക്കുന്നില്ല. ഇവയെല്ലാം ഭക്തിയിലൂടെ മാത്രമേ ഹൃദയശുദ്ധി നേടാനാവുകയുള്ളൂ എന്നു ലോകത്തെ പഠിപ്പിച്ചിട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങളാണ്. ശുദ്ധമായ ഹൃദയത്തിൽ നിന്നേ ശുദ്ധമായ വാക്കുകളുണ്ടാവുകയുള്ളൂ. ശുദ്ധമായ വാക്കാണ് സംശുദ്ധമായ കർമ്മങ്ങളിലേക്കു നയിക്കുന്നത്. അങ്ങനെയുള്ള നല്ല കർമ്മങ്ങൾ ചെയ്യുവാനും നല്ല ഒരു സമൂഹത്തെയും ലോകത്തെയും സൃഷ്ടിക്കുവാനും ഭക്തി ഒരുജ്ജീവനൗഷധമാണ്. 'ഭക്തിയാകുന്നത് ജ്ഞാനമാതാവെന്നറികെടോ' എന്നുവരെ തുഞ്ചത്തെഴുത്തച്ഛൻ പാടിയിട്ടുള്ളതും ഈ സന്ദർഭത്തിൽ ഓർമ്മിക്കാം. എല്ലാ അറിവുകളും വെളിപ്പെടുന്ന ആത്മബോധമുണർത്തുവാൻ ഭക്തിയിലൂടെയേയാവുകയുള്ളു എന്നാണ് ഇതെല്ലാം ബോധ്യപ്പെടുത്തുന്നത്.

ദാവീദിന്റെ മനസ്സുതന്നെ ഒരു സങ്കീർത്തനമായിരുന്നു എന്നു പറയുമ്പോൾ അങ്ങനെയൊരു സങ്കീർത്തന മനസ്സാണ് നമുക്കു വേണ്ട



www.malankaralibrary.com

തെന്ന ആഗ്രഹത്തിന്റെയോ പ്രാർത്ഥനയുടെയൊ സ്വരശ്രുതികളാണ് കാതുകളിൽ വന്നലയ്ക്കുന്നത്. ഈ വിഷയം കാവ്യാത്മകമായി അവതരിപ്പിക്കുന്നത് ഒരു സംശയ ചരിത്രത്തിന്റെ ഇഴകളടർത്തിക്കൊണ്ടാണ്. കവിയായ ഗ്രന്ഥകാരന്റെ കഥാഖ്യാനത്തിൽ തുളുമ്പി നിൽക്കുന്നത് ഹൃദയപരതയാണ്. പ്രസാദാത്മകവും മധുരവുമായ ശൈലിയിൽ സംഭാവനകൾ അടുക്കിയൊതുക്കി എന്നാൽ നാടകീയമായി ഇതിൽ പ്രതിപാദിച്ചുപോവുന്നു.

ദാവീദിന്റെ ദൗർബലൃങ്ങളും വീഴ്ചകളും ബോധ്യപ്പെടുത്തി നാഥാന്റെ രംഗപ്രവേശങ്ങളും അറിയിപ്പുകളും തെറ്റു ചെയ്തതിന് ദൈവത്തിന്റെ ശിക്ഷ മുൻകൂട്ടി അറിയിക്കുന്ന കല്പനകളും എല്ലാം വികാരസാന്ദ്രമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നു. എങ്കിലും ദൈവാനുഗ്രഹങ്ങളുടെ അവാച്യമായ അനുഭൂതിയിൽ പശ്ചാത്താപാർദ്രനായി വീണ്ടും ദാവീദ് കീർത്തനങ്ങൾ പാടുന്നു. 'അവിടുത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും' എന്ന വിശ്വാസവും പ്രത്യാശയും സ്നേഹവും ദാവീദിന്റെ സങ്കീർത്തനങ്ങൾ സമാനതകളില്ലാത്ത ദൈവഭക്തിയുടെ തിരുവചനങ്ങളാക്കിത്തീർക്കുന്നു. തന്റെ കരങ്ങൾക്ക് എന്നും ശക്തിപകർന്നിട്ടുള്ളത് സ്വർഗ്ഗസ്ഥനായ പിതാവാണെന്ന തിരിച്ചറിവ് ദാവീദിനെ വിനയാന്വിതനാക്കുന്നു. നീ എത്ര മാത്രം ഉന്നതനാകുന്നുവോ അത്രമാത്രം വിനീതനായിരിക്കുക. വിനയം ഉള്ളവർക്കുമാത്രമേ ദൈവത്തെ മഹത്വീകരിക്കാനാവൂ. ദാവീദിന്റെ ജീവിതത്തിലെ സകല വിജയങ്ങളുടെയും അടിസ്ഥാനം ഇതിലടങ്ങിയിരിക്കുന്നു. ഈ സന്ദേശം ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്ക്കലിലൂടെ സത്യമായിത്തീരുന്ന കഥ ഒരു ഭാവകാവ്യത്തിന്റെ ആസ്വാദ്യതയോടെ കാക്കനാട് അവതരിപ്പിച്ചിരിക്കുന്നു. പ്രസിദ്ധ ആംഗലേയകവിയായ വില്യം ബട്‌ലർ യേറ്റ്സിന്റെ 'ദ് സെക്കന്റ് കമിംഗ്' എന്ന വിഖ്യാതമായ കവിത ഈ ഗ്രന്ഥം വായിച്ചു തീർന്നപ്പോൾ ഓർമ്മിച്ചുപോയി. ഇന്നത്തെ പ്രശ്ന സങ്കീർണ്ണമായ കാലഘട്ടത്തിൽ ശാന്തിയുടെ ദൈവദൂതനായി അവൻ വീണ്ടും വരേണ്ടിയിരിക്കുന്നു. അവൻ വരിക തന്നെ ചെയ്യും എന്ന ഉറച്ചവിശ്വാസം; അത് ദൈവത്തിലുള്ള അടിപതറാത്ത വിശ്വാസം തന്നെ. ആ വിശ്വാസത്തിന്റെ സ്വരസാധകമുണർത്തുന്ന കാക്കനാട്ട് ദാവീദിന്റെ കീർത്തനങ്ങളിലൂടെ നടത്തിയ


www.malankaralibrary.com

യാത്ര എത്രമേൽ സാർത്ഥകമായിട്ടുണ്ട് എന്ന് നമുക്ക് മനസ്സുനിറയെബോധ്യമാവുന്നു എന്നുമാത്രം ഇതേപ്പറ്റി ഒതുക്കിപറയട്ടെ.

ആലപ്പുഴ എം. എസ്. കമ്മ്യൂണിക്കേഷൻസ് പ്രകാശിപ്പിച്ച ഈ ഗ്രന്ഥത്തിന് ഡോ. ജോർജ് ഓണക്കൂർ എഴുതിയിട്ടുള്ള അവതാരിക ആരാധ്യദേവതയ്ക്കർപ്പിക്കുന്ന പുഷ്പാർച്ചനപോലെ ഹൃദ്യമായിട്ടുണ്ട്. എല്ലാം ഒരു സുകൃതവിചാരം എന്നോർക്കുമ്പോൾ അതിനും സർവ്വശക്തനായ തമ്പുരാനോടു നന്ദിപറയുക.

**- ഡോ. അമ്പലപ്പുഴ ഗോപകുമാർ**



www.malankaralibrary.com

# ഒന്ന്

ദാവീദ് ഒറ്റച്ചരടുള്ള കിന്നരമെടുത്തു. ചരടിന്റെ മുറുക്കം മൃദുവായി പരീക്ഷിച്ചു. അറാമായ രാഗങ്ങളിൽ അവഗാഹമില്ലെങ്കിലും ഇടയച്ചെറുക്കന്മാർ വായ്തോരാതെ പാടിനടക്കുന്ന നാടോടിഗാനങ്ങൾ ഒട്ടുമിക്കവയും ഹൃദിസ്ഥമാണ്.

ആടുകളോടൊപ്പം അലഞ്ഞുനടന്ന് ജീവിതവൃത്തി തേടുന്നത് അക്കാലത്തെ പതിവായിരുന്നു. ആടുകളെ മേയ്ക്കാൻ ഒരു കൂലിക്കാരനെ വയ്ക്കാൻ കഴിവുള്ളവരുണ്ടായിരുന്നു. ചെറുതരം ഉടമകൾ പലരുകൂടി ഒരു ബാലന്റെ സേവനം സ്വീകരിച്ച് വേതനം കൊടുക്കുന്ന രീതിയുമുണ്ടായിരുന്നു.

യഹോവ എന്റെ ഇടയനാകുന്നു. ആടിന്റെ ഗന്ധവും മണ്ണിന്റെ മണവുമുള്ള ഹൃദയതൈലം. ആഴമുള്ള ദൈവാനുഭവം.

അക്ഷരം പഠിച്ചു; ഇരുപത്തിരണ്ട് അക്ഷരങ്ങൾ മാത്രമുള്ള ഹെബ്രായ ഭാഷയിൽ. 'മോശയും പ്രവാചകന്മാരും' വായിക്കുക അന്നൊരു യഥാർത്ഥ ഇസ്രായേൽക്കാരന്റെ കടമയായിരുന്നു പ്രാഥമിക വിദ്യാഭ്യാസവും ജീവിതത്തിന്റെ കർമ്മകാണ്ഡവും വീട്ടിൽമാത്രം അഭ്യസിക്കുക. വലിയ ലോകത്തെക്കുറിച്ചു പലർക്കും സ്വപ്നങ്ങൾ പോലും കാണാനാവില്ലായിരുന്നു.

അനീതിയും പാപവും ഒരുവശത്ത്. കർത്താവിന്റെ പ്രമാണം ഹൃദയത്തിന്റെ അറയിൽ. പത്തു കൽപനകൾ വീട്ടിൽ ഉരുവിടണം.



www.malankaralibrary.com

ദൈവം സർവ്വജാതികളുടെയും സ്രഷ്ടാവാണെങ്കിലും ഇസ്രായേലിന്റെ ദൈവമാണ്. ദൈവം അസൂയാലുവാകുന്നു. മറ്റുദൈവങ്ങൾ പാടില്ല. ഇസ്രായേലിനു യഹോവ തങ്ങളുടെ സ്വന്തം. മറ്റാരും ഇടപെടേണ്ട. ഒരു തരം സ്വാർത്ഥതയെന്നുമാത്രം.



ഇടയച്ചെക്കന്റെ ജോലി സൂര്യൻ ചക്രവാളത്തിൽ താഴുന്നതോടെ അവസാനിക്കുന്നില്ല. പച്ചയായ പുൽപ്പുറങ്ങളിൽ മേയുന്ന ആടുകളെ ഉണർന്നിരുന്ന് ഇരപിടിയന്മാരിൽ നിന്നും രക്ഷിക്കണം. ആടുകളെ തെളിക്കുന്ന വടിയും ചെന്നായെ നേരിടുന്ന ദണ്ഡും കരുതണം. ജീവൻ പണയപ്പെടുത്തുന്ന പണി.

“കർത്താവിന്റെ പ്രമാണങ്ങൾ ഇരവും പകലും പ്രസാദം തോന്നി ഹൃദയത്തിൽ മനനംചെയ്യുന്നവൻ ഭാഗ്യവാനും അനുഗൃഹീതനുമാകുന്നു. മരുഭൂമിയിലെ നീർച്ചാലിന്നരികെ നഷ്ടപ്പെട്ട വൃക്ഷം പോലെ വളർന്ന് അവൻ ആകാശത്തിൽ മുട്ടുന്നു.”



www.malankaralibrary.com

ഈ വൃക്ഷം തണൽവൃക്ഷമോ ഫലവൃക്ഷമോ ആകാം. വെള്ളത്തിലെത്തി നിൽക്കുന്ന പറ്റുവേരുകൾ തണലും ഫലവും നൽകി മനുഷ്യനും പക്ഷിമൃഗാദികൾക്കും അനുഗ്രഹകാരണമാകുന്നു. മരുഭൂമിയിലെ ശാദ്വല പ്രദേശം.

കർത്താവിന്റെ പ്രമാണം കാക്കാത്തവരെ ദുഷ്ടന്മാർ എന്നുവിശേഷിപ്പിക്കുന്ന കാലമായിരുന്നു. അവരാകട്ടെ കാറ്റു പറപ്പിക്കുന്ന മരുഭൂമിയിലെ പൊടിപോലെ നിഷ്ഫലരും പരോപദ്രവികളുമാകുന്നു. പൊടിക്കാറ്റിൽ ശിരോവസ്ത്രംകൊണ്ടു മുഖം മറയ്ക്കാത്തവന്റെ കാഴ്ചശക്തി വേഗം നശിക്കുന്നു.

ദാവീദിന്റെ സ്മരണയിലും നിരീക്ഷണത്തിലും ദുഷ്ടന്മാർ ഇഹത്തിൽത്തന്നെ കുറ്റകൃത്യങ്ങൾക്കു ന്യായവിധി നേരിടേണ്ടിവരുന്നു. അന്നും ന്യായാധിപന്മാർ ഉണ്ടായിരുന്നു. ഒപ്പം വാദിയും പ്രതിയും സാക്ഷിയുമൊക്കെ. വർഗീയത എന്നതിലുപരി ഏകദൈവവിശ്വാസിയോ ബഹുദൈവ വിശ്വാസിയോ എന്നു മാറ്റുരയ്ക്കുകയായിരുന്നു 'ജാതിയും' 'പുറംജാതിയും'.

ലോകം ദൈവത്തിൽനിന്ന് എത്രയകലെ! ദാവീദ് ഓർത്തു. ഇടയച്ചെറുക്കൻ രാജസന്നിധിയിൽ വിളിക്കപ്പെട്ടതുമുതൽ നേരിടേണ്ടിവന്ന പ്രശ്നങ്ങൾ ഏറെ ഗുരുതരമായി. അധികാരം ദുഷിപ്പിക്കുക മാത്രമല്ല ശത്രുക്കളെയും വർദ്ധിപ്പിക്കും. 'പുറജാതികൾ കലഹിക്കുന്നു. സ്വജനം വ്യർത്ഥവിചാരം കൊണ്ടുമൂടപ്പെടുന്നു'. സ്വൈര്യം കെടുത്തുന്ന അവസ്ഥ.





www.malankaralibrary.com

തന്നെ കൊട്ടാരത്തിലേക്കു വിളിച്ചത് മേഷപാലകനായിരിക്കുമ്പോഴായിരുന്നു. ഇന്നു രാജാവും അന്തേവാസികളും തമ്മിൽ മത്സരം. അഭിഷേക കർമ്മം ദൈവേഷ്ടമായി ദാവീദ് കണ്ടു.

ദൈവത്തിന്റെ കരങ്ങൾ മനുഷ്യജീവിതത്തെ എങ്ങനെ കരുപ്പിടിപ്പിക്കുന്നു! കാട്ടുകമ്പിന്റെ സ്ഥാനത്തു ചെങ്കോൽ. തല മുണ്ടിനു പകരം കിരീടം. പക്ഷേ അതിനുമുമ്പ് തീ തിന്നുന്ന അനുഭവങ്ങൾ.

ദാവീദിന്റെ പ്രധാന കടമ ഭരണീയരെ കർത്താവിന്റെ അനുകൂലികളാക്കുക. നിന്ദവാക്കും ശാപവും അവരുടെ അധരങ്ങളിൽ ഉണ്ടായിക്കൂടാ. ദൈവത്തെ പരിഹസിക്കുന്നവനെ സ്വർഗത്തിൽ ഇരിക്കുന്ന ദൈവവും പരിഹാസ്യനാക്കുന്നു. "സ്വർഗത്തിൽ ഇരിക്കുന്നവൻ ചിരിക്കും. കർത്താവ് അവരെ പരിഹസിക്കും".

മാനുഷികഭാഷ ഉപയോഗിച്ചേ പ്രവാചകനുപോലും ദൈവത്തെയും ദൈവികമൂല്യങ്ങളെയും ബോധ്യപ്പെടുത്താനാകൂ. ദൈവത്തിനും വികാരങ്ങളുണ്ടോ?. "തന്റെ ക്രോധത്താൽ അവരെ (പരിഹാസികളെ, അഭിഷിക്തനെതിരാകുന്നവരെ) പരിഭ്രമിപ്പിക്കും. ദാവീദു ഗാനത്തിന്റെ വരികൾ ഒന്നുകൂടി മൂളിനോക്കി. തന്റെ കിന്നരം കൂടി ചേർത്തു വെച്ചാലേ ചില സമയം സങ്കീർത്തനം കൊഴുപ്പിക്കാമോ എന്ന് അതിൽ വിരലോടിച്ചു നോക്കാനാവൂ.

ഉടമ്പടിയെക്കുറിച്ച് ഇസ്രായേലിന്റെ പ്രവാചകനും രാജാവുമായ ദാവീദിനും നല്ല അറിവുണ്ട്. ഉടമ്പടി ദൈവം ഏകപക്ഷീയമായി ചെയ്യുന്നു. അതാണീ ഉടമ്പടിയുടെ മഹത്ത്വം.



www.malankaralibrary.com

# രണ്ട്

സൃഷ്ടിയുടെ ആദ്യദിനം പോലും പ്രവാചകനടുത്തു നിൽക്കുന്ന അനുഭവമായിരുന്നു. മനുഷ്യസ്വഭാവത്തിന്റെ വളർച്ചയിൽ മുള്ളും പറക്കാരയും തഴയ്ക്കുമ്പോൾ അവ വെട്ടി തീയിലിടുക. രാജാവിന്റെ ദുഷ്കരമായ ജോലി. "എന്റെ വിശുദ്ധ പർവ്വതമായ സെഹിയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചു." അങ്ങനെ ഒരു പുതിയ ഉടമ്പടി ഉണ്ടായി. അഭിഷേകമഹാമഹവും.

ഏദനിലെ ഉടമ്പടിയുടെ യാഥാർഥ്യവൽക്കരണം പ്രവാചകദൃഷ്ടിയിൽ വീണ്ടും മിന്നിത്തെളിഞ്ഞു: "നീ എന്റെ പുത്രൻ എന്നും ഞാൻ ഇന്ന് നിന്നെ ജനിപ്പിച്ചു എന്നും." ഈ ദൈവവും വാഗ്ദാനവുമാണ് തന്റെ മൗതീകത.

രാജധാനിയിലും ദാവീദിന് ആടിന്റെ വിളികേൾക്കാം. പച്ചപ്പുല്ലു കരിയുമ്പോൾ ജോർദ്ദാനിൽ വെള്ളം വറ്റുന്ന കാലങ്ങളിൽ. ഹെർമോൻ മലയിൽ ഹിമപാതം കുറയുമ്പോൾ വേനൽക്കാലത്തു ജലക്ഷാമം തീർച്ച. മഞ്ഞുരുകി അരുവികൾ ചേർന്നൊഴുകി നദിയെ പുഷ്ടിപ്പെടുത്തണം.

കൊട്ടാരം അത്ര വലുതല്ലെങ്കിലും അഭിഷിക്തന്റെ പ്രാധാന്യം നിഴലിക്കണം; ആ സ്ഥാനത്തിന്റെ മാന്യതയും. എങ്കിലേ പ്രജകൾക്കും ബഹുമാനിക്കാൻ എളുപ്പമാകൂ. ഈ ബഹുമാനം ദൈവത്തിങ്കലേക്കു തിരിച്ചു വിടണം.

കോട്ടകളേക്കാൾ മനക്കോട്ടകൾ ഏറി. കവിയുടെ ഇളന്തോടുള്ള ഹൃദയം, ലോലത, കാല്പനികത.



www.malankaralibrary.com

ആർഭാടം ഒട്ടും അധികപ്പറ്റാകാത്ത രീതിയിൽ. എന്നാലും ഇസ്രാ യേലിന്റെ മതകേന്ദ്രങ്ങളെ സജീവമാക്കുന്നതിൽ പിശുക്കില്ലാതെ ദാവീദു ഭരണം നയിച്ചു.

ദൈവം ദാവീദിനെ സംബന്ധിച്ചിടത്തോളം "നീ" ആണ്. അവ നല്ല. "ഞാനും നീയും" മുഖാമുഖം കണ്ടു സംസാരിക്കും പോലെ. ഹൃദയബന്ധം ദിവസേന ആഴമാകുന്നു. ലോലമാനസനായ ദാവീദിനു അത്യാവശ്യഘട്ടങ്ങളിൽ സ്വയം രക്ഷയ്ക്കോ ഭരണീയരുടെ രക്ഷയ്ക്കോ ചില പൊടിക്കൈകൾ ചെയ്യാൻ തടസ്സമില്ല. എങ്കിലും ഒന്നും അതിർവരമ്പുവിടരുതെന്ന ചിട്ട ഒരു ദശകത്തിലേറെ ഭരണ ത്തിന്റെ മുഖമുദ്രയായിരുന്നു.

ഗോലിയാത്ത്, അയൽ രാജ്യത്തുനിന്നു വന്ന ഭീമസേനൻ. ഭീമ നേക്കാൾ ഭീമൻ. ഒരു ദ്വന്ദ്വയുദ്ധത്തിലൂടെ ഇസ്രായേലും "സീയോനും" പിടിച്ചെടുക്കുകയാണ് ലക്ഷ്യം. വെല്ലുവിളി ഉയർന്നു. വടക്കുമുതൽ തെക്കുവരെയും കിഴക്കുമുതൽ പടിഞ്ഞാറുഭാഗം വരെയും അവൻ ചിന്നം വിളിച്ചു. യഹൂദർ ജാത്യാ ബുദ്ധിമാന്മാരായിരുന്നെങ്കിലും കയ്യാ ങ്കാളികൾക്കു ഫെലിസ്ത്യർ കൂടുതൽ വിദഗ്ദ്ധരായിരുന്നു. കായികാ ഭ്യാസികളെ രൂപപ്പെടുത്താൻ ഖജനാവും വ്യയം ചെയ്തുപോന്നു. ഗോലിയാത്തിന്റെ പൊക്കം ആറുമുതൽ എട്ടടിവരെ എന്നായിരുന്നു സാമാന്യ ജനം പറഞ്ഞിരുന്നത്. ഒത്ത ശരീരം. സൗന്ദര്യവും ബലവും ഒത്തിണങ്ങിയ പുരുഷൻ.

ഇസ്രായേലിനും ഇസ്രായേലിന്റെ ദൈവമായ യഹോവയ്ക്കും വെല്ലുവിളി ഉയർത്തിയ ഗോലിയാത്തിനെ നേരിടാൻ ഒരിടയബാലൻ സന്നദ്ധനായി. അവൻ ധീരതയിൽ പിന്നോക്കമല്ലായിരുന്നു. ഇടയച്ചെ റുക്കൻ ഗോലിയാത്തിനെ നേരിട്ടുകൊണ്ട് മരണം വരിക്കുന്നതുകാ ണാൻ ജനാവലിയുടെ തിക്കും തിരക്കും. പിമ്പോട്ടു മടക്കിയിട്ട ഉത്ത രീയം തോളിൽ സഞ്ചിപോലെ കാണപ്പെട്ടു.

ഗോലിയാത്ത് ഒരു വട്ടംകൂടി അഭ്യാസമുറകൾ ഓർമിച്ചുനിന്നു. സ്വല്പം പ്രകടനങ്ങൾ കാഴ്ചവെച്ചു. തന്നെ നേരിടുന്ന എതിരാളി യുടെ ആകാരം മനസ്സിൽ വരുത്താൻ ശ്രമിക്കവെ യൗവനം മുറ്റാത്ത ഒരു ചെറുപ്പക്കാരൻ ഗോദയിലിറങ്ങുന്നു. ആ യുവാവ് ദാവീദായിരുന്നു.



www.malankaralibrary.com



"എന്റെ ദൈവമേ, യഹോവയാം ദൈവമേ, ഇസ്രായേലിനെയും നിന്റെ നാമത്തെയും അപകീർത്തിപ്പെടുത്തിയ ഗോലിയാത്തിനെ നേരിടാൻ ശക്തി തരേണമേ" എന്നവൻ മൗനമായി പ്രാർത്ഥിച്ചു. കല്ലും കവണയുമെന്ന മുറ ഊക്കിൽ പ്രയോഗിച്ചു. മൂന്നു കല്ലുകൾ. കൂടുതൽ ആയുധങ്ങളില്ലാതെ തന്നെ ഗോലിയാത്ത് നിലം പൊത്തി. കല്ലുകൾ മൂന്നായിരുന്നു. ഒരെണ്ണമെങ്കിലും നെറ്റിയിൽ തറയ്ക്കണം. മൂന്നും തറച്ചാൽ എല്ലാം ശുഭം. ദാവീദിന്റെ മനം കണ്ട യഹോവ ശക്തിപകർന്നു കൊണ്ട് മോക്ഷത്തിൽ നിന്നു തന്റെ ജനതയെ നോക്കുന്നുണ്ടായിരുന്നു.

ഈ ഏറ്റുമുട്ടലും അതിന്റെ സാമൂഹിക വശവും ദാവീദിനെ ജനഹൃദയങ്ങളിൽ ഹീറോ ആക്കി. ദാവീദ് ദൈവനടത്തിപ്പിൽ കൂടുതൽ ഉറച്ചുവിശ്വസിച്ചു. എല്ലാം യഹോവയെ ഭരമേൽപ്പിച്ചു. ഇടയച്ചെക്കന്മാർ കൂട്ടമായി വന്നു. അവർക്കറിയാവുന്ന സീയോൻ ഗാനങ്ങൾ ലോപമില്ലാതെ പാടി നൃത്തം ചെയ്തു. ദാവീദിന്റെ വിജയമാഘോഷിക്കാൻ ഒരുവൻ നാലഞ്ചു തോൽക്കുടം വീഞ്ഞൊഴുക്കി. ശരിയായ വിജയലഹരി.



www.malankaralibrary.com

സംഭവം നടന്നത് ബത്ലഹേമിനടുത്തുള്ള ഉയർന്ന മലയുടെ പടിഞ്ഞാറെ ചെരിവിലായിരുന്നെങ്കിലും വാർത്ത ജറുശലേമിലും ഫെലിസ്ത്യായിലും സമറിയായിലുമെല്ലാം പരന്നു. ദാവീദിന്റെ വിജയത്തിൽ ഒരിക്കൽകൂടി പുറജാതികൾ അസൂയപ്പെട്ടു. തങ്ങൾക്കു ചെയ്യാൻ കഴിയാത്ത ധീരകൃത്യം കണ്ട ഇസ്രായേൽക്കാരിൽ ചിലരും അസൂയപൂണ്ടു. അസൂയക്കാരുടെ വ്യാപനം ഇത്ര വലുതോ?



വാസ്തവത്തിൽ ദാവീദിന്റെ ഉയർച്ച അനിഷ്ടമായത് ആ വീരകൃത്യം കാരണമായിരുന്നു. രാജകൊട്ടാരത്തിലെ ഉപജാപങ്ങൾ ജീവൻ ഹോമിക്കേണ്ട ഗതികേടിൽ ദാവീദിനെ എത്തിച്ചു. രാജകൊട്ടാരത്തിൽ രാജകുടുംബത്തിലെ ചില അംഗങ്ങൾ സഹായിച്ചാണ് ഒരവസരത്തിൽ പലായനം ചെയ്യുവാൻ സാധിച്ചത്. അത്താഴവിരുന്നിൽ പങ്കെടുപ്പിച്ചു വധിക്കാൻ അങ്ങനെ സാധിക്കാതെ പോയി. ഒരു രാജാവല്ല, പിൻഗാമികളും ദാവീദിനെ വേട്ടയാടി.



www.malankaralibrary.com

മേഷപാലനത്തിന്റെ ഭാഗമായി ആട്ടിൻപറ്റത്തെ ആക്രമിക്കാൻ വന്ന സിംഹത്തെയും കരടിയെയും ഒറ്റയ്ക്കടിച്ചുകൊന്നു എന്ന വെളിപ്പെടുത്തൽ മുതൽ രാജസദസ്സിൽ മിക്കവരും ദാവീദിനെ വെറുക്കാൻ തുടങ്ങി. നമ്മേക്കാൾ ശക്തനോ? മനോവീര്യമുള്ളവനോ? കുരുക്ഷേത്ര യുദ്ധത്തിൽ കാണുന്ന മിക്ക യുദ്ധ തന്ത്രങ്ങളും അന്നുണ്ടായിരുന്നു. മനുഷ്യന് എന്നും എവിടെയും ഒരേ പ്രകൃതം. അധികാരത്തിലേറാൻ മനുഷ്യനെ കുരുതികൊടുക്കും. കസേരയുറപ്പിക്കുക- രാജഭരണത്തിലും ജനാധിപത്യത്തിലും ലക്ഷ്യം ഒന്നു തന്നെ. എതിരാളികളുടെ ഇനവും സംഖ്യയും വ്യത്യസ്തമാകാം. സ്ഥലകാല ഭേദമനുസരിച്ച് തന്ത്രങ്ങൾക്കും മാറ്റമുണ്ടാകാം.

ഫെലിസ്ത്യർക്ക് ഗ്രീക്കുകാരുമായി പേരിലും രക്തത്തിലും ചാർച്ചയുണ്ടാകാം. കച്ചവടബന്ധം അത്ര സുദൃഢമായിരുന്നു. ഗോലിയാത്തിന്റെ വാച്യാർത്ഥം കണ്ടുപിടിക്കാൻ ഗ്രീക്കുഭാഷയിലേക്കു തിരിഞ്ഞ് അഹലസ് എന്ന ഗ്രീക്കു നാമവുമായി ബന്ധപ്പെടുത്തിയിരുന്നു.

ശൗൽ രാജാവായിരുന്ന കാലഘട്ടത്തിൽ പലതവണ പിശാചുബാധയുണ്ടായി. കിന്നരം നന്നായി വാദനം ചെയ്യുന്ന ഒരുവനെ തിരക്കി ദൂതരെ അയച്ച് ഈശ്ശായിയുടെ പുത്രൻ ദാവീദിനെ രാജസദസ്സിൽ വിളിപ്പിച്ചു. അങ്ങനെ ദാവീദ് കൊട്ടാരത്തിൽ പ്രവേശനം നേടി. ഒറ്റച്ചരടിൽ നിന്ന് വളർന്നു വളരെയധികം കമ്പികളുള്ള കിന്നരം രാജാവു തയ്യാറാക്കിയിരുന്നു. കിന്നരം മീട്ടൽ കുറേ സമയം കേട്ടിരുന്നാൽ പിശാചുബാധ വിട്ടുപോവുകയും സൗഖ്യം ലഭിക്കുകയും ചെയ്യും. മാനസ്സികാസ്വസ്ഥതയ്ക്കെല്ലാം അക്കാലത്തു പിശാചുബാധ എന്നു പറയുമായിരുന്നു. സംഗീത ചികിത്സ അന്നേ നിലവിലുണ്ട്.



www.malankaralibrary.com

## മൂന്ന്

ഇശ്ശായിയുടെ പുത്രനും ഏഴ് ജ്യേഷ്ഠന്മാരുടെ കുഞ്ഞനുജനുമായിരുന്നു ദാവീദ്. ശൗൽ രാജാവിന്റെ പടയോട്ടത്തിൽ ഇശ്ശായിയും മൂത്ത മൂന്നു മക്കളും പങ്കെടുത്തു. അവരും യുദ്ധവീരന്മാരായിരുന്നു.

ഹൃദയ വിചാരങ്ങൾ അണപൊട്ടി ഒഴുകി. ആ ഒഴുക്കിനു സംഗീതം നൽകിയതാണ് സങ്കീർത്തനങ്ങൾ. ദൈവമായ യജമാനനെ വിവിധ ജീവിത ഘട്ടങ്ങളിൽ ആരാധിക്കുകയും സ്തുതിക്കുകയും നന്ദിപറയുകയുമൊക്കെ ചെയ്യുമ്പോൾ യഹോവ അകലെയല്ല. ചില സന്ദർഭങ്ങളിൽ പരിഭവവും യഹോവയെ അറിയിക്കും. സങ്കീർത്തനങ്ങളുടെ മഹിമയിതാണ്.

ഗോത്രങ്ങളും വംശങ്ങളും നാട്ടുരാജ്യങ്ങളും പരസ്പരം കൊല്ലുകയും ആധിപത്യമുറപ്പിക്കുകയും ചെയ്യുന്ന കാലഘട്ടം. ഹൃദയരഹസ്യങ്ങൾ ഭാര്യയോടോ അന്തപ്പുരത്തിലെ ഉപനാരികളോടൊ പറയുന്നത് അപകടം സൃഷ്ടിക്കും. കൂടാതെ മനുഷ്യനിൽ ആശ്രയിക്കുന്നതിൽ അർത്ഥശൂന്യതയുമുണ്ട്.

ഒരു പ്രതിസന്ധി: "നിന്റെ ദൈവത്തിൽ നിനക്കു രക്ഷയില്ല എന്നു പറയുന്നവർ പലരുണ്ട്". പലരും മർമ്മപ്രധാനമായ ഒരു കാര്യത്തിൽ എതിരുപറയാൻ പുറപ്പെട്ടാൽ അതൊരു ശ്വാസംമുട്ടലാകും.


പക്ഷേ, സങ്കീർത്തകൻ വിഘ്നം തരണം ചെയ്യുന്നു. "കർത്താവേ നീ എന്റെ ബഹുമാനവും എന്റെ ശിരസ് ഉയർത്തുന്നവനുമാകുന്നു." പ്രത്യാശ വളരുന്നു. യഹോവ പ്രത്യക്ഷനായതുപോലെയുള്ള മുഖപ്രസാദം. സ്വയം നൽകുന്ന ഒരു ഹിപ്നോട്ടിക് സജഷൻ അല്ല. മനുഷ്യന്റെ അസ്തിത്വത്തിന്റെ കോർത്തിണക്കലാണ്. ഉറങ്ങിയാലും



www.malankaralibrary.com

ഉണർന്നിരുന്നാലും താങ്ങുന്ന കർത്താവ്. "കർത്താവ് എന്നെ താങ്ങിയതുകൊണ്ടു ഞാൻ ഉണർന്നിരുന്നു". യഹോവയുടെ ശക്തി അപാരമാകയാൽ ഈ മനുഷ്യൻ പതിനായിരങ്ങളെ ഭയപ്പെടുകയില്ലെന്നും സമ്മർദ്ദങ്ങൾ അവഗണിക്കുന്നെന്നും വ്യക്തം.

"എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷകനുമേ! ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്നോട് ഉത്തരമരുളി". ദാവീദ് അശരീരി കേട്ടോ? അതോ മനസ്സിൽ നന്മനിറഞ്ഞോ? നന്മനിറഞ്ഞാൽ ആശ്വാസം ഒപ്പമെത്തുന്നു. സ്വാനുഭവങ്ങളെ ജീവിതകാലം മുഴുവൻ സ്വത്വത്തിന്റെ മൂലാധാരവുമായി ബന്ധിപ്പിക്കുക. മോശയുടെ ഒന്നാം പുസ്തകത്തിൽ, അതായത് സൃഷ്ടിയുടെ പുസ്തകത്തിൽ പറയുന്ന പ്രപഞ്ചോല്പത്തിയിൽ മനുഷ്യനും ദൈവവും സൃഷ്ടിജാലവുമായുള്ള ബന്ധം ദാവീദിനു വായിച്ചുകേട്ടെങ്കിലും അറിയാമായിരുന്നു. "ബറീശാത്ത് ബാറാ എലോഹിം..." ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഇതൊരു അവിച്ഛിന്ന ബന്ധത്തിന്റെ മൂലരൂപമായിരുന്നു. ദൈവവും പ്രപഞ്ചവും മനുഷ്യനും സ്വന്തം രൂപമെടുക്കാൻ പ്രവർത്തിക്കുന്നു. ഈ പൊക്കിൾക്കൊടി ബന്ധം വിട്ടാൽ ജീവിതത്തിന്റെ മുന്നായവും സമചിത്തതയും പ്രകൃതിയുടെ സന്തുലിതാവസ്ഥ തന്നെയും താറുമാറാകുന്നു. അമ്പെയ്താൽ ലക്ഷ്യത്തിൽ എത്തിയില്ലെങ്കിൽ എയ്തവനും അവന്റെ ലക്ഷ്യം നഷ്ടപ്പെടുന്നു. "കർത്താവ് എന്നേക്കും നിലനിൽക്കുന്നവനാകുന്നു." ആത്മം, ദേഹീദേഹങ്ങളെ പുഷ്ടിപ്പെടുത്തുന്ന അടിസ്ഥാന ചിന്ത.





www.malankaralibrary.com

ഇടയച്ചെറുക്കൻ രാത്രികാലങ്ങളിൽ ആകാശവിതാനത്തെ ശ്രദ്ധാപൂർവ്വം വീക്ഷിക്കുന്നവനാണ്. നക്ഷത്രങ്ങളുടെ പേരോ വലിപ്പമോ, നക്ഷത്രത്തിലേക്കുള്ള വഴിയോ അറിയില്ല. എങ്കിലും....നിന്റെ മഹത്ത്വത്തെ നീ ആകാശത്തിനുപരിയായിരിക്കകൊണ്ടു തിരുനാമം ഭൂമിയിൽ ഒക്കെയും എത്ര മഹത്ത്വമുള്ളതാകുന്നു. പ്രപഞ്ചത്തിന്റെ എലികകൾ അളക്കാൻ ബുദ്ധിമുട്ടുന്ന ശാസ്ത്രജ്ഞന്റെ മുമ്പിലുള്ള അതേ ദൃശ്യം, പ്രവാചക ദൃഷ്ടിയിൽ ദൈവത്തിന്റെ മഹത്ത്വവും അവന്റെ കരവേലയുമാകുന്നു.

പറുദീസായിൽ ചെയ്ത ആദ്യ ഉടമ്പടിയുടെ അനുരണനം നാം കാണുന്നു. രക്ഷകന്റെ കർമ്മകാണ്ഡത്തിൽ പ്രതിയോഗികളായ ശത്രുക്കൾ ഏറി. ക്രിസ്തു ജനിക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുൻപേ പ്രവാചക ദൃഷ്ടിയുണരുന്നു. "നിന്റെ വൈരികൾ നിമിത്തം യുവാക്കളുടെയും പൈതങ്ങളുടെയും വായിൽനിന്നു നിന്റെ മഹത്വത്തെ സ്പഷ്ടമാക്കി". ഓശാനപ്പെരുന്നാളിനു കുരുത്തോല വഹിക്കുന്ന ഏവരുടെയും മനസ്സിൽ നൂറ്റാണ്ടുകളിലൂടൊഴുകുന്ന ചിറ്റരുവി.

ഭൂമിയും ആകാശവും പ്രപഞ്ച ശക്തികളൊക്കെയും ഏറ്റം മനോഹരമായി സൃഷ്ടിച്ചിരിക്കുന്നു. ഇതു യഹോവയുടെ മഹത്ത്വം തന്നെ. ഒന്നിലും പിശുക്കില്ല. ദൈവത്തിന്റെ ഔദാര്യം, ചെടികളിൽ പൂക്കൾ വിരിയുമ്പോൾ, മാവിൽ പൂക്കുലകൾ മൊട്ടിടുമ്പോൾ അവ പതിനായിരങ്ങളാകുന്നു. മനുഷ്യനും പക്ഷിമൃഗാദികൾക്കും ആവശ്യമായത്രയും ഫലമണിയുന്നു. ആകാശത്തിൽ നക്ഷത്രങ്ങളെയും വാരിവിതറിയിരിക്കുന്നു. രാത്രിയിൽ അവ വിരിയുന്നു. പകലിൽ അപ്രത്യക്ഷമാകുന്നു. ഹെർമ്മോൻ മലമേൽ പൊഴിയുന്ന മഞ്ഞല്ലേ അരുവിയായ്, നദിയായ്, മരുഭൂമിയിൽക്കൂടി ഒഴുകി ഉൾക്കടലിൽ പതിക്കുക. എത്രയോ ജീവജാലങ്ങൾക്കു യഹോവ ജീവജലം പകരുന്നു. ആകാശത്തു കൂടുകൂട്ടുന്ന പക്ഷികളും വെള്ളത്തിനായി നദിക്കരെ എത്തുന്നു. കുരുവിക്കും ചെങ്ങാലിപ്രാവിനും തന്റെ മേഷഗണങ്ങൾ കുടിക്കുന്ന വെള്ളംതന്നെ വേണമെന്നു ദാവീദു കാണുമ്പോൾ "യഹോവയുടെ തിരുനാമം മഹത്വമുള്ളതാകുന്നു" എന്നൊരു കീർത്തനം ചുണ്ടിൽനിന്നുതിർന്നാൽ അദ്ഭുതമില്ല.



www.malankaralibrary.com

കൂടുതൽ മധുരം പകർന്ന്, സ്വയം മറന്ന്, ദാവീദ് പാടി: "ഞാൻ എന്റെ പൂർണ്ണഹൃദയത്തോടെ കർത്താവിനെ സ്ത്രോത്രംചെയ്യും". കർത്താവിനെ സ്ത്രോത്രം ചെയ്യുകയും തന്റെ അദ്ഭുതങ്ങളെ വിശദമായി അറിയിക്കുകയും ചെയ്യുക സ്നേഹത്തിന്റെ പാരമ്യത്തിലാണ്. പക്വതയുള്ള മക്കൾ മാതാപിതാക്കളിൽ സന്തോഷിക്കുന്നു. പൂർവ്വപിതാക്കന്മാരുടെ അദ്ധ്വാനവും തലമുറകൾക്കപ്പുറം ജീവിച്ചിരുന്നവരുടെ ദീർഘവീക്ഷണവും സദ്വൃത്തരായ പിൻ മുറകൾ അനുസ്മരിക്കും. അനുസ്മരണ ചിന്തകളെ ഉദ്ദീപിപ്പിക്കും. അതു നന്ദിയെ ഉള്ളിൽ ഉണർത്തും. കുടുംബസദസ്സുകളിൽ പ്രകടമായി വിചാരവികാരങ്ങൾ ഒഴുകും. പൂർവ്വപിതാക്കന്മാർ മക്കളിലൂടെയും പിൻ തലമുറകളിലൂടെയും മരിച്ചാലും ജീവിക്കുന്നു.



www.malankaralibrary.com

## നാല്

പ്രവാചകനും ശത്രുതയും: വിദ്വേഷത്തിന്റെ വിപരീതപദം സ്നേഹമാണ്. സ്നേഹം ചോരുമ്പോഴാണ് അസൂയയും വിദ്വേഷവും പകയുമെല്ലാം ഉണരുക. ഉമി പുകയുമ്പോലെ അസൂയ പുകഞ്ഞു നീറുന്നു. നെയ്യൊഴിച്ച വിറകുകഷണം പോലെ വിദ്വേഷം കത്തിജ്വലിക്കുന്നു. പകവീട്ടുമ്പോൾ ചിലതെല്ലാം കത്തി ചാമ്പലാകുന്നു. ആവശ്യവും ആർത്തിയും തമ്മിലുള്ള ഏറ്റുമുട്ടൽ ശത്രുതയ്ക്കു മുഖ്യകാരണമാകുന്നു. ദ്രവ്യാഗ്രഹം സകലപാപങ്ങൾക്കും മൂലകാരണമാകുന്നു.

രാജാവിനും ദീർഘദർശിക്കും പണ്ഡിതനും പാമരനും വിശുദ്ധനും പാപിക്കും അസൂയയുടെ തിക്തഫലം അനുഭവിക്കേണ്ടിവരും. പ്രതികാരവും പ്രതിരോധവും സ്ഥാനത്തും അസ്ഥാനത്തും കൈക്കൊള്ളാനുള്ള ചപലത മനുഷ്യസ്വഭാവത്തിന്റെ ബലഹീന വശമാണല്ലോ.

ലോകത്തിൽ ആയിരിക്കെ ശത്രുസംഹാരം നടത്തേണ്ടതു മനുഷ്യനല്ല. പ്രത്യുത മനുഷ്യന്റെ നീചപ്രവൃത്തികൾക്ക് പ്രതിക്രിയ ചെയ്യേണ്ടത് യഹോവയാണ്. "എന്റെ ശത്രുക്കൾ പിന്തിരിയുമ്പോൾ അവർ തട്ടിവീണ് നിന്റെ തിരുസന്നിധിയിൽ നിന്നു നശിച്ചുപോകും. ഇതൊരു പ്രവചനമായി കരുതാം. തുടർന്ന് പറയുന്നത് സങ്കീർത്തകന്റെ അന്തരാത്മാവിന്റെ ചുടുനിശ്വാസമാണ്. എന്തെന്നാൽ നീ എനിക്കുവേണ്ടി പ്രതികാരവും ന്യായപാലനവും നടത്തി. നീതിയിലുള്ള ന്യായാധിപതിയായി സിംഹാസനത്തിന്മേലിരുന്നു. ദൈവത്തിന്റെ നീതിപാലനം ശിഷ്ടർക്കും ദുഷ്ടർക്കും ഒരുപോലെയല്ല. ശത്രുസംഹാരത്തിനുള്ള മന്ത്രമെന്നതല്ല, ഇഹത്തിലും പരത്തിലും വരാനുള്ള ദൈവികനീതിയാണു സൂചന.


www.malankaralibrary.com

പല്ലിനു പകരം പല്ലും കണ്ണിനു പകരം കണ്ണും എന്ന നീതിയെക്കാൾ എത്രയോ പുരോഗമനാത്മകവും സാമൂഹികഭദ്രവുമാണ് പ്രതികാരം യഹോവയ്ക്കു വിടുന്നത്.

"നീതിയോടെ ഭൂലോകത്തെയും നേരോടെ ജാതികളെയും ന്യായം വിധിപ്പാൻ വിസ്താരത്തിനു സിംഹാസനം ഒരുക്കപ്പെട്ടിരിക്കുന്നു". പ്രതികാരത്തിൽ മനുഷ്യ നീതിയെക്കാൾ ദൈവികനീതി തന്നെ പ്രവാചകനഭികാമ്യം. കാലഘട്ടത്തിന്റെ സാമൂഹികാവബോധം കണക്കിലെടുത്താൽ ഒരു വലിയ കുതിച്ചുചാട്ടം!

ദരിദ്രർക്കും ദാവീദിന്റെ മനസ്സിലും കീർത്തനങ്ങളിലും സ്ഥാനം വേണ്ടുവോളമുണ്ട്. നീതി നിഷേധിക്കപ്പെട്ട ജനവിഭാഗം, സമൂഹത്തിന്റെ പുറമ്പോക്കിൽ ജീവിക്കുന്നവർ, യജമാനനും -ഭൃത്യനും, യജമാനനും-ഉപനാരികളുമെല്ലാം ഒരേതരത്തിൽ പീഡിപ്പിക്കപ്പെടുന്നു. ഇവർക്കെല്ലാം ആത്യന്തികസഹായം യഹോവയുടെ നീതി നടത്തലാണ്. ശാപവാക്കുകൾ ഭാവി വിപത്തിനെ നേരത്തെ അറിയിക്കുന്നു. യഹോവ അനീതിയോടു പുലർത്തുന്ന മനോഭാവം വെളിപ്പെടുത്തുന്നു. ശത്രുക്കൾ, ശത്രുവാകുന്നതിനാൽതന്നെ പലപ്പോഴും അതിക്രമക്കാരായിരിക്കുമല്ലോ?. ദുഷ്ടന്റെ അഹങ്കാരത്തിൽ ദരിദ്രൻ ദഹിച്ചുപോകും.

അനർത്ഥകാലങ്ങളിൽ യഹോവയുടെ സാമീപ്യം അകന്നുപോകുന്നു. യഹോവ നേരിൽ കാര്യങ്ങൾ കാണാൻ മടിക്കുന്ന അവസ്ഥ. എങ്കിലും ദരിദ്രൻ എന്നേക്കും വിസ്മരിക്കപ്പെടുകയില്ല.



www.malankaralibrary.com

## അഞ്ച്

ശൗലിന്റെയോ ദാവീദിന്റെയോ ഭരണകാലത്ത് ഇസ്രായേലിന്റെ വിസ്തൃതി പരിമിതമായിരുന്നു. യൂദാ പ്രദേശം, യൂദായുടെ ഒരു ഭാഗം, ഭരണപ്രദേശമായിരുന്നു. യഹോവയുടെ പാഠ്യപദ്ധതി ഒന്നു പ്രത്യേകമായിരുന്നു. തെറ്റിപ്പിരിഞ്ഞ ആദി മാതാപിതാക്കൾ അവരുടെ ആദ്യകാലമഹത്വത്തിൽ പുനഃപ്രതിഷ്ഠിക്കപ്പെടണം. നരവംശത്തിന്റെ ആവശ്യമാണത്. തിക്കിത്തിരക്കിനടന്നും ചിന്തിച്ചും ദൈവത്തെ ചൊൽപ്പടിയിൽ നിർത്താൻ പരിശ്രമിക്കുന്ന മാനവനും നഷ്ടപ്പെട്ടവനെ അന്വേഷിക്കുന്ന അനാദിപിതാവുമാണ് ഈ കഥയ്ക്കു ജീവൻ കൊടുക്കുന്നത്. ദൈവാദിദൈവം പരാശക്തിയാണ്. പക്ഷേ, ഈ അദൃശ്യന്റെ മനുഷ്യരാശിയോടുള്ള മനോഭാവം എങ്ങനെയാണ്. ഈ അദൃശ്യന്റെ മുഖം എങ്ങനെ ചിത്രീകരിക്കാം. എന്റെ സ്വത്വം ഈശ്വരനുമായി കോർത്തിണക്കിയതാണ്. പക്ഷേ, എന്നെക്കുറിച്ച് വ്യക്തിപരമായ പരിഗണന ഈ പരാശക്തി നൽകുന്നോ?. എന്റെ മുമ്പ് പോയ ആയിരങ്ങളായ തലമുറകൾ തന്ന അറിവിന്റെ ആഴവും വ്യക്തി ബന്ധവും വീണ്ടും അരക്കിട്ടുറപ്പിക്കുമോ? സമയത്തിനും കാലത്തിനും പറയാനാകാത്ത ഈ കഥ കാറ്റും കടലും കടന്നു പല അഭ്യൂഹങ്ങളിൽ എത്തിനിൽക്കുന്നു. എങ്കിലും ഒരു പൊതുസ്രോതസ്സിൽ നിന്നാകയാൽ ഈ അഭ്യൂഹങ്ങളിലും ചാരുതയേറിയ തനിമകളും സാമ്യങ്ങളും വളർന്നു വന്നു. ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കും മർത്യതയിൽ നിന്ന് അമർത്യതയിലേക്കും നഷ്ടത്തിൽ നിന്ന് നേട്ടത്തിലേക്കുമുള്ള പ്രയാണത്തിൽ നായകനാകാൻ യഹോവയാം പരാശക്തി തന്നെ വേണം.

ഈ യാത്ര ഏക സമയത്ത് അനേകർ ഒന്നിച്ചുനടത്തുന്ന ഒരു തീർത്ഥയാത്രയാണ്. ഈ സമൂഹയാത്രയിൽ സങ്കീർത്തകൻ ഒറ്റപ്പെടു



www.malankaralibrary.com

ന്നില്ല. 'ഞാനും നീയും' എന്ന പ്രത്യേക ബന്ധത്തിൽ നിന്നുതന്നെ നിന്റേതായ മനുഷ്യരും ജീവജാലങ്ങളും പ്രപഞ്ചവും സങ്കീർത്തകന് പ്രസക്തമാകുന്നു.

ഒരു സമൂഹത്തിന്റെ നിയമപാലനം അതിന്റെ പുരോഗതിയുടെ അടിസ്ഥാനമാണ്. നിയമം ഒരു ജനതതി അനുസരിക്കണമെങ്കിൽ നിയമം നടപ്പാക്കാനുള്ള അധികാരി-അധികാരസ്ഥാനം-ഉണ്ടാകണം. ലോകജനസംഖ്യ നിസ്സാരമായിരുന്ന കാലത്തും മനഃസാക്ഷിയുടെ നിയന്ത്രണവും മാതാപിതാക്കന്മാരുടെ നിർദ്ദേശങ്ങളും കൂട്ടുകുടുംബത്തിന്റെ സമ്മർദ്ദങ്ങളുമൊക്കെ നീതിയിൽ വഴി നടത്തിയിരുന്നു.

ജനങ്ങൾക്കുതന്നെ തങ്ങളെ നയിക്കാനും പുരോഗതിയുണ്ടാക്കാനും സമാധാനം സംസ്ഥാപിക്കാനും അന്യഗോത്രങ്ങളുടെയും അയൽ സംസ്ഥാനങ്ങളുടെയും ആക്രമണത്തിൽ നിന്നും സംരക്ഷണം നൽകാനും ഒരു രാജാവ് വേണം.

ഇസ്രായേല്യർ ഹെബ്രോൻ എന്ന സ്ഥലത്തു കൂട്ടം കൂടി ദാവീദിന്റെ അടുക്കൽ പറഞ്ഞതും ചരിത്രത്തിന്റെ ഭാഗമാണ്. 'ശൗൽ രാജാവിന്റെ കാലത്തും നീ തന്നെ ആയിരുന്നു നായകൻ. ഇനി നീ ഞങ്ങളുടെ രാജാവായി ഉത്തരവാദിത്വങ്ങൾ നിർവഹിക്കണം'.

"നീ എന്റെ ജനമായ ഇസ്രായേലിനെ നയിക്കുകയും മേയ്ക്കുകയും എന്റെ ജനമായ ഇസ്രായേലിനു രാജാവായിരിക്കുകയും ചെയ്യുമെന്ന് നിന്റെ ദൈവമായ കർത്താവ് നിന്നോട് അരുളിച്ചെയ്തിട്ടുമുണ്ട്".

ജനത്തിലെ മൂപ്പന്മാരും സാധാരണക്കാരും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനം ദൈവനിയോഗം കൂടിയായിരുന്നു.



www.malankaralibrary.com

## ആറ്

അന്നൊരു നിലാവുള്ള ദിവസമായിരുന്നു. ചന്ദ്രനിൽ നിന്ന് വെളിച്ചവും ശൈത്യവും പെയ്തിറങ്ങുന്ന പ്രതീതി. ചന്ദ്രനിൽ തണുപ്പും സൂര്യനിൽ ചൂടുമാണെന്ന് അനുഭവിച്ചറിയുന്നു.

അന്നൊരു കരടിക്കു വിശപ്പു വർദ്ധിച്ചു. നിലാവ് അവസാനിക്കും വരെ കാത്തിരിക്കാൻ കഴിയുന്നില്ല. കുട്ടികളും എന്തെങ്കിലും കൊറിക്കാൻ കൊതികാട്ടുന്നു. പല്ലുകൾ മുറ്റിവരുമ്പോൾ എല്ലിൽ കടിച്ച് പല്ലിന് മൂർച്ച കൂട്ടണം. നല്ല ഇരുട്ടുള്ള രാത്രിയിൽ ഗുഹയ്ക്കു പുറത്ത് കുട്ടികൾ സഞ്ചരിക്കുന്നത് അമ്മ വിലക്കിയിട്ടുണ്ട്. വളർന്നു ശക്തരാകണം. വഴികൾ നിശ്ചയമാകണം. നദിയിലെ ഒഴുക്കും അറിയണം. എവിടെ നീന്തണം. എവിടെ നടന്നക്കരെ ചെല്ലാം. ഇതെല്ലാം അനുഭവ പാഠമാണ്. പാഠം പഠിച്ചു തീരും മുമ്പെ അപകടത്തിൽ പെടുന്നവരുമുണ്ട്. “മൃഗമായാലും തൃഷ്ണ അടക്കണം. തരം കിട്ടുന്നതുവരെ കാത്തിരിക്കണം. തള്ള ഉപദേശിച്ചുതരുന്ന മാതൃകയിലൂടെ”. മനുഷ്യൻ പുകമറ സൃഷ്ടിക്കുന്നു. ജന്തുക്കൾ ഇരുട്ടിന്റെ മറയിൽ ഇരതേടുന്നു. രക്ഷപ്പെടുന്നു.

ശാദ്വല പ്രദേശങ്ങൾ അമ്മയും മക്കളും ദൂരെനിന്നു കണ്ടു കണ്ണുകൾ നിറച്ചു. കരടി കുടുംബത്തിനും വായും വയറും വിശപ്പുമുണ്ട്. ഒരാടിനെ കിട്ടിയാൽ രണ്ടാഴ്ച കഴിച്ചുകൂട്ടാം.

ഒരിടയബാലൻ തങ്ങളുടെ ഗുഹയ്ക്കടുത്ത് അപകടം അറിയാതെ ആടുകൾക്ക് ആലകെട്ടി. പുല്ലും വെള്ളവും സമൃദ്ധിയായതു കാരണം. അവനെത്തന്നെ പിടികൂടി ഭക്ഷിച്ചാലെന്താ? രണ്ടായാലും വേണ്ടില്ല.



www.malankaralibrary.com

ബാലനായാലും ആടായാലും. വലിയ പരിചയസമ്പന്നരായ ഇടയന്മാരുടെ ആല തകർത്ത് ഒരാടിനെ വലിച്ചിഴച്ചു ഗുഹയിൽ എത്തിക്കുക കൂടുതൽ അപകടകരമാണല്ലോ?

ഏതായാലും വിശന്നുമരിക്കുന്നതിലും ഭേദം ഒരു ധീരമായ ഇരപിടിത്തം തന്നെ. കൂർക്കം വലി കൊതുകിനുപോലും ഉറക്കത്തിന്റെ ലക്ഷണമായി തിരിച്ചറിയാം. ദാവീദ് ഒന്നോ രണ്ടോ പോള കണ്ണടച്ചു. മന്ദമായി ഒന്നുറങ്ങി. അല്പം ഉറക്കം കടന്നുപിടിച്ചു. ഇടയന്മാർക്കു കാട്ടുമൃഗങ്ങളുടെ മണം അറിയാം. രൂക്ഷമായ കരടിയുടെ മണം ചുറ്റുപാടും. അവനുണർന്നു.

ഏതായാലും വലിയ ദണ്ഡ് എടുത്തുവെച്ചു. ആലയ്ക്കു സമീപം നിശ്ശബ്ദമായി നിലയുറപ്പിച്ചു. കരടി സമീപിക്കുന്നു. സകല ശക്തിയും സംഭരിച്ചു. യഹോവയെ ക്ഷണനേരം ഓർമ്മിച്ചു. അടി ഊക്കോടെ കൊടുത്തു; ഭാഗ്യത്തിന് കരടിയുടെ മർമ്മത്തുതന്നെ. കരടി ചത്തു മലർന്നു. ഇടയന്മാരുടെ മാത്രമായ സംഘത്തിൽ "ദാവീദിന്റെ ശൗര്യം വന്യമൃഗത്തിന്റേതിലേറെ" എന്നൊരു ചൊല്ലുണ്ടായി.

കരടിയുടെ കഥ കഴിച്ചധികം കഴിയാതെ ബാലന്റെ ആല നോക്കി അടുത്ത ഊഴം സിംഹമേറ്റെടുത്തു. വിശപ്പിന്റെ കത്തൽ തന്നെ. എങ്കിലും കരടിയുടെ ആക്രമണത്തിനുശേഷം ഏതുമൃഗത്തേയും നേരിടാൻ ദാവീദ് മൂർച്ചയുള്ളതും നീളമുള്ളതുമായ ഒരു കുന്തം കരുതി. ആലയ്ക്കു സമീപം ഒരു ചെറിയ ആയുധ സംഭരണം. സ്വയരക്ഷയോടൊപ്പം, ഭരമേൽപ്പിക്കപ്പെട്ട മൃഗസമ്പത്തും സുരക്ഷിതമാകണം.

രണ്ടാഴ്ചയ്ക്കുള്ളിൽ സിംഹത്തിന്റെ ആക്രമണം. മുൻ കരുതലുകൾ എല്ലാം സജ്ജമായിരുന്നെങ്കിലും പഴയ കട്ടിദണ്ഡ് തന്നെ ഇത്തവണയും പ്രയോജനപ്പെട്ടു. ഒരടിക്കു ആക്രമണകാരി നിലം പൊത്തി. പിന്നങ്ങോട്ട് നാലഞ്ച് ശക്തമായ അടികൾ കൂടി കൊടുത്തുകൊണ്ട് സിംഹത്തിന്റെ അന്ത്യം ഉറപ്പാക്കി. കീർത്തനങ്ങളുടെ ആലാപനം തകൃതിയിൽ ആരംഭിച്ചു. അക്കാലത്തെ സംഗീതം ഈശ്വര സ്തവങ്ങളായിരുന്നു ഏറെയും. തന്റെ അപ്പൂപ്പന്മാരുടെ തലമുറകൾക്കുമുൻപും പാടിയിരുന്ന നല്ല കീർത്തനങ്ങൾ, കൈമാറികിട്ടിയവ. ദാവീദിനും അവ ഹൃദിസ്ഥമായി. കരബലവും സംഗീത പ്രാവീണ്യവും വർദ്ധിച്ചു. ഇട


www.malankaralibrary.com

യന്മാരുടെ ഇടയനാകാൻ ദാവീദിനു കഴിയുമെന്ന് അവരുടെ മദ്ധ്യേ സംസാരം ഉണ്ടായിരുന്നു. ഇടയന്മാർവഴി ഉടമസ്ഥരിലേക്കും.

ദാവീദിന്റെ പരാക്രമങ്ങളും വീരകൃത്യങ്ങളും വിശിഷ്യാ മധുരിക്കുന്ന ഗാനാലാപനവും രാഗ വിസ്താരവുമെല്ലാം വർത്തമാനമായി ഇസ്രായേലിന്റെ ഗ്രാമങ്ങളിൽ ഉടനീളം എത്തിത്തുടങ്ങി. ഉയർച്ചയുടെ ആദ്യപടവുകൾ ദാവീദ് ചവിട്ടി കയറുകയായിരുന്നു.



സാവൂൾ ആയിരുന്നു അക്കാലത്ത് ഭരണം നിർവ്വഹിച്ചിരുന്നത്. ദാവീദിന്റെ കരബലവും കരൾബലവും ഭരണകർത്താവിൽ സന്തോഷമുളവാക്കിയില്ല. ദാവീദിനെ കൊന്നു കളയാൻ അവസരം പാർത്തിരുന്ന സാവൂളിനെ വധിക്കാൻ ദാവീദിനും അവസരങ്ങൾ ഉണ്ടായിരുന്നു. എങ്കിലും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനെ കൊല്ലാൻ പാടില്ലെന്ന നിലപാടു ദാവീദിൽ രൂഢമൂലമായിരുന്നു.

അസൂയയും അധികാരക്കൊതിയും രാജാവിനെ സംബന്ധിച്ച് ആവശ്യമില്ല. എങ്കിലും പിശാചുബാധ ഒഴിവാക്കാൻ സംഗീതജ്ഞരെ കൊട്ടാരത്തിൽ വരുത്തി പാട്ടുകേട്ടു രോഗവിമുക്തനാകുന്ന പതിവ് രാജാവു പെട്ടെന്നു മറക്കുന്നു. ഉന്നതമായ ലക്ഷ്യത്തിൽ നിന്നു സാവൂൾ



www.malankaralibrary.com

രാജാവ് വീണുപോകുന്നു. നോക്കൂ, രാജാവും ന്യായാധിപനും ദൈവത്തിന്റെ പ്രതിനിധി എന്ന സ്ഥാനത്ത് അവരോധിക്കപ്പെടുന്നവരാണ്. ഇന്നും കഥ വ്യത്യസ്തമല്ല.

രാജാവിന്റെ അവരോധം വളരെയധികം ആഹ്ലാദകരമാണ്. പാട്ടും നാടോടികളുടെ നൃത്തവും താനേ ആരംഭിച്ചുകൊള്ളും. ചരിത്രപ്രധാനമായ നിമിഷങ്ങളിൽ അതിനു സാക്ഷ്യം വഹിക്കുവാൻ തടിച്ചുകൂടുക ജനരീതിയാണ്. ഇന്നും കാണുന്ന രീതി. സംഭവത്തെ മുഴുവൻ അംഗീകരിക്കാത്തവരും ചടങ്ങിൽ സന്നിഹിതരാകും. അല്ലെങ്കിൽ നഷ്ടബോധം കൂടെക്കൂടെ തികട്ടിവരും. ഇസ്രായേലിൽ ദൈവം തെരഞ്ഞെടുത്തവരുടെ അഭിഷേക കർമ്മം ആടുകളുടെ കൊമ്പിൽ സൂക്ഷിച്ചിരുന്ന തൈലം മൂർദ്ധാവിലേക്കും ശിരസ്സിലേക്കും വീഴ്ത്തി പുഷ്ടിയാക്കിയിരുന്നു. ഒലിവെണ്ണയിൽ നാല്പതു സുഗന്ധക്കൂട്ടുകൾ ചേർത്തിരുന്ന കാലഘട്ടങ്ങൾ ഉണ്ട്. എല്ലാം ഇസ്രായേലിന്റെ പല ദിക്കുകളിൽ നിന്നെത്തിക്കുന്നവ. പല രാജ്യങ്ങളിൽ നിന്നും ശേഖരിക്കുന്നവയുമുണ്ടായിരുന്നു. നർദീൻ തൈലം പ്രസിദ്ധമായിരുന്നു.

ദൈവം കനിഞ്ഞനുവദിക്കുന്ന ഒരു യോഗമായി സുഗന്ധതൈലത്തെ വീക്ഷിച്ചിരുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യമായി ഈ എണ്ണ കരുതപ്പെട്ടിരുന്നു. അഭിഷിക്തൻ അധികാരവും ഭരണവും സംരക്ഷണവും ഏറ്റെടുക്കുന്നു.

ന്യായാധിപനും രാജാവും പിൻഗാമികളെ ദൈവനാമത്തിൽ നിർദ്ദേശിച്ചിരുന്ന പതിവും ഉണ്ടായിരുന്നു. രാജാവിന്റെ അകാല നിര്യാണത്തിൽ ഇസ്രായേലിന്റെ പ്രവാചകന്മാരിൽ ഒരാൾ നല്കുന്ന വെളിപാടോടെ പിൻഗാമി നിയമിക്കപ്പെട്ടിട്ടുണ്ട്. ജനങ്ങൾ ഒരുമിച്ചുകൂടി ഒരാളെ നിർദ്ദേശിക്കുകയുമുണ്ടായിട്ടുണ്ട്.

രാജവാഴ്ച ദീർഘനാൾ നീളുന്ന ഹോമ ബലികളോടെ നടത്തിപ്പോന്നു. ആയിരം കാളകളുടെ രക്തമെടുത്ത് തങ്ങളുടെ ജീവരക്തത്തിനു പകരം കാഴ്ചവെച്ച സംഭവവും കാണാൻ കഴിയും. ബലിയുടെ അർത്ഥം അന്നും ഇന്നും ആത്മബലിയാണ്. നര ബലിയും ജന്തു ബലിയും നിർത്തലാക്കിയത് പിൽക്കാലത്തായിരുന്നു. തീയിൽ ഉരുകി മറയുന്ന കുന്തുരുക്കം സ്വർഗ്ഗസ്ഥനായ ദൈവത്തെ പ്രാപിച്ച് ദൈവ



www.malankaralibrary.com

ത്തിൽ വിലയിക്കുന്ന മനുഷ്യന്റെ പ്രതിരൂപമായി. മെൽക്കിസദേക്ക് എന്ന പ്രധാനി അപ്പവും വീഞ്ഞും തന്റെ ആരാധനയിൽ ഉപയോഗിച്ചു. ഈ ശൈലി യേശുക്രിസ്തുവിന്റെ അന്ത്യഅത്താഴത്തിനും തുടർന്നുള്ള സജീവമായ അനുസ്മരണയ്ക്കും മുന്നോടിയായി.

ദാവീദിനെ ജനം ശ്രദ്ധയോടും പ്രതീക്ഷയോടും കൗതുകത്തോടും നോക്കി. സാവൂളിന്റെ നാടുനീങ്ങലിനു മുൻപുതന്നെ ദാവീദിനെ രാജാവായി അഭിഷേകം ചെയ്യുവാൻ കർത്താവ് സാവൂളിന് പ്രചോദനം നൽകിയിരുന്നു. ബേത്ലഹേമിലെ ഒരു പട്ടണമെന്നു പറയാൻ മാത്രമില്ലാത്ത ചെറുതും വലുതുമല്ലാത്ത ഒരു ജനപദം പിൽക്കാലത്ത് യേശുവിന്റെ പ്രവചിത ജന്മംകൊണ്ടു വിശ്വവിഖ്യാതമായി. അവിടെ വെച്ച് ദാവീദിന്റെ രാജവാഴ്ച നടന്നു.





www.malankaralibrary.com

ദാവീദിന്റെ അഭിഷേക കർമ്മം ഹെബ്രോണിൽ നടന്നു. ഹെബ്രോണിലെ അവഗണിക്കപ്പെട്ട ചെറുപട്ടണമായിരുന്നു ബേത്ലഹേം. ബേത്-ലഹേം എന്നും ബേസ് ലഹേം എന്നും ഉച്ചരിക്കാം. രണ്ടും ശരിതന്നെ.

യഹൂദരെ സംബന്ധിച്ച് ഔദ്യോഗിക പദവിയിൽ പ്രതിഷ്ഠിക്കുന്നവർക്ക് അർത്ഥവത്തായ പേരുകൾ നൽകണമെന്ന് നിഷ്കർഷിച്ചിരുന്നു. ഒരു സ്ഥലം ദൈവത്തിന്റെ പ്രത്യേക ഇടപെടലിൽ മറ്റൊരു പേരിൽ ഭാവിയിൽ അറിയപ്പെട്ടിരുന്നല്ലോ. ബലികളോ, ഉടമ്പടികളോ സ്വീകാര്യമാകുമ്പോൾ ആ സ്ഥലത്തിനു യഹോവതന്നെ പുതിയ പേർ നിർദ്ദേശിച്ചിരുന്നു.

വ്യക്തികൾക്കും പുതിയ റോളുകളിൽ പുതിയ പേരുകൾ നല്കിയിരുന്നു.

കൊട്ടാരത്തിലെ രാജകീയ രീതികൾ സാവൂൾ രാജാവിനൊപ്പം സേവനം ചെയ്ത കാലഘട്ടത്തിൽ ദാവീദ് അഭ്യസിച്ചിരുന്നു. ഞാൻ എന്നു പറഞ്ഞു പഠിച്ച ഇടയ ബാലൻ “നാം” എന്നും “താങ്കൾ” എന്നതിനു പകരം “നീ” എന്നുമൊക്കെയുള്ള സംബോധനകൾ വശമാക്കി.

വസ്ത്രധാരണത്തിനുമുണ്ടൊരു ചിട്ട. നിറപ്പകിട്ടാർന്ന വസ്ത്രങ്ങൾ. വസ്ത്രങ്ങൾക്കു മീതെ കൂടുതൽ വർണ്ണ ശബളിമ. ഭിത്തിയോടു ചേർത്തു പണിതീർത്തുറപ്പിച്ച സിംഹാസനത്തിൽ ഇരുന്നു കഴിയുമ്പോൾ, രാജസദസ് കൂടുന്നതിനുമുമ്പായി ഒരു ഭൃത്യൻ രാജാവിന് കിരീടം തലയിൽ വച്ചുകൊടുക്കും. അപ്പോൾ തന്നെ ചെങ്കോലും തൃക്കൈകളിൽ ഏല്പിക്കും. രാജാവ് കൊട്ടാര സദസ്സിൽ ഉപവിഷ്ടനാകും മുമ്പെ കാവൽക്കാരും കാര്യവിചാരകരും രാജ്യത്തിലെ പ്രഭുക്കന്മാരും സദസ്യരായി ഹാളിൽ ആസനസ്ഥരായിരിക്കും. ചുരുളുകളും ആട്ടിൻ തോലിലുള്ള ലേഖനങ്ങളുമെല്ലാം രാജാവ് അവസരം കൊടുക്കുമ്പോൾ പ്രഭുക്കൾക്ക് വായിക്കാം.

രാജ്യത്തിന്റെ അതിരുകളിൽ നിന്നുള്ള വിശേഷം ചാരസംഘത്തിന്റെ തലവൻ അറിയിക്കണം. ഫിലിസ്ത്യരുടെ ലക്ഷ്യങ്ങൾ വിശകലനം ചെയ്യപ്പെടും. കൂടാതെ ആഭ്യന്തരപ്രശ്നങ്ങൾ കൂടി അറിയണം. വിളവുകൾക്ക് കാലാവസ്ഥ അനുകൂലമാണോ? വെട്ടുക്കിളി ശല്യ


www.malankaralibrary.com

മുണ്ടോ? ശത്രുക്കൾ വിളകൾക്കു തീയിട്ടിട്ടുണ്ടോ? കുടിവെള്ളം ആവശ്യാനുസരണമുണ്ടോ? പകർച്ചവ്യാധികളുടെ അവസ്ഥയെന്ത്? ഇടയന്മാർക്കും മറ്റു മൃഗ പാലകർക്കും സന്തുഷ്ടമായി കഴിയാൻ കഴ കിട്ടുന്നുണ്ടോ? മൃഗങ്ങൾക്ക് വസന്ത ഉണ്ടെങ്കിൽ അതും അറിയിക്കണം.

ജനസംഖ്യാ വർദ്ധനവും ഏകദേശം കണക്കു കൂട്ടണം. സത്യേക ദൈവത്തെ അല്ലാതെ കപട ദേവന്മാരെ പൂജിക്കുന്നുണ്ടോ?

അന്നും ഇന്നും രാജ്യ ഭരണം ജന നന്മയെ ലക്ഷ്യമാക്കുന്നെങ്കിൽ ഇത്തരം ചോദ്യങ്ങൾ പ്രസക്തമാണ്. രാജ സദസ്സിൽ കളവു പറയുകയില്ല എന്നു സത്യ പ്രതിജ്ഞ ചെയ്താലേ ഉത്തരവാദിത്വമുള്ള ജോലികൾക്കു യോഗ്യത തികയൂ.

എങ്കിലും കൊട്ടാരത്തിലും എത്ര ഉപജാപങ്ങൾ! കൊട്ടാര ജീവിത കാലത്ത് ദാവീദും അതിനു ഇരയായിട്ടുണ്ട്. സാവൂൾ രാജാവിന്റെ ഭരണകാലത്ത് കൊട്ടാരത്തിൽ അന്തേവാസിയായിരുന്ന സമയം ദാവീദിന് അപകട കാലമായിരുന്നു. ഉപജാപങ്ങൾ വില്ലുകുലച്ചു. ദാവീദിന്റെ ബുദ്ധിശക്തിയും ആകാര സൗഷ്ഠവവും ആരെയും ആകർഷിച്ചു. പ്രവർത്തന ശൈലിയും വിപദിധൈര്യവും വിന വിളിച്ചുവരുത്തി. സാവൂൾ രാജാവിന്റെ ദീനാവസ്ഥയിൽ സംഗീത ചികിത്സ നല്കിയിരുന്ന ചെറുപ്പക്കാരനായ ഗായകൻ തന്റെ പിൻഗാമിത്വം നേടുമെന്നും തന്നേക്കാൾ ശക്തിയിലും മഹത്വത്തിലും ചരിത്രത്തിൽ സ്ഥാനം പിടിക്കുമെന്നും സാവൂൾ ഭയപ്പെട്ടു.

ദാവീദിനെ കൊന്നുകളയാൻ സാവൂൾ ഒരു വിരുന്നു സംഘടിപ്പിക്കണമെന്നു കരുതി. വിരുന്നിനുശേഷം ദാവീദു മടങ്ങുമ്പോൾ കൊട്ടാരത്തിന്റെ അല്പംമാത്രം അകലെ, ഗോതമ്പു വയലുകൾ തുടങ്ങുന്ന ഭാഗത്തുവെച്ച് കൊലപ്പെടുത്താൻ കൈയുക്കുള്ള വിശ്വസ്തരായ ഭടന്മാരെ രഹസ്യത്തിൽ ഇടപാടുചെയ്തു.

ഈ കൊട്ടാര രഹസ്യം സാവൂൾ രാജാവിന്റെ ഒരു മകൻ അറിയുകയും, ദാവീദിനോട് അനുകമ്പ തോന്നുകയും ചെയ്കയാൽ അറിഞ്ഞ രഹസ്യം ദാവീദിനു പകർന്നു കൊടുത്തു. സൂക്ഷ്മതയോടെ പ്രവർത്തിക്കുവാനും രാജസദ്യ ഒഴിവാക്കി ഓടിപ്പോകാനും നിർദ്ദേശിച്ചു. ദാവീദ് രാജകുമാരനെ വിശ്വസിച്ചു. ഞരമ്പുരോഗി കൂടി ആയിരുന്ന സാവൂളിന് അഭിപ്രായ സ്ഥിരത ഇല്ലായിരുന്നു. ദാവീദ് കണ്ണും കാതും തുറന്നുവച്ചു.


www.malankaralibrary.com

ഒരു നേരം കല്പിക്കുന്നതല്ല അടുത്തനേരം തിരുമനസ്സിൽ. മകനും ഇതറിയാമായിരുന്നു. ദാവീദ് ധർമ്മ സങ്കടത്തിലായി. ആടുകളെ മേയ്ക്കുന്ന പണി വിട്ടിരുന്നു. കൊട്ടാരത്തിൽ ജോലിസ്ഥിരതയുമില്ല. രാജാവിനു മനം മാറ്റം ഉണ്ടാകുന്ന പക്ഷം ദാവീദിനെ അറിയിക്കാമെന്നും രഹസ്യം ചോർത്തിക്കൊടുത്ത രാജകുമാരൻ ഏറ്റിരുന്നു.

യവവയലിൽ കുറെ അകലെ ഒരു പാറയുടെ വശത്ത് ഇരിക്കുക. രാജാവ് അനുകൂലമായി പ്രതികരിക്കുന്നെങ്കിൽ പാറയുടെ സമീപത്തേക്ക് അമ്പുകൾ എയ്യും. ആദ്യം തൊടുക്കുന്ന അമ്പ് ഒരു സേവകൻ എടുത്തുകൊണ്ടുവരാൻ രാജകുമാരൻ കല്പിക്കും. അതിനു ശേഷം എതിർ ദിശയിൽ വീണ്ടും ഒരു അമ്പ് വീഴ്ത്തിയാൽ രാജാവിന്റെ മനം മാറ്റം നടന്നില്ല എന്നു മനസ്സിലാക്കി വേഗം ഓടി മറയണം. യവം കൊട്ടാരത്തിൽ നിന്ന് നേരിട്ടു കൃഷി ചെയ്തതിനാൽ സാമാന്യം നല്ല ഉയരത്തിൽ ചെടികളെല്ലാം വളർച്ച പ്രാപിച്ചിരുന്നു.

വൈകുന്നേരം പ്രകാശം കുറഞ്ഞ സമയത്ത് ദാവീദ് ജീവൻ ഉറപ്പാക്കാൻ ഓടുകയായിരുന്നു. ഇങ്ങനെ വീണ്ടുകിട്ടിയ ജീവനു ദാവീദ് യഹോവയ്ക്ക് നന്ദിയോതി. നന്ദിയുടെ കീർത്തനം ദൂരെ സുരക്ഷിത മേഖലയിൽ ഉറക്കെ പാടി. രാജ ലക്ഷ്യം അറിയിച്ച് അമ്പെയ്ത രാജകുമാരനെ യഹോവയുടെ സംരക്ഷണത്തിൽ ദാവീദ് ഭരമേല്പിച്ചു.

നാട്ടു രാജ്യങ്ങൾ വലുതാക്കാൻ, കൂടുതൽ ശക്തിപ്പെടുത്താൻ, ചരിത്രത്തിൽ വിഖ്യാതനാകാൻ ഓരോ രാജാവും മത്സരിച്ചു. മാർത്താണ്ഡവർമ്മയുടെ കാലത്ത് തിരുവിതാംകൂറിലുണ്ടായിരുന്ന കൊച്ചു രാജ്യങ്ങളേക്കാൾ വിസ്തൃതി കുറഞ്ഞവയായിരുന്നു അന്നത്തെ ഇസ്രായേൽ- പാലസ്തീൻ - ഫിനീഷ്യൻ രാജ്യങ്ങൾ.

രാജപാലനം ജനനന്മയ്ക്കുവേണ്ടി മാത്രം; ദാവീദിന്റെ വിശ്വാസം അതായിരുന്നു. ഒരു മനുഷ്യൻ രാജാവാകുമ്പോൾ മറക്കുന്ന ചിന്തകൾ, മനോഭാവം വ്യക്തമാക്കുന്ന ഒരു സംഭവം ഇതാ: ബത് ലഹേമിൽ ദുർഗ്ഗം പണിതു ശക്തിപ്പെടുത്തി. ഫിലിസ്ത്യർക്ക് അക്കാലത്ത് ഒരു കാവൽ സൈന്യം ഉണ്ടായിരുന്നു. പകൽ അധികം ചൂട്. രാത്രിയിൽ അതി ശൈത്യം. വെള്ളമാണ് ജീവൻ. സസ്യങ്ങളും ജന്തുജാലങ്ങളും ജനങ്ങളും വെള്ളത്തിനു വേണ്ടി അലഞ്ഞു നടക്കും. വേനലിൽ വറ്റാത്ത കിണറുള്ളവൻ അന്നും ഇന്നും ധനികനാണ്. ശുദ്ധജലം തന്നെ മുന്തിരിച്ചെടികൾക്കും വേണം. നാലു മുന്തിരി തണ്ടുകൾ



www.malankaralibrary.com

വളർന്നു ഫലം പുറപ്പെടുവിച്ചാൽ കുടുംബച്ചെലവിന് മതിയായ ആദായമായി. മുന്തിരിച്ചാറ് വീഞ്ഞാക്കാൻ നോഹയുടെ കാലഘട്ടത്തിൽ തന്നെ മനുഷ്യൻ പഠിച്ചിരുന്നു. ഇസ്രായേൽ ജനതയുടെ സംഗീതത്തിൽ പോലും മുന്തിരിപ്പഴവും വീഞ്ഞും പ്രത്യക്ഷപ്പെടാറുള്ള ബിംബങ്ങളായിരുന്നു. പ്രവചനങ്ങളിൽ മുന്തിരിത്തണ്ടിൽ കെട്ടുന്ന കഴുതയെക്കാണാം. ദാവീദിന്റെ വംശാവലിയിൽ നിയമപരമായി ഉൾപ്പെടുത്തിയിരുന്ന യേശുമിശിഹായും മുന്തിരിത്തണ്ടിന്റെയും ശാഖയുടെയും ജീവരസം ഒരേ വേരുകൾ വലിച്ചെടുക്കുന്നതാണെന്ന് സഹയാത്രികരെ ഓർമ്മിപ്പിച്ചു.

യുദ്ധകാലം, യുദ്ധഭൂമി. ശത്രുക്കൾ ബലവാന്മാർ. "എനിക്കു കുടിപ്പാൻ വെള്ളം ആർ കൊണ്ടുവന്നു തരും". ദാഹാർത്തനായ ദാവീദ് ചോദിച്ചു.

ദാവീദിന് അനുനിമിഷം ആർത്തി വർദ്ധിച്ചു വന്നു. മനുഷ്യ ശരീരത്തിൽ എഴുപത്തഞ്ച്- എൺപത് ശതമാനം ജലാംശമാണല്ലോ? ഈ ജലാംശം ഒരളവിൽ താണുപോയാൽ ജീവാപായം വരെ സംഭവിക്കാം. മൂന്നു ധൈര്യശാലികളായ ഭടന്മാർ ദാവീദിന്റെ മുമ്പിലെത്തി വന്ദിച്ചു വണങ്ങി നിന്നു പറഞ്ഞു:

"ബത്‌ലഹേം പട്ടണവാതില്ക്കലുള്ള കിണറ്റിൽ നിന്ന് ഞങ്ങൾ വെള്ളം കോരി സുരക്ഷിതമായി എത്തിച്ചു തരാം." അവർ സത്യം ചെയ്തു പറഞ്ഞ വാക്കു പാലിച്ചു. ഫെലിസ്ത്യരായ പടയാളികളുടെ കണ്ണുവെട്ടിച്ച് ഈ സാഹസ കൃത്യം എങ്ങനെ നടത്തിയെന്ന് ദാവീദിന് മനസ്സിലായില്ല. ഫിലിസ്ത്യരെ മുമ്പ് വീഴ്ത്തിയപ്പോൾ കവർന്നിരുന്ന പട്ടാള യൂണിഫോം തന്ത്രപരമായി ധരിച്ചാകാം പാത്തും പതുങ്ങിയും മലമ്പാതയിൽ കൂടി നിരങ്ങി നീങ്ങി കിണറ്റിനരുകിൽ എത്തിയത്. ഏതായാലും വെള്ളം കോരി ദാവീദിന്റെ സമീപം അവർ എത്തി.

അദ്ഭുതമെന്നു പറയാം. ദാവീദിന് ആ വെള്ളം കുടിക്കാൻ മനസ്സനുവദിച്ചില്ല. അവൻ അത് കർത്താവിന് സമർപ്പിച്ചിട്ട് ഒഴിച്ചുകളഞ്ഞു.

"എന്റെ ദൈവം ഇതിന് എനിക്ക് ഇടയാക്കരുതേ; തങ്ങളുടെ ജീവൻ ത്യജിച്ചുപോയ പുരുഷന്മാരുടെ രക്തം ഞാൻ കുടിക്കുകയോ?" ഉള്ളിൽ അസ്വസ്ഥത. ഭടന്മാരുടെ ജീവത്യാഗം ചെയ്യലിനുള്ള സന്നദ്ധത ദാവീദിനെ ആകുലചിത്തനാക്കി.



www.malankaralibrary.com

## ഏഴ്

പിന്നെയും വിപ്ലവം. സാവൂളിന് ഒരു മകൻ ജീവനോടെ അവശേഷിച്ചിരുന്നു. സാവൂളിന്റെ സർവ്വ സൈന്യാധിപൻ 'ഇസ്ബൊസെത്തു' എന്നു പേരുള്ള ആ മകനെ ഇസ്രായേലിൽ വിഘടിച്ചു നിന്ന ന്യൂനപക്ഷത്തിന്റെ രാജാവാക്കി. ന്യൂനപക്ഷം ആയിരുന്നതിനാൽ ശക്തി വർദ്ധിപ്പിക്കാൻ ആരുമായും സഖ്യത്തിൽ ഏർപ്പെടാൻ മടിയില്ലാത്ത കൊച്ചുരാജാവ്. സാവൂളിന്റെ പട്ടാളമേധാവി അബ്നർ, ഫിലിസ്ത്യരെപ്പോലും ചില സന്ദർഭങ്ങളിൽ ദാവീദിനെതിരെ കൂട്ടുപിടിച്ചു. ഏഴരക്കൊല്ലം ദീർഘിക്കുന്ന യുദ്ധം ദാവീദും ഇസ്ബൊസെത്തും വിഭാഗങ്ങൾ തമ്മിൽ നടന്നിട്ടുണ്ട്.

എങ്കിലും മറ്റൊരവസരത്തിൽ അബ്നർ തന്നെ ഇസ്രായേൽ മൂപ്പന്മാരുടെയും മറ്റു വിഘടിതരുടെയും പിന്തുണ ദാവീദിന് നേടിക്കൊടുത്തു. അവസരവാദം അന്നും ഇന്നും ലാഭമോ സ്ഥാനമോ അല്ലെങ്കിൽ ഇവ രണ്ടുമോ ലക്ഷ്യമിട്ടുതന്നെ. രാഷ്ട്രതന്ത്രത്തിൽ ഐവർ ജെന്നിംഗ്സും പിൻതള്ളപ്പെടുന്നു. രാഷ്ട്രീയത്തിൽ ശത്രുമിത്ര ഭേദം താല്ക്കാലികം. താത്പര്യങ്ങൾ ചിരസ്ഥായികൾ.

ദാവീദ് രാജാവിനെ സാധാരണ രാജാക്കന്മാരുടെ നിരയിൽ എണ്ണിയാൽ മതിയാകില്ല. ഇത് ജനം തന്നെ അംഗീകരിച്ചിരുന്നു. മിക്ക രാജാക്കന്മാരും ഇട പ്രഭുക്കന്മാരും അങ്ങനെ തന്നെ ചെയ്തിരുന്നു. എന്നാൽ അങ്ങിങ്ങായി വിഘടന വാദങ്ങൾ പൊന്തിയിരുന്നു. വടക്കൻ പ്രവിശ്യകളിലെ ഹിത്യാന്മാർ ഒരേ രീതിയിൽ ശത്രുത തുടർന്നു. ദാവീദിനെ ഒട്ടും ബഹുമാനിച്ചിരുന്നില്ല. കൂടാതെ സീറോ ഫിനീഷ്യരും അവിടെ പാർത്തിരുന്നു. ഫിലിസ്ത്യരും. അതിനാൽ ഭയം നിലനിന്നിരുന്നു.



www.malankaralibrary.com

അസൂയയും സ്വാർത്ഥതയും മറ്റു പ്രകൃതി നിയമങ്ങളും യുദ്ധങ്ങൾക്ക് കാരണമാകാറുണ്ട്. ഏറ്റം ശക്തന്മാർ അധീശരാകുക, പ്രകൃത്യാ ജീവ ജാലങ്ങളിൽ കാണുന്ന ഒരു ത്വരയാണ്.

ഒരു വർഷം മുൻപെ യുദ്ധത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങാറുണ്ട്. അനുകൂലികളെയും പ്രതികൂലികളെയും വേർതിരിച്ചറിയാനും ദീർഘ മായ തയ്യാറെടുപ്പ് ഉപയുക്തമാകുന്നു. മുന്നൂറ് ജനപ്രധാനികൾ യുദ്ധ ത്തിന് ഇറങ്ങുന്നു, ഒരവസരത്തിൽ ദാവീദ് മല്ലന്മാരെയും യുദ്ധവീര ന്മാരെയും തെരഞ്ഞെടുത്ത് പ്രത്യേക ദൗത്യങ്ങൾ ഭരമേൽപിച്ചിരുന്നു.

ആ വർഷം 'രബ്ബാ പട്ടണം' ഉപരോധിക്കുകയായിരുന്നു ദാവീ ദിന്റെ ലക്ഷ്യം. അടുത്തെങ്ങും തങ്ങളേക്കാൾ ശക്തരായ ജനത വള രാൻ പാടില്ലെന്ന ചിന്താഗതി അക്കാലത്ത് പ്രബലമായിരുന്നു. ഇന്നത്തെ ഇസ്രായേലിന്റെ നയവും ദാവീദിന്റെ നയം തന്നെ.

മുൻനിരയിൽ യുദ്ധം പൊരിയുമ്പോൾ ദാവീദിനുറക്കം കുറഞ്ഞു. നൂറും ആയിരവും പട്ടാളക്കാർ ഉൾക്കൊള്ളുന്ന ഡിവിഷനുകൾ രൂപ പ്പെടുത്തി. പിൻനിരയിൽ കോവർ കഴുതകളുടെ ഡിവിഷൻ. ഭക്ഷണവും വെള്ളവും ആയുധ ശേഖരവും എത്തിക്കുക ഇവയുടെ ജോലി ആയി രുന്നു. യുദ്ധം ചെയ്യേണ്ട ചുമതല ഈ വിഭാഗത്തിനില്ല. യുദ്ധക്കള ത്തിൽ പടപൊരുതുന്നവരുടെ സുസ്ഥിതി ഉറപ്പാക്കുക മാത്രം.

മനഃസംഘർഷം മുറ്റിയ ഒരു സന്ധ്യാവേളയിൽ ദാവീദ് മെത്തയിൽ നിന്നെഴുന്നേറ്റു രാജഗൃഹത്തിന്റെ മാളികയിൽ നടന്നു കൊണ്ടിരിക്കു മ്പോൾ ഒരു സ്ത്രീ കുളിക്കുന്നത് മാളികയിൽനിന്നു കണ്ടു. സന്ധ്യാസ മയം സ്ത്രീകളുടെ മുഖ കാന്തി വർദ്ധിക്കാറുണ്ടത്രെ. നാനാതരം സംഗീ തത്തിൽ വൈദഗ്ധ്യം കിട്ടിയ കലാകാരനെ സ്ത്രീ സൗന്ദര്യം ലഹരി പിടിപ്പിച്ചു. സിന്ദൂരസന്ധ്യയുടെ ചോര നിറം ഒരു മായാപ്രപഞ്ചം സൃഷ്ടി ക്കാറുണ്ട്.





www.malankaralibrary.com

കാവൽ പടയാളികളിൽ ഒരാളെ വിളിച്ചു വരുത്തി. ദാവീദ് കല്പ്പിച്ചു: "അതാ, ആ കുളത്തിൽ മുങ്ങിത്തുടിക്കുന്ന സ്ത്രീയുണ്ടല്ലോ! ഇപ്പോൾ തന്നെ എന്റെ കൊട്ടാരത്തിലേക്ക് നീ അവളെ കൂട്ടി വരണം."

ആ സ്ത്രീയുടെ ഭർത്താവ് അങ്ങെവിടെയോ യുദ്ധരംഗത്തായിരുന്നു. ദാവീദ് സ്ത്രീയുടെ ഭർത്താവിനെക്കുറിച്ചും കുലത്തെ സംബന്ധിച്ചും അന്വേഷണം നടത്തി. തന്റെ സേനാപതിയുടെ കരങ്ങൾക്ക് ശക്തി പകരുന്ന ഉറിയാ എന്ന യുദ്ധവീരന്റെ ഭാര്യയാണ് കുളിച്ചു തല മുടി ഉണക്കിയിരുന്നത്. ദാവീദിന്റെ രാജത്വവും യുവപ്രഭാവവും സംഭാഷണ ചാതുര്യവും ഭർത്താവിന്റെ അഭാവവുമെല്ലാം ബത്ഷെബായെ ദാവീദിലേക്ക് കാന്തമെന്നപോലെ ആകർഷിച്ചു.

ആ രാത്രി ദാവീദും ഉറിയായുടെ ഭാര്യയും ഒരേ ഉറക്കറയിൽ കഴിഞ്ഞു. ഏതാനും ആഴ്ചകൾക്കുശേഷം ബത്ഷെബാ ദാവീദിന്റെ സന്നിധിയിൽ എത്തി. അവൾ ഗർഭിണിയാണെന്ന സത്യം തുറന്നു പറഞ്ഞു.

യുദ്ധമുഖത്തുനിന്ന് ഉറിയാവിനെ വിളിച്ചുവരുത്താൻ ദാവീദ് ആളയച്ചു. ഉറിയ ഒരു രാത്രിയിൽ കൊട്ടാര വാതുക്കൽ എത്തി. പക്ഷേ, അകത്തു കടന്നില്ല. കാവൽക്കാർ കവാടം തുറന്നുകൊടുത്തിട്ടും ഉറിയാ അവിടെ വാതില്ക്കൽ തന്നെ കിടന്നു. പുലർച്ചെ രാജസന്നിധിയിൽ എത്തി. രാജാവ് നഷ്ടധൈര്യനായിരിക്കുന്നു. ഒരു പരിഭവം.





www.malankaralibrary.com

“രാത്രിയിൽ അകത്തുകടന്ന് സുഖമായി ഉറങ്ങാതിരുന്നത് എന്തേ?” രാജാവ് ആരാഞ്ഞു. ഉറിയാവിന്റെ വീടും കൊട്ടാരത്തിന്റെ സമീപത്തായിരുന്നുവല്ലോ. അങ്ങോട്ടും ഉറിയ പോയില്ല.

രണ്ടിന്റെയും കാരണം ഉറിയ വിശദീകരിച്ചു. യുദ്ധഭൂമിയിൽ തീവ്ര മായ യുദ്ധവും കൂട്ടക്കൊലയും നടക്കുന്നു. സഹഭടന്മാർ മരിച്ചു വീഴു മ്പോൾ താൻ സുഖമായി ശയിക്കുന്നതും ഉറങ്ങുന്നതും ഉചിതമല്ലെന്ന് ഉറിയ.

ദാവീദ് കുളക്കരയിൽ ഭടന്മാരെവിട്ട് ഉറിയായുടെ ഭാര്യയെ പ്രാപിച്ചു ഗർഭിണിയാക്കിയ സംഭവത്തെക്കുറിച്ച് അങ്കലാപ്പോടെ സംസാരിച്ചു. ബത്ഷെബായുടെ വയറ്റിൽ വളരുന്ന പ്രജയെ സ്വന്തം കുട്ടിയായി അയാൾ അംഗീകരിക്കണം. ഇതായിരുന്നു രാജാവിന്റെ അഭിലാഷം. തന്റേതല്ലാത്ത ഒരു കുട്ടിയുടേയും പിതൃത്വം ഏൽക്കാൻ മരുഭൂമിയുടെ കാഠിന്യം ഏറ്റുവാങ്ങിയ, വാൾപിടിച്ചു തഴമ്പു വീണ കൈക ളുള്ള ആ ധീര ഭടൻ സമ്മതിച്ചില്ല. ഒരു നിമിഷം കൊണ്ടു നിരായുധ നായ ഉറിയായെ കൊല്ലാം. കൊല്ലിക്കാം. രോഷം കൊണ്ടു ഉറിയായ്ക്കും എഴുപതോടടുത്ത രാജാവിനെ ഞെരിച്ചുകൊല്ലാം. ഭാഗ്യത്തിന് ഇരു വരും തല്ക്കാലം സമനില കൈവിട്ടില്ല.

ദാവീദിന്റെ ബുദ്ധി നേരത്തെ മറ്റൊരു കുറുക്കുവഴി കണ്ടെത്തിയി രുന്നു. ഉറിയായെ ഭീകരമായ സംഘട്ടനം നടക്കുന്ന യുദ്ധപ്രദേശ ത്തേക്കു നിയോഗിക്കാൻ സർവ്വസൈന്യാധിപനു സന്ദേശം എത്തി ച്ചു. അവിടെ ഭടന്മാരുടെ സംഖ്യ കുറയ്ക്കാനും. ഉറിയാ ആത്മാഭിമാ ന മുള്ളവനാണ്. തോറ്റോടുകയുമില്ല.

ദാവീദിന്റെ കെണിയിൽ ഉറിയ വീണു. അയാൾ ശത്രുക്കളാൽ കൊല്ലപ്പെട്ടു. ബത്ഷെബാ മറ്റൊരു തരത്തിൽ സ്വതന്ത്രയായി. പക്ഷേ ഉറിയായോടു ചെയ്ത അവിശ്വസ്തത അവളിൽ തേങ്ങലുകൾ വർദ്ധി പ്പിച്ചുപോന്നു.

മുൻജീവിത സംഭവങ്ങളിലേക്കു ദാവീദിന്റെ മനസ്സ് ഊളിയിട്ടു. സൗഭാഗ്യ നിമിഷങ്ങൾ പോലും മങ്ങിയവെളിച്ചത്തിലെന്നവണ്ണമേ കാണാൻ സാധിക്കുന്നുള്ളൂ. ആഹ്ലാദമെല്ലാം ഉറിയായുടെ രക്തം അലി യിച്ചു കളഞ്ഞതുപോലെ.



www.malankaralibrary.com

ഫിലിസ്ത്യരെ ഗിബയോൻ മുതൽ ഗെസർവരെ തോല്പിച്ചോടിക്കാൻ യഹോവ ശക്തി കൊടുത്തു. ഈ വൻ വിജയത്തിനുശേഷം പല നഗരങ്ങളിലും ദുർഗ്ഗങ്ങൾ ബലപ്പെടുത്തി. പുതിയ പട്ടണങ്ങൾ വന്മതിലുകൾക്കുള്ളിൽ സുരക്ഷിതമാക്കി. ഇതിലെല്ലാമുപരിയായി ജാതികൾക്കു ദാവീദെന്ന നാമം തന്നെ ഭയമുളവാക്കി.

അവൻ തനിക്ക് "ദാവീദിന്റെ നഗരത്തിൽ" അരമനകൾ പണിചെയ്യിച്ചു. വാഗ്ദത്ത പേടകത്തിൽ ദൈവം നേരിട്ടു നൽകിയ നന്മകളുടെ സ്മരണ നിലനിർത്താൻ ചില സാധനങ്ങൾ സൂക്ഷിച്ചിരുന്നു. വാഗ്ദത്ത പേടകം എന്നു പറയപ്പെട്ടിരുന്ന ഈ പേടകം ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായിരുന്നു; വരാൻ പോകുന്ന പലതിന്റെയും മുന്നോടിയും.



www.malankaralibrary.com

# എട്ട്

ദാവീദുരാജാവ് സുകൃതിയായി ഭരണം നടത്തിയിരുന്ന ദശാസന്ധിയിൽ വാഗ്ദത്തപേടകത്തിനു മാന്യമായ ഒരിരിപ്പിടം ഇല്ല എന്ന വസ്തുത ദുഃഖത്തോടെ മനസ്സിലാക്കി. അകിലും ചന്ദനവുമൊക്കെ ഉപയോഗിച്ചു കേമമായി നിർമ്മിച്ച കൊട്ടാരം. കല്ലുകളുടെ വിവരണം ഭാവനയ്ക്കു വിടാം. സ്വദേശത്തും വിദേശത്തും ലഭ്യമാകുന്ന മേൽത്തരം കല്ലുകൾ. വിലയേറിയവ. രാജകീയമായവ.

നാമിങ്ങനെ സമൃദ്ധയിൽ ജീവിക്കുമ്പോൾ നമ്മുടെ ദൈവമായ യഹോവയുടെ വാഗ്ദത്തപേടകം തുണികളിൽ ചുറ്റി വെളിമ്പ്രദേശത്തു കൂടാരത്തിൽ വച്ചിരിക്കുന്നു. ഇതു നമുക്കസഹ്യമാകുന്നു. ദാവീദ് ദുഃഖിച്ചു. ജനങ്ങളുടെയും പ്രധാനന്മാരുടെയും സഹായത്തോടെ വാഗ്ദത്ത പേടകത്തിനു മഹത്വപൂർണ്ണമായ ഒരു ആലയം പണിത് അതിൽ സ്ഥാപിക്കണം. ഏറെ ദിവസത്തെ പെരുന്നാൾ ഉണ്ടാകണം. പ്രദക്ഷിണം എസ്താദകൾ നീളത്തിൽ നീങ്ങണം.

നാട്ടിലെ പ്രധാന ചെണ്ടമേളക്കാരെയും തപ്പുവിദ്വാന്മാരെയും കിന്നര വാദനക്കാരെയും വായ്പ്പാട്ടുകാരെയും ഈ മംഗള യാത്രയിൽ മുന്നിൽ നിർത്തണം. ശബ്ദാലങ്കാരം സമ്പന്നമാകത്തക്കവിധം വിദ്വാന്മാർ അവരെ ക്രമീകരിക്കണം. നല്ല പാട്ടുകാരായ ഇടയബാലന്മാരെ മറക്കേണ്ട. ഇസ്രായേൽ തങ്ങളുടെ സ്രഷ്ടാവിൽ സന്തോഷിക്കുന്നത് ഉചിതമാകുന്നു.

പക്ഷേ കർത്താവ് ഉറക്കത്തിൽ വെളിപാടു നൽകുന്നു. അസ്വസ്ഥമാനസ്സനായി പള്ളിയുറക്കം വിട്ട രാജാവ് സ്വപ്നത്തെ വീണ്ടുമോർത്തു: "ദാവീദേ, നിനക്കു യഹോവയാം ദൈവത്തിന് ആലയം പണിയാൻ



www.malankaralibrary.com

യോഗ്യതയില്ല. നിന്റെ ശ്രമം വിഫലമാകും. നിന്റെ മകൻ ശലോമോന്റെ ഭരണകാലത്ത് മാത്രമേ അവനിൽക്കൂടി നിന്റെ ആഗ്രഹം സാധിക്കുകയുള്ളൂ."



ഉറിയ യുദ്ധക്കളത്തിൽ രാജാവിനുവേണ്ടി ജീവൻ പണയപ്പെടുത്തി. യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന സന്ദർഭത്തിൽ അയാളുടെ ഭാര്യയെ രാജപ്രൗഢിയും സംഗീത ചാതുരിയും കാട്ടി വശീകരിച്ചു ഗർഭിണിയാക്കിയത് ദാവീദിന്റെ പേരിലുള്ള ഒരു വലിയ കുറ്റമായി വളർന്നു. ഉറിയായെ സ്വൈരവിഹാരത്തിനു തടസ്സം നിൽക്കുന്നു എന്ന കാരണത്താൽ യുദ്ധമുഖത്തു ചതിച്ചു കൊല്ലാൻ ശത്രുകരങ്ങളിൽ ഏല്പിച്ചത് അതിക്രൂരം. കൂടാതെ ഭാര്യയും ഒട്ടനേകം ഉപനാരികളും അവരൊത്തുള്ള അനുവദനീയമായ എല്ലാ സുഖസൗകര്യങ്ങളും അനുഭവിക്കാൻ വേണ്ടതിലധികമുള്ള രാജാവിന്റെ കാടത്തം.

ബത്ഷെബായെ ഇസ്രായേൽ നിയമപ്രകാരം കല്ലെറിഞ്ഞുകൊല്ലാനുള്ള സാഹചര്യം. രാജാവു അവിഹിത ബന്ധം പുലർത്തിയതിനാൽ രാജാവിന്റെ സംരക്ഷണയിൽ ജനം കല്ലേറിനു തുനിഞ്ഞില്ല. ഇസ്രായേലിന്റെ നിയമവും അതിനാൽ ലംഘിക്കപ്പെട്ടിരിക്കുന്നു.

ദാവീദിനു യുദ്ധങ്ങളും അവയുടെ മേൽനോട്ടവും അമിത ഭാരമായിരുന്നു. കൊട്ടാരത്തിൽ കിരീടം ഭാരമേറിയതായി. ചെങ്കോലിനു



www.malankaralibrary.com

പകരം ആട്ടിടയന്റെ വടിയും പീച്ചാംകുഴലും മനോഹരമാണെന്നു ദാവീദിന്റെ വിലയിരുത്തൽ. ബത്ഷെബായുടെ ഗതികേട് ഇസ്രായേൽ ഗ്രാമങ്ങളിൽ പോലും ശ്രദ്ധിക്കപ്പെട്ടു.

ഇടയ്ക്കിടെ മരുഭൂമിയിൽ തപസ്സു ചെയ്തിരുന്ന നാഥാൻ പ്രവാചകൻ ഒരു ദിവസം കൊട്ടാരവാതില്ക്കൽ എത്തി. സാധാരണക്കാരനെപ്പോലെ നാഥാൻ കാവൽ ഭടന്മാരെ സ്വയം പരിചയപ്പെടുത്തി. കാവൽക്കാർ മാറിവരുമല്ലോ? സന്ദർശിക്കാനുള്ള ആഗ്രഹം അറിയിച്ച ശേഷം വാതില്ക്കൽ കാത്തുനിന്നു. ഇസ്രായേലിന്റെ പ്രവാചകനെ സ്വീകരിക്കുവാൻ രാജാവുതന്നെ പുറപ്പെട്ടു. അതിനു മുൻപുതന്നെ മേശയിൽ പരിചരിച്ചിരുന്നവർ ഓടി പ്രവാചകനെ രാജസന്നിധിയിലേക്കു കൊണ്ടുപോയി.

നാഥാനു ഭക്ഷണ പാനീയങ്ങൾ വിളമ്പാൻ തയ്യാറായി നിൽക്കാൻ രാജാവ് കലവറക്കാരോട് കല്പിച്ചു. രാജാവുതന്നെ നാഥാനെ ക്ഷണിച്ചെങ്കിലും വ്രത ദിവസങ്ങളാണെന്നറിയിച്ച് അദ്ദേഹം ഭക്ഷണം നിരസിച്ചു.

“അങ്ങു സിംഹാസനസ്ഥനാകൂ”: നാഥാൻ ആവശ്യപ്പെട്ടു. രാജാവ് ഇരുന്നു. പ്രവാചകൻ തുടർന്നു: “അങ്ങേയ്ക്ക് ഒരു മകൻ ജനിച്ചതായി കേട്ടു.” രാജാവിനു മൗനം. അപ്പോൾ പ്രവാചകൻ ഗൗരവസ്വരത്തിൽ ആവർത്തിച്ചു; “ഒരു പുത്രനുണ്ടായെന്നു കേട്ടു.” മറുപടി പ്രതീക്ഷിച്ച് അദ്ദേഹം ഒരു നിമിഷം മൗനിയായി.

“എല്ലാം യഹോവയുടെ അനുഗ്രഹം,” രാജാവു പറഞ്ഞു. നാഥാൻ അർത്ഥം വെച്ചൊന്നു മൂളി. പ്രവാചക ശൈലിയിൽ ഒരു കഥ പറയാൻ ആരംഭിച്ചു. ദാവീദ് ചെവികൂർപ്പിച്ചു കേട്ടു.

പ്രവാചകന്മാരെ കൊട്ടാരങ്ങളിൽ എപ്പോഴും കാണാൻ കിട്ടില്ല. അന്തേവാസികൾ, കാവൽ ഭടന്മാർ, രാജ സദസ്സിലെ പ്രമുഖർ, സന്ദേശവാഹകർ എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരിക്കുവാൻ നാഥാൻ പറഞ്ഞു. എല്ലാവരും “ഞങ്ങൾ നിന്നോളാം, പ്രഭോ” എന്നായി. “ഇരിക്കുവിൻ, അനുസരണം ബലിയേക്കാൾ മഹത്തരമാണ്.” യഹോവയുടെ കാഴ്ചപ്പാട് വ്യക്തമാക്കി നാഥാൻ പ്രവാചകൻ ഒരു കഥ പറയാൻ ആരംഭിച്ചു. ഒരു ഗ്രാമത്തിൽ രണ്ടു പുരുഷന്മാരുണ്ടായിരുന്നു. ഒരുവൻ ധനവാനായിരുന്നു. മറ്റവൻ ദരിദ്രനും. ധനവാന് കാളകളും ആടുകളും



www.malankaralibrary.com

ഒട്ടനവധിയുണ്ടായിരുന്നു. ദരിദ്രനാകട്ടെ അയാൾ വിലയ്ക്കുവാങ്ങി വളർത്തിയിരുന്ന ഒരു പെൺകുഞ്ഞാടു മാത്രവും. വീടു വിട്ടുപോകാൻ കുഞ്ഞാടിനു ആവശ്യമില്ലായിരുന്നു. ആ ദരിദ്രകുടുംബത്തിലെ അംഗങ്ങൾ തങ്ങളുടെ ഭക്ഷണ പാനീയം ആടിനും കൊടുത്തു. ദരിദ്രൻ അയാളുടെ കൈവെള്ളയിൽ വെച്ചു നുറുക്കിയ അപ്പക്കഷണങ്ങൾ കൊടുത്തിരുന്നു. വൃത്തിയുള്ള പാത്രത്തിൽ ശുദ്ധ ജലവും. മുന്തിരികായ്കൾ പിഴിഞ്ഞു അവശേഷിക്കുന്ന ചണ്ടി കുഞ്ഞാടിനിഷ്ടമായിരുന്നു. കുഞ്ഞാട് 'വളർത്തപ്പനെ' അത്യധികം സ്നേഹിച്ചു. വളർത്തപ്പനാകട്ടെ കുഞ്ഞാടിനെയും അത്യധികം സ്നേഹിക്കയും ലാളിക്കുകയും ചെയ്തു.

ധനവാന്റെ വീട്ടിൽ ഒരു വഴിയാത്രക്കാരൻ വന്നു. തന്റെ അടുക്കൽ വന്ന യാത്രികനുവേണ്ടി തന്റെ ആട്ടിൻ കൂട്ടത്തിൽനിന്നും ഒരാടിനെ എടുക്കാതെ ദരിദ്രനായ അയൽക്കാരന്റെ കുഞ്ഞാടിനെ പിടിച്ച് പാകം ചെയ്ത് അതിഥി സൽക്കാരം നടത്തി.



പ്രവാചകൻ പറഞ്ഞ കഥ ഹ്രസ്വമായിരുന്നെങ്കിലും ദാവീദിന്റെ ഉള്ളിൽ അവശേഷിച്ചിരുന്ന നീതിബോധം സടകുടഞ്ഞെഴുന്നേറ്റു. യഹോവയാണെ, ഈ പ്രവൃത്തി ചെയ്ത നീചൻ ജീവിക്കാൻ അർഹനല്ല. അവൻ മരണയോഗ്യൻ. അവൻ അയൽക്കാരനോടു കരുണയില്ലാതെ ചെയ്തതിനു പ്രായശ്ചിത്തമായി പകരം നാല് ആടുകളെ ദരിദ്രനു കൊടുക്കണം.



www.malankaralibrary.com

പ്രവാചകൻ അംഗീകരിച്ചുകൊണ്ടു പറഞ്ഞു: "അത് ന്യായമാകുന്നു."

ദാവീദ് ചോദിച്ചു. "നമ്മുടെ രാജ്യത്ത് ഇത്ര വലിയ ദുഷ്ടന്മാർ പാർക്കുന്നുവോ? ഇത് യഥാർത്ഥത്തിൽ നടന്നതാണോ?"

നാഥാൻ പറഞ്ഞു. ഈ സംഭവം ശരിതന്നെ. ദാവീദിനു വീറു കൂടി. ഇത്തരം കുറ്റങ്ങൾ വെച്ചു താമസിപ്പിക്കാതെ ശിക്ഷിക്കപ്പെടണം. മറ്റുള്ളവർക്കും പാഠമാകണം. ഇത് ചെയ്തത് ആരാണ്? ദാവീദ് നാഥാനോട് ചോദിച്ചു. കൊട്ടാരത്തിൽ സദ്യയ്ക്കു വന്നു ചേർന്ന പ്രഭുക്കന്മാർ ഒഴിഞ്ഞിരുന്നില്ല. അതു മനസ്സിലാക്കിയ പ്രവാചകൻ ധൃതി വേണ്ടെന്നും ഭക്ഷണം കഴിഞ്ഞ് കുറെ സമയം ശാന്തമായി ചിന്തിച്ച ശേഷം ശിക്ഷ നടപ്പിലാക്കിയാൽ മതിയെന്നും പറഞ്ഞു.

ദാവീദിനുടൻ നീതി നടത്തണം. ദാവീദിന്റെ ഭരണത്തിൽ നീതിയല്ലാതെ മറ്റൊന്നും അവൻ ആഗ്രഹിക്കുന്നില്ലെന്നും കൂട്ടിച്ചേർത്തു.

ദാവീദിന്റെ നിർബന്ധം കലശലായി. കോപം മുഖത്തെ പേശികൾ വിജൃംഭിപ്പിച്ചു. പ്രവാചകൻ പറയാൻ കൂട്ടാക്കുന്നില്ലെങ്കിൽ ആ ധനികന്റെ കൂട്ടുകാരനായും നീചപ്രവൃത്തിയിൽ പങ്കാളിയായും പ്രവാചകനെ കരുതും. രാജകോപം പത്തിവിരിച്ച മൂർഖൻ പാമ്പിന്റെ ശൗര്യത്തിലായി. നാഥാൻ ഇരിപ്പിടത്തിൽനിന്നെഴുന്നേറ്റു രാജാവിന്റെ സമീപത്ത്, സിംഹാസനത്തിന്റെ അരികിൽ വന്നു നിന്നു കൊണ്ടു പറഞ്ഞു: "ആ മനുഷ്യൻ നീ തന്നെ."

ദാവീദിനു ദൈവം കൊടുക്കുന്ന ശിക്ഷ നാഥാൻ മുൻകൂട്ടി പ്രവചിക്കുന്നു. മരണത്തിന്റെ ഗന്ധം.

ആദ്യമെ നാഥാൻ ദാവീദിനും ദാവീദു മുഖാന്തിരം ഇസ്രായേലിനും ചെയ്ത നന്മകൾ അനുസ്മരിപ്പിക്കുന്നു. അനുഗ്രഹങ്ങളുടെ പ്രളയം വിസ്മരിച്ചു കളഞ്ഞത്. കുറ്റകരമാണ് മറവി. നാഥാൻ ലഭ്യമായ നന്മകളെ എണ്ണിയെണ്ണി നിരത്തി. ഇസ്രായേലിന്റെ ദൈവമായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: "ഞാൻ നിന്നെ ഇസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്തു. നിന്നെ ശൗലിന്റെ കൈയിൽ നിന്നു വിടുവിച്ചു." ഇസ്രായേൽ കഠിന പരീക്ഷകളിലൂടെ കടന്നു പരിശീലനം നേടി. പിടിച്ചുനിൽക്കാൻ ത്രാണിയുള്ള ജനസമൂഹമായി



www.malankaralibrary.com

വളർന്നു. ശാരീരികവും മാനസ്സികവുമായ പ്രതിബന്ധങ്ങൾ ഉണർവ്വും പുഷ്ടിയും നൽകുന്നു.

"ഞാൻ നിനക്കു നിന്റെ യജമാനന്റെ ഗൃഹത്തെയും നിന്റെ മാർവ്വിടത്തിലേക്ക് നിന്റെ യജമാനന്റെ ഭാര്യമാരെയും തന്നു." നാഥാന്റെ കണ്ണുകളിൽ നിന്നും തീ പാറുകയാണോ? പ്രവാചകന്മാരുടെ ദൗത്യം ഇത്ര കഠിനമാണോ? ദാവീദ് അറിയാതെ പറഞ്ഞുപോയി. ആരും അതുകേട്ടില്ല.

"യഹൂദാ ഗൃഹത്തെയും ഇസ്രായേൽ ഗൃഹത്തെയും നിനക്ക് തന്നു. നിനക്കിതൊന്നും തികഞ്ഞില്ലെങ്കിൽ പിന്നെയും ഞാൻ തരുമായിരുന്നു. യഹോവാ നിന്നെ വലിയവനാക്കി. പ്രശസ്തനാക്കി. ഭരണനിപുണനാക്കി. യുദ്ധത്തിൽ വിജയശ്രീലാളിതനാക്കി. പോരെങ്കിൽ വെള്ളം സമൃദ്ധിയായി ലഭിക്കുന്ന കിണറുകൾ ഉള്ള മേഖലകൾ നിനക്കു യുദ്ധത്തിൽ ദാനമാംവണ്ണം നൽകി, നന്ദികൊണ്ടു നിറഞ്ഞു കവിഞ്ഞ പുതിയ സങ്കീർത്തനങ്ങൾ പാടേണ്ട നീ ആത്മിക നിയന്ത്രണമില്ലാത്ത ചുഴലിദീനക്കാരനെപ്പോൽ എന്തോ ഒക്കെ അബോധാവസ്ഥയിൽ വെളിവുകേടുകൾ സംസാരിക്കുന്നു.

".... ഹിത്യനായ ഉറിയായുടെ ഭാര്യയെ നിനക്കു ഭാര്യയായി എടുത്തതുകൊണ്ട് 'വാൾ' നിന്റെ ഗൃഹത്തെ ഒരിക്കലും വിട്ടുമാറുകയില്ല." ഇന്നും ഇസ്രായേൽ പടക്കളം തന്നെ. വാളിനു പകരം ആധുനിക റോക്കറ്റുകൾ. "നിന്റെ സ്വന്തം ഗൃഹത്തിൽ നിന്നു തന്നെ ഞാൻ നിനക്ക് അനർത്ഥം വരുത്തും; നീ കാൺകെ ഞാൻ നിന്റെ ഭാര്യമാരെ എടുത്ത് നിന്റെ കൂട്ടുകാരനു കൊടുക്കും; അവൻ ഈ സൂര്യന്റെ വെളിച്ചത്തിൽ തന്നെ നിന്റെ ഭാര്യമാരോടുകൂടെ ശയിക്കും." യഹോവയുടെ നാമത്തിൽ നാഥാൻ ഗർജ്ജിക്കുന്നു.

"...ഈ പ്രവൃത്തി കർത്താവിന്റെ ശത്രുക്കൾക്ക് ദൂഷണം പറയുവാൻ കാരണമാക്കിയതുകൊണ്ട് നിനക്കു ജനിച്ചിരിക്കുന്ന കുഞ്ഞ് മരിച്ചുപോകും." ഏറ്റം വലിയ ദുരന്തം. നാഥാൻ കൊട്ടാരവുമായുള്ള ഔദ്യോഗിക ബന്ധം വിഛേദിച്ച് സ്വന്തം വീട്ടിലേക്കു മടങ്ങുന്നു. വ്രതകാലങ്ങളിൽ മരുഭൂമിയിൽ തപസ്സുചെയ്തിരുന്ന പ്രവാചകൻ ദാവീദിന്റെ ആത്മപിതാവ് എന്ന സ്ഥാനം ഉപേക്ഷിച്ചു.



www.malankaralibrary.com

## ഒൻപത്

അനന്തരം ദാവീദ് അനുതാപക്കണ്ണീർ പൊഴിക്കുന്നു. നാഥാന്റെ വിമർശനം ഹൃദയത്തെ നുറുക്കി, തെറ്റിന്റെ കാഠിന്യം കൂരമ്പുപോലല്ലെ മാർവിൽ തറച്ചത്. പലതും വലിച്ചൂരാൻ നിർവാഹമില്ലാത്തതും. അന്യന്റെ ഭാര്യയെ മോഹിക്കരുതെന്ന കല്പനയിലൂടെ മോശ ഇസ്രായേൽ നിയമം രൂക്ഷമാക്കിയിരുന്നു. അച്ഛൻ ഇല്ലാത്ത മക്കൾ ഉണ്ടായിക്കൂടാ. സ്വന്തം അച്ഛനെത്തന്നെ കുഞ്ഞുങ്ങൾ അച്ഛനെന്നു വിളിക്കണം. സ്വന്തം കുഞ്ഞുങ്ങളെ അച്ഛൻ ലാളിക്കണം.

ഉറിയ ഈ നിലപാടിൽ ഉറച്ചു നിന്നെങ്കിൽ ഇത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിനുവേണ്ടി ദൈവം കൊടുത്ത സ്വാർത്ഥതയാണ്. ആപത്തുകാലത്ത് കുടുംബബന്ധം ദൃഢമാക്കാൻ ആവശ്യമായ സ്വാർത്ഥതകൾ എല്ലാം ദൈവികമാണ്. ബുദ്ധിയുടെ വികാസത്തിന്റെ ഒരു ഘട്ടത്തിൽ ബഹുഭാര്യാത്വവും ബഹുഭർതൃത്വവും തെറിച്ചുപോകുന്നു. പ്രകൃതി നിയമത്തിനെതിരെ പൊരുതുന്ന അനീതി മനുഷ്യനിൽ ഇല്ലെന്നു പറയാവതല്ല, ഉദ്ദേശിക്കുന്ന നന്മ നീതിമാന്മാർക്കു പോലും ചെയ്യാൻ കഴിയാതാകത്തക്കവിധം അവന്റെ ഉള്ളിൽ ആഭ്യന്തര യുദ്ധം നടക്കുന്നതിന്റെ പടഹധ്വനികൾ ഏവർക്കും ശ്രദ്ധിച്ചാൽ കേൾക്കാം.

ദൈവം മന്ദമാരുതനിൽ സംസാരിക്കുന്നു. കൊടുങ്കാറ്റിൽ അല്ല, മനഃസാക്ഷി തോലുപോലെ കട്ടിയായാൽ ഈശ്വരന്റെ മൃദുസ്വനങ്ങൾ കേൾക്കില്ല. അപ്പോൾ വേദങ്ങൾക്കു വ്യാഖ്യാനം ഏറും. തങ്ങളുടെ ദുർപ്പാച്ചിലുകൾക്ക് അനുകൂലമായി വ്യാഖ്യാനിക്കും.


ദാവീദ് മദ്ധ്യവയസ്സും കഴിഞ്ഞ് വാർദ്ധക്യത്തിലേക്ക് കാലുകുത്തിയിരുന്നു. എങ്കിലും വാളെടുത്ത് നാലു യുവപോരാളികളെ എതിരി



www.malankaralibrary.com

ടാൻ കെൽപ്പുണ്ടായിരുന്നു. ഹിത്യന്മാർ കൊട്ടാര വാതിൽക്കൽ എത്തിയിരുന്നു. പടയാളികൾ ഒന്നുകിൽ വാതിൽ തുറന്നുകൊടുത്ത ശേഷം പലായനം ചെയ്യും. അല്ലെങ്കിൽ കൊട്ടാരം കൊള്ളയടിക്കും. ഈ ഘട്ടത്തിൽ ദാവീദ് മെത്തയുപേക്ഷിച്ച് നിലത്തുകിടക്കുകയാണ്. ദൈവത്തിനെതിരെ ചെയ്ത പാപങ്ങൾ ഓർത്തു വിലപിക്കുകയാണ്.

"അങ്ങയുടെ സാന്നിദ്ധ്യം കൊട്ടാര വാതില്ക്കൽ ഉണ്ടാകണം. അധികാര ചിഹ്നമായ ഉടവാൾ കൂടി കൈയിൽ വഹിച്ചാൽ മതി." കൊട്ടാരം കാര്യസ്ഥൻ അറിയിച്ചു. അപ്പോഴും ദാവീദ് വിലപിച്ചുകൊണ്ട് ഒന്നു തിരിഞ്ഞുകിടന്നതു മാത്രം. രാജ്യം നശിച്ചേക്കാം. അധികാരം പോയി മറയാം. ദാവീദ് ആർക്കുവേണ്ടി ഒരു നാടോടി വർഗ്ഗത്തെ ഒറ്റജനമാക്കി നൽകിയോ, ഏതു ജനത്തിനുവേണ്ടി പെരുത്ത യുദ്ധങ്ങൾ നയിച്ചുവോ, ദുർഗ്ഗങ്ങളാൽ പട്ടണങ്ങളെയും ഗ്രാമങ്ങളെയും സുരക്ഷിതമാക്കിയോ, ഒരു ജനതയുടെ ആരാധനയ്ക്കായി സങ്കീർത്തനങ്ങൾ രചിച്ചുവോ, വംശങ്ങളെ ക്രമീകരിച്ചു പാർപ്പിച്ചുവോ അവരെല്ലാം ഒരൊറ്റ തെറ്റിന്റെ പേരിൽ ഇന്നു പരിഹസിക്കുന്നു. താൻ ചെയ്തതും അത്ര ചെറിയ കുറ്റമല്ലല്ലോ. കവികൾ സൗന്ദര്യാരാധകരായിരിക്കാം.



പക്ഷേ യുദ്ധവീരന്മാർക്ക് അക്കാലത്ത് ബ്രഹ്മചര്യം നിഷ്കർഷിച്ചിരുന്നു. യുദ്ധസമയങ്ങളിൽ ഭാഗികമായ ബ്രഹ്മചര്യം. ദാവീദിനെ ഓർമിക്കപ്പെടുന്ന വ്യക്തിത്വമാക്കിയത് മഹേശ്വരനായ യഹോവ. നൂറ്റിഅൻപത് സങ്കീർത്തനങ്ങൾ (151 ആയും) തിരിച്ചിട്ടുണ്ട്. പക്ഷേ എല്ലാം



www.malankaralibrary.com

കൂടി വായിച്ചു കൂട്ടിക്കഴിയുമ്പോൾ വള്ളിയോ പുള്ളിയോ വിസർഗ്ഗമോ മാറ്റമില്ല.

സമൂഹാരാധനയുടെ വൈശിഷ്ട്യം ദാവീദ് സത്കാലങ്ങളിൽ ഗ്രഹിച്ചിരുന്നു. സങ്കീർത്തനങ്ങളിൽ മൂന്നിൽ ഒരു ഭാഗം ദാവീദ് തന്നെ രചിച്ചു എന്ന് അഭിപ്രായവുമുണ്ട്. തന്റെ ജീവിത കാലത്തിൽ രണ്ടുനൂറ്റാണ്ടു മുൻപു മുതൽ ഭക്തർ പാടി തേയ്മാനം വരാതെ ഹൃദയഭിത്തികളിൽ എഴുതിസൂക്ഷിച്ചിരുന്നവ മുഴുവൻ ശേഖരിച്ചതും തന്റെ കിന്നരത്തിൽ നിന്ന് പുറപ്പെട്ടവയുമായി ചേർത്തുവെച്ചതാകാം, "പ്രവാചകനും രാജാവുമായ ദാവീദിന്റെ സങ്കീർത്തനങ്ങൾ." ഏതായാലും ഒരു കാര്യം സുവിദിതമാകുന്നു. സമൂഹാരാധനാ ക്രമത്തിൽ സങ്കീർത്തനങ്ങൾക്കു നല്കിയ സമുന്നതമായ സ്ഥാനം ദാവീദിന്റെ കാലഘട്ടത്തിൽ മാത്രമല്ല ഇന്നും നില നിൽക്കുന്നു. ദാവീദിന്റെ സങ്കീർത്തനങ്ങൾ ക്രൈസ്തവാരാധനയെ അലങ്കരിച്ചിരിക്കുന്നു. പൂജാകർമ്മങ്ങളിൽ, യാമപ്രാർത്ഥന കളിൽ, മലയാള സാഹിത്യത്തിൽ അങ്ങിങ്ങായി സങ്കീർത്തനം എന്ന വാക്പ്രയോഗം കാണാം.

"ദൈവമേ, നിന്റെ കരുണയിൻ പ്രകാരം എന്നോട് കനിവ് ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വ പ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയേണമേ." തറയിൽ കിടന്നുകൊണ്ട് ദാവീദ് ഏറ്റുപറഞ്ഞ സ്വന്തം കുറ്റം ഇപ്പോൾ എല്ലാപൂജയിലും ദേവാലയ ശുശ്രൂഷയിലും ആവർത്തിക്കപ്പെടുന്നു, പാപശുദ്ധിക്കായി. 'എന്റെ അന്യായത്തിൽ നിന്ന് നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ.' ഈ ആവശ്യം മനുഷ്യ ജാതിയിൽ പിറന്ന എല്ലാ തിരിച്ചറിവുള്ളവർക്കും എന്നുമുണ്ട്. തങ്ങളുടെ അതിക്രമങ്ങളെ തിരിച്ചറിയുക, അനുതാപത്തിന്റെ ആദ്യ പടിയാണ്. അത് നാഥാൻ പ്രവാചകൻ ഭംഗിയായി പറഞ്ഞുകൊടുത്തിരുന്നു. ഒരിക്കൽ പാപം ചെയ്താൽ എന്നും പാപിയാണ്. അതുകൊണ്ടാണ് പ്രവാചകൻ അസന്ദിഗ്ദ്ധമായി കുറ്റപ്പെടുത്തുന്നത്. "നിന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരെ ഇരിക്കുന്നു. നിനക്ക് എതിരായിത്തന്നെ ഞാൻ പാപം ചെയ്തു; നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു." തെറ്റുകൾ ചെയ്യുന്നത് വിജയമായി കരുതുന്ന ഒരുവിഭാഗം ജനങ്ങളോട്: ദൈവത്തിന്റെ വിധിതീർപ്പിൽ ദൈവം തന്നെ ജയിക്കും. ദൈവത്തെ വെല്ലുവിളിക്കുന്നത് ദൈവദൂഷണമാണെന്ന് പ്രവാചകനറിയാം. മാതൃ ഗർഭത്തിൽ വെച്ചുതന്നെ ഉദ്ഭവദോഷം



www.malankaralibrary.com

തീണ്ടിയിട്ടുണ്ട്. ജന്മകർമ്മ പാപങ്ങളെ അവഗണിച്ചുകൊണ്ട് ദൈവം ദാവീദിനെ ഇഷ്ടപ്പെട്ടു. ജ്ഞാനത്തിന്റെ രഹസ്യങ്ങൾ ദൈവം അവനെ അറിയിച്ചുകൊടുത്തു. ദൈവത്തിന്റെ ജ്ഞാനം ഒരു ഇസ്രായേല്യന് അതിപാവനമാണ്. ദൈവ തിരുസന്നിധിയിലേക്കു വാതിൽ തുറക്കുന്ന താക്കോലാണത്.

അനുതാപിയായ ദാവീദിന് ദൈവത്തിന്റെ കരുണ വിസ്മരിക്കാനാവില്ല. പാപച്ചെളിയിൽ ആഴ്ന്നുപോയിട്ടും ആത്മാനന്ദവും സന്തോഷവും അയച്ചുകൊടുത്ത് അവനെ തൃപ്തനാക്കാൻ അവൻ പ്രാർത്ഥിക്കുന്നു. അസ്ഥികൾപോലും ക്ഷീണിച്ച അവസരത്തിൽ ബന്ധം പുനഃസ്ഥാപിച്ച് ദൈവ പ്രീണനം നടത്താൻ ദാവീദ് സന്നദ്ധനാണ്. അപേക്ഷകൾ ആത്മകാര്യങ്ങളെ മുൻ നിർത്തിയാണ്. പാപങ്ങളിൽപെട്ടുവെങ്കിലും തിരുമുഖം ദർശിക്കണം. ആ ദർശനത്തിലൂടെ അതിക്രമങ്ങൾ മായിക്കപ്പെടണം. വെടിപ്പുള്ള ഹൃദയം തന്നിൽ പുനഃസ്ഥാപിക്കപ്പെടണം. നീതിയുള്ള ജീവിതത്തിൽ ആത്മസ്ഥിരത പരിശുദ്ധിയിൽ പാലിക്കണം. തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ എന്ന പ്രാർത്ഥന ഒരു തേങ്ങലായിട്ടാണ് പുറത്തുവന്നത്. ഇപ്രകാരം ആത്മാവിനെ ദൈവ തിരുമുമ്പിൽ ഒഴിച്ചുകളയുന്ന വികാരപ്പാച്ചിലിന് വിരാമമിടുന്നില്ല ദാവീദ്. അനുതാപ സങ്കീർത്തനങ്ങളുടെ സംഗീതം തന്നെ ദുഃഖമയമാണ്. ചില സന്ദർഭങ്ങളിൽ നീതിയേക്കാൾ വലിയ ക്ഷമ ദൈവം കാണിക്കുന്നു എന്ന അനുഭവജ്ഞാനം പ്രത്യാശയുടെയും പാപക്ഷാളനത്തിന്റെയും ശുഭ്രവികാരങ്ങളെ പ്രസ്ഫുരിപ്പിക്കുന്നു. വിലാപ കാവ്യങ്ങൾക്കുള്ള സാഹിത്യ ഗുണം തന്നെ മേൽത്തരം. സാവകാശം മനസ്സിരുത്തി പാരായണം ചെയ്യുന്നവർക്ക് ആന്തരികത സമൃദ്ധിയായി വളരുന്നു.


www.malankaralibrary.com

# പത്ത്

ദീർഘകാലം ആത്മീയകാര്യങ്ങളിൽ ഏറെ നിഷ്ഠയോടെ കഴിച്ചുകൂട്ടിയവർ ഒരു കഠിന പാപത്തിൽ അകപ്പെട്ടാൽ ഉടനെ പ്രായശ്ചിത്തം ചെയ്യണം. നിയമദാതാക്കൾ പാപത്തിന് പരിഹാരം നിർദേശിച്ചിരുന്നു. മനുവിന്റെ നിയമത്തിലും മോശയുടെ കാലഘട്ടത്തിലുമൊക്കെ പരിഹാരക്രിയകൾ വിധിച്ചിരുന്നു. ദാവീദാകട്ടെ യഹോവയെ വിളിച്ച് നേരിട്ട് പൊറുതി അപേക്ഷിക്കുന്നു. യഹോവയുടെ കരം വീണ്ടും പ്രബലപ്പെടാനും മുഖം ദർശനീയമാക്കുവാനുമുള്ള ആത്മബലിയിൽ വിനയപൂർവ്വം ഊന്നൽ നല്കുന്നു. പ്രമാണമുള്ളിടത്ത് പ്രമാണ ലംഘനം ഉണ്ടാവുക സ്വാഭാവികമാണ്. പക്ഷേ, ദൈവത്തിന്റെ തിരുമുമ്പിൽ കരുണ അപേക്ഷിക്കുന്ന ഭിക്ഷുവിനെ ദൈവം സഹർഷം സ്വീകരിക്കുന്നു. ദാവീദരചൻ പാപിക്കു വീണ്ടും സന്മാർഗ്ഗത്തിൽ ചരിക്കാൻ മാതൃകയാകുന്നു.

ഭൗതിക ശിക്ഷകൾ ഒരു വശത്ത്. മറുവശത്ത് ദൈവാനുഭവ നഷ്ടം. ഒരുപക്ഷേ നിത്യശിക്ഷ. ഇവയ്ക്കു മദ്ധ്യേ ഉഴലുന്ന മനം ദാവീദ് അവലംബിച്ച രക്ഷാവഴി ഇന്നും തേടുന്നു. ദാവീദിന്റെ വാക്കുകൾ തന്നെ ആവർത്തിച്ച് മനസൗഖ്യവും ആത്മസൗഖ്യവും തേടുന്നു. ധൂർത്ത പുത്രന്മാർക്ക് വീട്ടിലേക്ക് മടങ്ങാനുള്ള വഴിത്താര വെട്ടിത്തുറക്കുന്നു.

ജീവിതത്തിന്റെ വൈവിദ്ധ്യമേറിയ അവസരങ്ങൾ ദൈവോന്മുഖമാക്കുന്നതിൽ സങ്കീർത്തനം സമ്പൂർണ്ണ പഠനസഹായിയാണ്. ദാവീദ് മുഴുവൻ സങ്കീർത്തനങ്ങളുടെയും ക്രോഡീകരണം നടത്തുകയും ഏകദേശം മൂന്നിലൊരു ഭാഗം സ്വയം എഴുതിച്ചേർത്ത് സംഗീതം നൽകുകയും ചെയ്തു. മനുഷ്യവംശത്തിന് പിൽക്കാലമെല്ലാം സങ്കീർത്തനം സുഖദമായി. സങ്കീർത്തന ക്രോഡീകരണം തന്നെ ഒരു വലിയ അദ്ധ്വാന



www.malankaralibrary.com

മായിരുന്നു. ഇടയബാലനിൽ തുടങ്ങി രാജാവും കൊട്ടാരവാസിയുമാകുന്നതുവരെയുള്ള പരിണാമം! ഇസ്രായേലിന്റെ പ്രവാചകന്മാരെ , ഗായകരെ, സാംസ്കാരിക നായകരെ പരിചയപ്പെട്ടിരുന്നതുകൊണ്ട് എളുപ്പത്തിൽ ക്രോഡീകരണം സാദ്ധ്യമായി. ആരെങ്കിലും മുൻകൈ എടുക്കാതെ സാർത്ഥകമായ ഒന്നും നരവംശത്തിനവകാശപ്പെട്ടതാകു ന്നില്ല.

രാജവാഴ്ച ദീർഘകാലം നീണ്ടുനിന്നതിന്റെ ചരിത്രം ഏതു ഭൂവിഭാഗങ്ങളിൽ അന്വേഷിച്ചാലും ഒരു രഹസ്യം മനസ്സിലാക്കാം. മുകളിൽനിന്നു നൽപ്പെട്ട ഭൗതികാധികാരം ഈശ്വര നിശ്ചയമാണെന്ന് ജനങ്ങളെ മനസ്സിലാക്കുകയാണത്. മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധം പൂർണമായി വെട്ടിനീക്കുന്നില്ല. രാജവാഴ്ചാ സമയത്തും ചില സങ്കീർത്തനങ്ങൾ സംഘഗാനമായി ഇസ്രായേലിൽ പാടിയിരുന്നു. "നീ എന്നോട് ചോദിക്കുക, നിനക്കവകാശമായി പുറജാതികളെയും നിനക്കധീനമായി ഭൂമിയുടെ അതിർത്തികളെയും ഞാൻ നല്കും."

രാജാവിനും പ്രജകൾക്കും ഒന്നുപോലെ ആവശ്യമുള്ളതാണ് രാജ്യം. ജനസംഖ്യാനുപാതമായി ഭൂമി അവകാശപ്പെടുത്തണം. ഭാവിയിൽ ജനസംഖ്യാ വർദ്ധനവുണ്ടാകും. അതും കണക്കിലെടുക്കണം. മനുഷനും ആടുകൾക്കും ഭക്ഷണം ലഭ്യമാക്കണം. ധാന്യവും ഫലമൂലാദികളും ചണവും വിളയുടെ പ്രദേശങ്ങളിൽ ജനസുസ്ഥിതിക്ക് ആവശ്യമുണ്ട്. ഭരണീയരെ സ്വജനമായി രാജാവു കരുതിയാൽ വരുന്ന കിരീടഭാരം. അതേ സമയം പാട്ടും നൃത്തവും നാരിമാരും മുന്തിരിച്ചാറുമായി കഴിയുന്ന രാജാക്കന്മാർക്കു ഭൗതിക സുഖങ്ങളിൽ മുഴുകാം. എന്നാൽ പിന്മുറക്കാർ ജനങ്ങളോടൊപ്പം ക്രൂരമായ യാതനകൾ അനുഭവിക്കുമെന്നതു ചരിത്രപാഠം.

രാജാവ് യഥാർത്ഥ രാജാവാകുന്നത് അദ്ദേഹം ഈശ്വരശക്തിയിൽ സന്തോഷിക്കുന്നവനായതിനാലാണ്. മുകളിൽ നിന്ന് ഉദാരമായി നല്കുന്ന രക്ഷയിൽ അധികമായാഹ്ലാദിക്കുകയും ചെയ്യും. "കർത്താവേ, രാജാവ് നിന്റെ രക്ഷയിൽ സന്തോഷിച്ച് നിന്റെ രക്ഷയിൽ അധികമായി ആഹ്ലാദിക്കും."

ദൈവത്തിലും ദൈവം ദാനംതന്ന വകകളിലും ന്യായമായി മനുഷ്യന് ആനന്ദിക്കാം; ആഹ്ലാദിക്കാം; സിംഹാസനാരൂഢനാകുമ്പോൾ പാടിയിരുന്ന പദങ്ങൾക്കൊപ്പം.



www.malankaralibrary.com

# പതിനൊന്ന്

രാജാവിനുവേണ്ട സ്വഭാവ ഗുണങ്ങൾക്കായും പ്രാർത്ഥിക്കുന്നു. “ദൈവമേ, രാജാവിന് നിന്റെ ധർമ്മ പ്രമാണവും രാജപുത്രനു നിന്റെ മഹിമയും നൽകേണമേ' (സങ്കീർത്തനം 71). രാജാവിന്റെ സ്വാതന്ത്ര്യം, ഈശ്വരനിലേക്ക് ഉൾപ്രവേശിക്കുവാനുള്ള വരമാണ്. ഈശ്വരൻ തന്നെ കൊട്ടാരം പോലെ വാസസ്ഥലമാകണം. രാജാവ് ഈശ്വരന്റെ വിനീത നായ പ്രജ മാത്രം. രാജാവിനു ബന്ധന മുക്തിയും രക്ഷയും സങ്കേത സ്ഥലവും ഉയർന്ന ദുർഗ്ഗവുമെല്ലാം ദൈവം നൽകട്ടെ. സിംഹാസനാ രോഹണസമയത്ത് ഈ ഗാനം ഉച്ചസ്ഥായിയിൽ എത്തിയിരുന്നു. ആശം സകൾ പ്രാർത്ഥനകളാണല്ലോ.

രാജാവിനും ധ്യാനനിരതനാകേണ്ടതുണ്ട്. രാജാവിനും ഈശ്വര സ്തുതികൾ ആലപിക്കേണ്ടതായിട്ടുണ്ട്. നിർമ്മലമനഃസാക്ഷിയുള്ള രാജാവ് ബലവാന്റെ അക്രമാസക്തിയിൽ നിന്നു ബലഹീനനെ രക്ഷി ക്കുന്നു. രാജാവ് വഞ്ചനയിൽ നിന്നും ദുഷ്ടതയിൽ നിന്നും അവ രുടെ പ്രാണനെ രക്ഷിക്കുന്നു. രാജദൃഷ്ടിയിൽ എളിയവരുടെ രക്തം അമൂല്യമാകുന്നു. ക്രമസമാധാന നില പാലിപ്പാനുള്ള ബോധവൽക്ക രണം ചുമതലപ്പെട്ടവർക്ക് ഇവിടെ നിന്നാരംഭിക്കാം. സത്യത്തിൽ രാജാ ധിരാജൻ യഹോവമാത്രം.

ഭക്തിഗാനങ്ങൾക്കു മനുഷ്യമനസ്സിനെ ഈശ്വരനുമായി ബന്ധി ക്കാനുള്ള ശക്തി അന്നും ഇന്നും പകൽവെളിച്ചം പോലെ വ്യക്തമാ ണ്. ഹൃദയത്തിന്റെ അഗാധതലങ്ങളിൽ സംഭവിക്കുന്ന ഈശ്വര സായുജ്യം. ഉറക്കത്തിലും ഉണർവിലും ഹൃദയത്തിന്റെ നിറവിൽ നിന്നു വരുന്ന ഈരടികൾ. ഹീബ്രു ഗാനങ്ങൾ ആ ഭാഷയിൽ വായിക്കുമ്പോൾ



www.malankaralibrary.com

വൃത്തഭംഗിയും മാത്രകളുടെ സമന്വയവും സംഗീതവുമായി ബന്ധപ്പെട്ട മറ്റുരചനാ വൈഭവവും നന്നായി പാലിക്കുന്നു. ഈശ്വരന്റെ അസ്തിത്വവും മനുഷ്യന്റെ മനസ്സിന്റെ വൈവിധ്യമേറിയ അടുക്കുകളിലേക്കുള്ള ഊളിയിടലും ഒഴിവാക്കി ഈശ്വരനും ഞാനും യാഥാർത്ഥ്യങ്ങളായി അംഗീകരിച്ചുകൊണ്ട് ഞാനും നീയുമായുള്ള വ്യക്തിഗത ബന്ധത്തിൽ ഊളിയിടുക എന്നതാണ് സായുജ്യമായി ദാവീദു കരുതിയത്. ഒരേ കുടുംബത്തിൽ നിന്നു മാറി താമസമാക്കിയ സഹോദരന്മാരുടെ വീടുകളിൽ തറവാട്ടിലെ കിണ്ടിയും ലോട്ടായുമൊക്കെ ഒരേ അച്ചിൽ വാർത്തവയുണ്ടാവും. അതുപോലെ ആത്മാവിന്റെ അഗാധതലങ്ങളിൽ മുങ്ങിത്തുടിക്കുന്ന മിസ്റ്റിക്കുകളിലും ഈ സജാത്യം കാണാം.

ഭക്തിഗാനങ്ങൾ എന്ന വിശേഷണം എല്ലാ സങ്കീർത്തനത്തിനും അർത്ഥവത്താണ്. എങ്കിലും ദിവ്യഗാനങ്ങൾ എന്ന പ്രത്യേക ശ്രേണിയിൽ പെടുത്താവുന്ന സങ്കീർത്തനങ്ങൾ ഏറെയുണ്ട്. ഒരു ആമുഖവും യഹോവയുടെ സ്തുതിപ്പുകളും ചില സന്ദർഭങ്ങളിൽ; പ്രകൃതിയിൽ യഹോവയെ നേരിട്ടുകാണുന്ന അനുഭൂതി. ഏതാനും വാക്കുകളിൽ.

രാജാവിനെ മിശിഹായുടെ മുന്നോടിയായി കണക്കാക്കുന്ന സങ്കീർത്തനങ്ങളുമുണ്ട്. രാജാവിന്റെ മഹിമകൾ മിശിഹായിൽ സമ്പൂർണ്ണമാകുന്ന കാലത്തിന്റെ സൂചന. മിശിഹയുടെ അവതാരത്തോടെ വരാനുള്ള സുവർണ്ണകാലവും ദാവീദിന്റെ സ്വപ്നത്തിലുണ്ടായിരുന്നു.

"നിന്റെ ശത്രുക്കളെ ഞാൻ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്ത് ഇരിക്കുക എന്നു കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു." ദാവീദ് നിയമദൃഷ്ട്യാ തന്റെ വംശത്തിന്റെ പിൽക്കാല തലമുറയിൽ എത്തുന്ന രാജാധിരാജനെ ഓർമ്മിക്കുകയാണ്. ആ മനുഷ്യപുത്രന്റെ ദൈവപുത്രത്വം പ്രവചിക്കുകയുമാണ്. ഈ ഭാഗം യേശുവിന്റെ നിത്യത്വം, ആദിയിൽത്തന്നെയുള്ള ദൈവിക അസ്തിത്വം മുൻകൂർ അറിയിക്കുകയാണ്. ദാവീദുതന്നെ അർത്ഥത്തിന്റെ ആഴതലങ്ങൾ കാണണമെന്നില്ല. "ദാവീദു മുഖാന്തരം പരിശുദ്ധ റൂഹാ പാടി" എന്നാണ് ആരാധനാ ക്രമത്തിൽ ആവർത്തിക്കുക. ജ്വാലയുടെ തീപ്പൊരിമാത്രമാകാം പ്രവാചകമനസ്സിൽ മിന്നിമറയുക. പ്രവചനങ്ങളുടെ സാക്ഷാൽ രചയിതാവ് അനാദ്യന്ത്യനായ ദൈവംതന്നെ.



www.malankaralibrary.com

പ്രവാചകന്മാർ ബഹുമാന്യരാകുന്നു. അവർ ചൂണ്ടിക്കാണിക്കുന്ന സൂചിതങ്ങൾ ബഹുമാന്യവും ആരാധ്യവുമാകാം.

"കർത്താവ് നിനക്കു സെഹിയോനിൽ നിന്ന് ബലമുള്ള ചെങ്കോൽ അയയ്ക്കും. അതു നിന്റെ ശത്രുക്കളുടെമേൽ അധികാരം ചെയ്യും;" ദാവീദിന്റെ ജീവിത പശ്ചാത്തലത്തിൽ കൂടി പ്രവഹിക്കുന്ന പ്രവചനം. ദൈവവചനം മനുഷ്യ വചനമായേ അവതരിക്കൂ. അല്ലെങ്കിൽ മനുഷ്യ ബുദ്ധിയുടെ പരിമിതി ഉചിതമായി മനസ്സിലാക്കുകയില്ല. സൂര്യനെ നട്ടുച്ച സമയം നേരിൽ നോക്കുന്ന വവ്വാലിനെപ്പോലെ സൂര്യനെ കാണാൻ കഴിവില്ലാത്ത കണ്ണിന്റെ അവസ്ഥയെ വ്യാഖ്യാനിച്ച് സൂര്യനേ ഇല്ല എന്ന നിഗമനത്തിൽ എത്തിയ കഥപോലെ.

സെഹ്യോനാണ് യഹോവയുടെ മനുഷ്യ സാമീപ്യത്തിനായ് സങ്കല്പി ച്ചിരിക്കുന്ന ആരൂഢമെന്നു തോന്നും."കർത്താവ് നിനക്കു സെഹിയോനിൽ നിന്ന് ബലമുള്ള ചെങ്കോൽ അയയ്ക്കും. അതു നിന്റെ ശത്രുക്കളുടെമേൽ അധികാരം ചെയ്യും." വീണ്ടും മനുഷ്യനോടു ദൈവിക രഹസ്യങ്ങൾ മനുഷ്യഭാഷയിൽ. ഇംഗ്ലീഷിൽ (ഗ്രീക്കിൽ നിന്നു കടന്നുവന്ന) 'അന്ത്രപ്പൊമോർഫിസം' എന്നു പറയാറുണ്ട്. മഹാസമുദ്രം കണ്ടാലും എടുക്കുവാൻ കഴിവുള്ള പാത്രത്തിലെ വെള്ളം കോരാനാവൂ.

വെളിച്ചപ്പാടിൽ നിന്നു വിഭിന്നമാണ് പ്രവചനം. പരദേവതകളും പരേതാത്മാക്കളും ഇവിടെ പ്രസക്തമാകുന്നില്ല.

മല്ക്കി സദേക്ക് അപ്പവും വീഞ്ഞും കാഴ്ചവെച്ച് അന്നുവരെയുള്ള ബലികളും ഹോമ ബലികളും നിരസിച്ചു എന്നുതന്നെ പറയാം. "എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ നീ രമ്യപ്പെട്ടില്ല."

"ദൈവത്തിനു പ്രിയങ്കരമായ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല."


ബലികളും ഹോമബലികളും പരിപൂർണ്ണമായി നിസ്സാരസമയം കൊണ്ട് മാറ്റി പ്രതിഷ്ഠിക്കപ്പെടുന്നില്ല.

ക്രിസ്തീയ പൂജയ്ക്കായുള്ള ഒരുക്ക പ്രാർത്ഥനയുടെ സമയത്ത്, "...എന്റെ ശൈശവപ്രായത്തെ സന്തോഷിപ്പിക്കുന്ന ദൈവത്തിന്റെ സന്നിധിയിലേക്കു ഞാൻ പ്രവേശിക്കും." അതി വിശുദ്ധ സ്ഥലത്തു വൈദികൻ ദാവീദിന്റെ വാക്കുകൾക്കു ശക്തമായ വിലാസം നൽകുന്നു.



www.malankaralibrary.com

ശൈശവം, ബാല്യം എന്നീ ഘട്ടങ്ങളിൽ പാലിക്കേണ്ട ദൈവ നിയമവും ദൈവം വെച്ച പ്രകൃതിനിയമവും ബുദ്ധിപരമായി കൈകാര്യകർത്തൃത്വം കഴിച്ചാൽ ഭാവി സുരക്ഷിതമായിരിക്കും. അവന് ഈശ്വരകരങ്ങൾ തന്നെ താങ്ങായിരിക്കും. അവന്റെ വാർദ്ധക്യം പ്രായത്തിൽ കവിഞ്ഞ പ്രസരിപ്പോടെയും സന്തുഷ്ടിയോടെയും ആസ്വദിക്കാം.



അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കുന്ന വൈദികൻ വീണ്ടും ബലിമേശയുടെ മുമ്പിൽ വന്ദിച്ചുകൊണ്ട് സങ്കീർത്തനം ആലപിക്കുന്നു: "ദൈവമേ, നിന്റെ ഭവനത്തിൽ ഞാൻ പ്രവേശിച്ചു; സ്വർഗീയ രാജാവേ, നിന്റെ സിംഹാസനത്തിന്റെ മുമ്പിൽ വന്ദിച്ചു. നിനക്കെതിരായി ഞാൻ ചെയ്തുപോയ സകല പാപങ്ങളും എന്നോടു ക്ഷമിക്കേണമേ." ക്രിസ്തീയ ആരാധനയിലെ സങ്കീർത്തനങ്ങളുടെ ബാഹുല്യം വീണ്ടും വീണ്ടും വരുന്നു.

കർത്താവേ, ഞങ്ങളുടെ പെരുന്നാളുകളെ (തിരുനാളുകളെ) നിന്റെ ബലിപീഠത്തിന്റെ കൊമ്പുകളോട് ബന്ധിക്കേണമെ. കൊമ്പുകൾ നാലു മൂലകളിൽ അല്പം ഉയർത്തിപണിത സ്ഥാപനങ്ങൾ ആയിരിക്കണം. "നീ എന്റെ ദൈവമാകുന്നു; ഞാൻ നിനക്കു നന്ദി പറയും. നീ എന്റെ



www.malankaralibrary.com

ദൈവമാകുന്നു; ഞാൻ നിന്നെ സ്തുതിക്കും." പൂജയുടെ ആവശ്യവും ലക്ഷ്യവും പ്രധാനമായി ദൈവത്തെ ആ നിലയിൽ അംഗീകരിച്ചു സ്വീകരിക്കുകയും സ്തുതികൾ ആത്മീക ബലികളെന്നപോലെ പാടുകയുമാണ്.

യേശുമിശിഹായെക്കുറിച്ചുള്ള ദാവീദിന്റെ സങ്കീർത്തനങ്ങളിലെ പ്രവചനങ്ങൾ യഥാർത്ഥ്യമാകുന്ന നിമിഷങ്ങളെ അനുഭവിക്കുന്ന അനന്യ നിമിഷങ്ങൾ.

ദാവീദിന്റെ സങ്കീർത്തനങ്ങളുടെ അനുരണനം ഔദ്യോഗിക പ്രാർത്ഥനകളിലും ദിവ്യപൂജയിലും ഇടതടവില്ലാതെ അനുഭവിക്കാം. ആസ്വദിക്കാം. ദാവീദരചൻ മനുഷ്യജീവിതത്തിന്റെ നാനാനുഭവങ്ങളിൽക്കൂടി കടന്നുപോകുമ്പോഴും അവയിൽ ദൈവകരം താങ്ങുന്നതും പിൻവലിക്കുന്നതും വീണ്ടും ശക്തമായ സഹായം പുനഃസ്ഥാപിക്കുന്നതും സഹസ്രാബ്ദങ്ങൾക്കുശേഷവും നിലനിൽക്കുന്ന സംഗീതാത്മകമായ ആത്മഹർഷമാകുമെന്നു കരുതിയിരുന്നോ?

അന്ത്യോക്യൻ ആരാധന യഹൂദ ക്രിസ്ത്യാനികൾക്കുവേണ്ടി രചിച്ചു. ബൈബിൾ ഉദ്ഭവിച്ച മണ്ണിൽത്തന്നെ. യേശു ജീവിച്ച ചെറിയ ഭൂവിഭാഗത്തിൽ. തന്റെ പ്രവൃത്തി മണ്ഡലത്തിൽ. സഹിച്ചതും ആത്മത്യാഗം ചെയ്തതുമായ പശ്ചാത്തല ഭൂമിയിൽ അപ്പോസ്തലന്മാരുടെ കാല്പാടുകൾ പതിഞ്ഞ മണ്ണിൽ പിറന്ന ആദിമ ക്രിസ്ത്യാനികളുടെ സങ്കേതങ്ങളിൽ അന്യം നിൽക്കാൻ പാടില്ലാത്ത ശക്തിയാകുന്നു അത്. ദാവീദ് രാജാവ് സ്വായത്തമാക്കിയ പൂർവ്വാനുഭവമാകട്ടെ, കൂട്ടിച്ചേർത്ത തേൻ വരികളും. മനുഷ്യാത്മാവിന്റെ ഏകീകൃത സ്വഭാവവും ഒരേ ഈശ്വരനിൽ നിന്നു ലഭിക്കുന്ന ഉല്പത്തിയും മനുഷ്യന്റെ മസ്തിഷ്ക്കത്തിൽ ആഞ്ഞമരുന്ന പ്രഹേളികകൾ.

യഹൂദന്മാരുടെ പ്രാർത്ഥനകളിലും സങ്കീർത്തനം പിൽക്കാലത്തു കടന്നു വന്നു. സങ്കീർത്തനം ഭുവനപ്രസിദ്ധമാണ്. മഹാത്മാക്കൾ പലരും അതിൽ നിന്ന് ആത്മകായങ്ങൾക്ക് ഊർജ്ജം സ്വീകരിക്കുന്നു. "അവിടുന്ന് എനിക്കുന്മേഷം നല്കുന്നു; തന്റെ നാമത്തെപ്രതി നീതിയുടെ പാതയിൽ എന്നെ നയിക്കുന്നു." ഒട്ടുമിക്ക ആരാധനാ ക്രമങ്ങൾക്കും ആധാരമായ അന്ത്യോക്യൻ ക്രമം നിലനിർത്തിയവർ ഇന്നും ആരാധനയിൽ സജീവ ഭാഗഭാക്കുകളായി ആത്മാവിന്റെ ഇമ്പം മധുര



www.malankaralibrary.com

മായി അനുഭവിക്കുന്നു. വലിയ പ്രത്യാശയിൽ അവർ കടന്നുപോകുന്നു. "അവിടുത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും." വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയെല്ലാം കവിഞ്ഞൊഴുകുന്ന മാർദ്ദവം.

രാജർഷിയായ ദാവീദിനു വീണ്ടും ശത്രുക്കളുടെ ആക്രമണം. ദൈവാശ്രയം ക്ഷയിക്കാവുന്ന സമയത്ത് അതു പതിന്മടങ്ങായി വർദ്ധിക്കുന്നു. ആഭ്യന്തര ശത്രു, അയലത്തെ അന്യശത്രു, വ്യക്തിപരമായ ശത്രു, അന്യരാജാവായ ശത്രു- ഏതേതുവിധത്തിൽ. ആരൊക്കെ ആയാലും യഹോവയിൽ പ്രത്യാശവെച്ചു വിജയ ഭേരിമുഴക്കുന്നു. യഹോവ സഹായം. യഹോവ പറന്നെത്തി ഉറപ്പാക്കിയ നേർക്കാഴ്ച പോലെ. "എന്റെ ശത്രുക്കളുടെ മുമ്പിൽ അവിടുന്നെനിക്കു വിരുന്നൊരുക്കുന്നു. എന്റെ ശിരസ്സ് തൈലം കൊണ്ട് അഭിഷേകം ചെയ്യുന്നു." എന്തൊരു ചങ്കുറപ്പ്. കിരീടവും ചെങ്കോലും തെറിച്ചുപോയേക്കുമെന്ന് ഭയപ്പെടുന്ന നിമിഷങ്ങളിൽ, ഭീതിദമായ ചുറ്റുപാടിൽ, കുരിരുളായാലും നട്ടുച്ചയായാലും ദൈവേച്ഛതന്നെ നടക്കും. അഭിഷേക തൈലത്തിന്റെ ശക്തി മനനം കൊണ്ടും തപശ്ചര്യകൊണ്ടും ദാവീദു വളർത്തി. ഒരിക്കൽ ലഭ്യമാകുന്ന നൽവരം മാനസിക തയ്യാറെടുപ്പിൽ വർദ്ധിതമാകുന്നു.

"അവിടുത്തെ നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ അനുഗമിക്കും." ജീവിതകാലം മുഴുവൻ ഇങ്ങനെ അന്വേഷിച്ച് വരാൻ വേറെ ആരുണ്ട്? "ജീവിതകാലം മുഴുവൻ കർത്താവിന്റെ ആലയത്തിൽ ഞാൻ എന്നേക്കും വസിക്കും." ആലവിട്ടുപോന്ന മേഷപാലകൻ ദൈവത്തിന്റെ ആലയിൽ. ബലമേറും ദണ്ഡുമായി തനിക്കായി കാവൽ നില്ക്കുന്ന യഹോവ. രാത്രിയിൽ യഹോവയുടെ സംരക്ഷണയിൽ ദുർഗ്ഗത്തിൽ കയറി ഒളിക്കാം; സുരക്ഷിതനാകാം.



www.malankaralibrary.com

## പന്ത്രണ്ട്


ഹൃദയത്തിൽ എഴുതുന്ന വെള്ളി നാരായം കണക്കെയാണ് സങ്കീർത്തനം. ലോലമായ ഹൃദയഭിത്തികളിൽ എഴുത്താണി ആഴ്ന്നിറങ്ങുന്നു. സങ്കീർത്തനങ്ങളുടെ ആത്മാവിനെ തൊട്ടറിയുന്ന രണ്ടു സങ്കീർത്തനങ്ങൾ ഇവിടെ എഴുതിച്ചേർക്കാം. ബൈബിൾ വിജ്ഞാന ശാഖയുടെ നൂലാമാലകളിൽ കുരുങ്ങാതെ, രചനാകാലഘട്ടത്തെക്കുറിച്ചുള്ള മാറാമ്പലിൽ പെടാതെ ഹൃദയ കിന്നരത്തിന്റെ പത്തുകമ്പികളെയും ചലിപ്പിച്ച് ഈശ്വരനുമായുള്ള അസ്തിത്വത്തിന്റെ പൊട്ടിക്കാനാവാത്ത കെട്ടുറപ്പിനെ സരളമായി, ആത്മരാഗമായി ആവിഷ്കരിച്ച വരികൾ ഒന്നും വിടാതെ നൈരന്തര്യ പാരായണത്തിനിതാ:

"കർത്താവേ, എനിക്കു ന്യായം സ്ഥാപിച്ചുതരേണമേ!
എന്തെന്നാൽ, ഞാൻ നിഷ്കളങ്കനായി ജീവിച്ചു;
ചാഞ്ചല്ല്യമില്ലാതെ ഞാൻ കർത്താവിൽ ആശ്രയിച്ചു.
കർത്താവേ, എന്നെ പരിശോധിക്കുകയും പരീക്ഷിക്കുകയും ചെയ്യുക;
എന്റെ ഹൃദയവും മനസ്സും ഉരച്ചുനോക്കുക.
അങ്ങയുടെ കാരുണ്യം എന്റെ കൺമുമ്പിലുണ്ട്
അങ്ങയുടെ സത്യത്തിൽ ഞാൻ വ്യാപരിച്ചു.
കപടചിത്തരോടു ഞാൻ സഹവസിച്ചിട്ടില്ല,
വഞ്ചകരോടു ഞാൻ കൂട്ടു കൂടിയിട്ടുമില്ല.
ദുഷ്കർമ്മികളുടെ സമ്പർക്കം ഞാൻ വെറുക്കുന്നു.
നീചന്മാരോടുകൂടെ ഞാൻ ഇരിക്കുകയില്ല.
കർത്താവേ, നിഷ്കളങ്കതയിൽ ഞാൻ എന്റെ കൈ കഴുകുന്നു
ഞാൻ അങ്ങയുടെ ബലിപീഠത്തിനു പ്രദക്ഷിണം വയ്ക്കുന്നു
ഞാൻ ഉച്ചത്തിൽ കൃതജ്ഞതാസ്തോത്രം ആലപിക്കുന്നു



www.malankaralibrary.com

അവിടുത്തെ അദ്ഭുതകരമായ സകല പ്രവൃത്തികളെയും ഞാൻ പ്രഘോഷിക്കുന്നു.
കർത്താവേ, അങ്ങു വസിക്കുന്ന ആലയവും
അങ്ങയുടെ മഹത്വത്തിന്റെ ഇരിപ്പിടവും എനിക്കു പ്രിയങ്കരമാണ്.
പാപികളോടുകൂടെ എന്റെ ജീവനെ തൂത്തെറിയരുതേ;
രക്തദാഹികളോടുകൂടെ എന്റെ പ്രാണനെയും.
അവരുടെ കൈകളിൽ കുതന്ത്രങ്ങളാണ്
അവരുടെ വലതുകൈ കോഴകൊണ്ടു നിറഞ്ഞിരിക്കുന്നു.
ഞാനോ നിഷ്കളങ്കതയിൽ വ്യാപരിക്കുന്നു
എന്നെ രക്ഷിക്കുകയും എന്നോടു കരുണ കാണിക്കുകയും ചെയ്യേണമേ
നിരപ്പായ ഭൂമിയിൽ ഞാൻ നിലയുറപ്പിച്ചിരിക്കുന്നു
സഭയിൽ ഞാൻ കർത്താവിനെ വാഴ്ത്തും" (26ാം സങ്കീർത്തനം)
"സ്വർഗവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ:
മഹത്വവും ശക്തിയും അവിടുത്തേതെന്നു പ്രഘോഷിക്കുവിൻ
കർത്താവിന്റെ മഹത്വപൂർണ്ണമായ നാമത്തെ സ്തുതിക്കുവിൻ;
വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ
കർത്താവിന്റെ സ്വരം ജലരാശിക്കു മീതെ മുഴങ്ങുന്നു
ജലനിവഹങ്ങൾക്കു മീതെ മഹത്വത്തിന്റെ ദൈവം ഇടിനാദം മുഴക്കുന്നു




www.malankaralibrary.com

കർത്താവിന്റെ സ്വരം ശക്തി നിറഞ്ഞതാണ്;
അവിടുത്തെ ശബ്ദം പ്രതാപമുറ്റതാണ്.
കർത്താവിന്റെ സ്വരം ദേവദാരുക്കളെ തകർക്കുന്നു
കർത്താവ് ലബനോനിലെ ദേവദാരുക്കളെ തകർക്കുന്നു
കർത്താവ് ലബനോനെ കാളക്കുട്ടിയെപ്പോലെ തുള്ളിക്കുന്നു;
സിറിയോനെ കാട്ടുപോത്തിനെപ്പോലെയും.
കർത്താവിന്റെ സ്വരം അഗ്നിജ്വാലകൾ പുറപ്പെടുവിക്കുന്നു
കർത്താവിന്റെ സ്വരം മരുഭൂമിയെ വിറ കൊള്ളിക്കുന്നു;
കർത്താവ് കാദെഷ് മരുഭൂമിയെ നടുക്കുന്നു.
കർത്താവിന്റെ സ്വരം ഓക്കുമരങ്ങളെ ചുഴറ്റുന്നു,
അതു വനങ്ങളെ വൃക്ഷരഹിതമാക്കുന്നു
അവിടുത്തെ ആലയത്തിൽ മഹത്വം എന്ന് എല്ലാവരും പ്രഘോഷിക്കുന്നു.
കർത്താവ് ജലനിവഹനത്തിനുമേൽ സിംഹാസനസ്ഥനായിരിക്കുന്നു.
അവിടുന്ന് എന്നേക്കും രാജാവായി സിംഹാസനത്തിൽ വാഴുന്നു.
കർത്താവ് തന്റെ ജനത്തിനു ശക്തി പ്രദാനംചെയ്യട്ടെ!
അവിടുന്ന് സമാധാനം നൽകി തന്റെ ജനത്തെ അനുഗ്രഹിക്കട്ടെ".
(29ാം സങ്കീർത്തനം).


www.malankaralibrary.com

# പതിമൂന്ന്

ദാവീദ് ആലപിച്ച ഗാനങ്ങൾ പഴമ്പാട്ടുകളായിരുന്നെന്നു വിശേഷിപ്പിക്കാം. ഈശ്വര സത്തയും എന്റെ സത്തയുമായുള്ള അനാദികാലം തുടങ്ങി നിലനിൽക്കുന്ന ബാന്ധവം തീർത്തും ഒരു പഴയ പ്രമേയം. എന്നാൽ എന്നും പുതുമ നിറഞ്ഞതും ദൈവത്തിന്റെ മറയിൽ (സംരക്ഷണയിൽ) സ്വയം സമർപ്പിക്കുന്നതുമായ മർത്യന്റെ ആശ്രയഭാവം. ഇതും മനുഷ്യവംശത്തിന്റെ കാതലായ ഒരാവശ്യം മാത്രം. പ്രമേയങ്ങളിലൂടെ പരതിയാൽ മിക്ക പ്രധാന മതങ്ങളുടെയും നൈസർഗിക ചായ്വുകൾ നിരീക്ഷിക്കാം. ക്ഷീണിതൻ തല ചായ്ക്കാനിടം തേടുന്ന പ്രതീതി. താങ്ങാൻ കഴിവുള്ള മഹാശക്തി നീ. ആശ്രയിക്കുന്ന പരിമിതൻ ഞാൻ.


എങ്കിലും ദാവീദിന്റെ സങ്കീർത്തനങ്ങളിൽ നാം രക്ഷയും വിമോചനവും വിജയവും പ്രവചനങ്ങളായി കാണുന്നു. മിന്നൽപോലെ മനസ്സിന്റെ ചക്രവാളങ്ങളിൽ പ്രകാശം വാരിയെറിയുന്ന പ്രഭാപ്രഭവം രക്ഷയെന്ന മഹാരഹസ്യം മിശിഹായിൽ സമ്പൂർണമാകുന്നു.

ചരിത്രത്തിന്റെ തേരോട്ടം പ്രവാചകൻ ദൂതാക്കിയിരിക്കുന്നു. മോശയും അബ്രഹാമും ഇസ്സഹാക്കും യാക്കോബും ഏശയ്യായും ജറമിയാസും മൽക്കിസദേക്കു തുടങ്ങിയ പഴയനിയമത്തിലെ വൻവ്യക്തിത്വങ്ങളുടെ മുൻപന്തിയിൽ ദാവീദുമുണ്ട്. പഴയനിയമം സങ്കീർത്തനങ്ങളെ വ്യാഖ്യാനിക്കുന്നു. ദൈവപരിപാലനയുടെ പടവുകൾ നൂറ്റാണ്ടുകളായി ചവിട്ടിക്കയറിയിരുന്ന ഹെബ്രായ വർഗത്തിന്റെ സാമൂഹിക വിശ്വാസങ്ങളുടെ ഗാനാത്മകമായ, സമൃക്കായ, ഒരവതരണം കൂടി നാം കാണുന്നു. ചരിത്ര സംഭവങ്ങളായാലും ദൈനംദിന കൃത്യങ്ങളായാലും



www.malankaralibrary.com

ഭക്തി പ്രചുരിമയിൽ എത്തിനിന്നില്ലെങ്കിൽ നരവംശം സൃഷ്ടിതമായതിന്റെ പരമമായ അർത്ഥം അവ്യക്തമാകുന്നു. ഒരു മനുഷ്യന്റെ മഹത്വം സമുന്നതമാകുക, അവൻ പ്രാർത്ഥിക്കുവാൻ ദൈവസന്നിധിയിൽ മുട്ടു മടക്കുമ്പോഴും സാഷ്ടാംഗപ്രണാമം ചെയ്യുമ്പോഴുമാണ്. മനസ്സിന്റെ സർവ്വശക്തികളുടെയും സ്നേഹബഹുമാനത്തിന്റെയും കണങ്കാൽ മടങ്ങട്ടെ.




www.malankaralibrary.com

# പതിന്നാല്

ഇസ്രായേൽ വെള്ളി നിലാവിൽ മുങ്ങിക്കുളിച്ചു. ചില മാസങ്ങളിൽ ഭാസുരനെ വീശി തണുപ്പിക്കുന്ന പ്രഭാതമാരുതൻ. രണ്ടുമൂന്നു മാസക്കാലം ശൈത്യമാണ്. സെപ്റ്റംബറിൽ തുഷാര ബിന്ദുക്കളെ സംവഹിച്ചുകൊണ്ട് നിലകൊള്ളുന്ന വയലിലെ ലില്ലികളും പുൽക്കൊടികളും കാറ്റിൽ ഉലയും. യേശുവിന്റെ ഇഹലോകവാസകാലത്തും ഇന്നും ഒരേ കാലാവസ്ഥ ആയിരുന്നോ?

ശിശരർത്തുവിലെ പ്രഭാതമാരുതൻ കാവ്യശില്പങ്ങൾക്കു പ്രചോദനമേകുന്നു. കാറ്റു വടക്കുപടിഞ്ഞാറൻ ദിശയിൽനിന്നാരംഭിച്ചു അകിൽ വൃക്ഷങ്ങളോടും ചൂളമരങ്ങളോടും, അലരി വൃക്ഷങ്ങളോടും കിന്നാരം പറഞ്ഞ് ഗലീലക്കടലിലെ മത്സ്യബന്ധനക്കാർക്കും ശൈത്യം ഏകുന്നു. കൂടാരപ്പെരുന്നാളും അമാവാസിയും തീർത്ഥാടനവും മുറപോലെ നടക്കുന്നു. ഇസ്രായേൽ പൂർണ്ണമായി യഹോവയുടെ നിയമത്തിന്റെ വരുതിയിൽ ആയിട്ടില്ല. സമയം അതിന്റെ രഥയോട്ടം നടത്തുന്നു. രഥത്തിനു റിവേഴ്സ് ഗിയറില്ലല്ലൊ.

സങ്കീർത്തനത്തിൽ സ്രഷ്ടാവ് യഹോവയും സൃഷ്ടികൾ യഹോവയുടെ കരവേലയുമാകുന്നു. കുശവൻ മൺപാത്രങ്ങൾക്കു രൂപവും ഭാവവും നൽകുന്നതുപോലെ.

സൃഷ്ടിജാലത്തിനു പ്രപഞ്ചോൽപ്പത്തി മുതൽ ഒരു ലക്ഷ്യമുണ്ട്. മനുഷ്യജാതി കപിവർഗ്ഗത്തിൽകൂടി കടന്നുപോയ പരിണാമ പ്രക്രിയയുടെ പര്യായമാകാം. അങ്ങനെയല്ലാതെയുമാകാം. ശാസ്ത്രജ്ഞർക്കുപോലും കാണാക്കണ്ണി അവശേഷിക്കുന്നു. ജീവിച്ചിരിക്കുന്ന ശാസ്ത്രജ്ഞരിൽ ഒരു ന്യൂനപക്ഷം പരിണാമവാദ സിദ്ധാന്തത്തെ നിരാശ്രയരായി അവഗണിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നു. പ്രപ



www.malankaralibrary.com

ഞ്ചോൽപ്പത്തിയും ജീവോൽപ്പത്തിയും മനുഷ്യോൽപ്പത്തിയും മോരും മുതിരയും എന്നകണക്കെ ചേരാത്ത യാഥാർത്ഥ്യങ്ങളല്ല. യഹോവയും പ്രപഞ്ചവും ഒത്തുചേരുമ്പോൾ യഹോവയോളമേ ആകൂ. പ്രപഞ്ചം എടുത്തുമാറ്റിയെന്നു സങ്കൽപ്പിച്ചാലും യഹോവയിൽ കുറവൊന്നും വരുന്നില്ല.

എങ്കിലും സൃഷ്ടിക്കു സമഗ്രമായ ലക്ഷ്യമുണ്ട്. ഓരോ മൺതരിക്കും ആൽഫയിൽ നിന്ന് ഒമേഗയിലേക്കുള്ള പ്രയാണം. പ്രത്യേകിച്ചു നര വംശത്തിന് ആദം (ആദ്യമനുഷ്യൻ) മുതൽ ഈ ഗോളത്തിൽ ആവാസ സ്ഥാനമുള്ള എല്ലാവർക്കും പ്രകൃതി മനുഷ്യനെ സേവിച്ചും മനുഷ്യ ശരീരത്തിന്റെ കണികകളായും സായുജ്യത്തിൽ ഭാഗഭാക്കാകുന്നു.

ദാവീദും അദ്ദേഹത്തിന്റെ സന്തതിയും ഒരു പ്രത്യേക പ്രമേയ മായി സങ്കീർത്തനങ്ങളിൽ നിലനിൽക്കുന്നു. ആ പ്രത്യേക സന്തതിക്കു മുൻപുള്ള തലമുറകളും ദാവീദിന്റെ സന്തതികൾതന്നെ. പക്ഷേ പ്രത്യേ കതയുള്ള സന്തതിയുടെ നഖചിത്രം: "ഞാൻ അവന്റെ സന്തതിയെ എന്നേയ്ക്കും സ്ഥിരപ്പെടുത്തും; അവന്റെ സിംഹാസനം ആകാശമുള്ള കാലത്തോളം നിലനിൽക്കുകയും ചെയ്യും." ഇതിനെന്തവകാശം തനി ക്കുണ്ടെന്നു ദാവീദ് ചിന്തിച്ചു. യഹോവയുടെ വാഗ്ദാനം മാറുകയില്ല. മാറ്റപ്പെടുകയുമില്ല. ഇതാണ് "നീയും" "ഞാനും" നാമോരോരുത്തരും അനുഭവിച്ചറിയുക. സ്വഭാവേന ദുർബ്ബലനായ മനുഷ്യൻ നേർച്ചകൾ നേരുന്നു. അതേ വേഗതയിൽ മറക്കുന്നു. കാണിക്കയിടുന്നു. ഞാൻ എന്നെത്തന്നെ പെട്ടിയിൽ നിക്ഷേപിക്കുന്നു. ഞാൻ നാളീകേരമെറി യുന്നു. എന്നെ സ്വയം മറന്നുള്ള ഈശ്വരാർപ്പണത്തിനുള്ള പരിമിത മായ മനുഷ്യന്റെ ബലിയർപ്പണം.

പ്രവചനങ്ങൾക്കുമുണ്ട് വ്യക്തതയും അവ്യക്തതയും. ഇന്നത്തെ ജീവിത സാഹചര്യം ക്രിസ്തുവിനു രണ്ടായിരം വർഷങ്ങൾക്കു മുൻപ് കഴിഞ്ഞകാലവുമായി തുലനം ചെയ്യാനാവില്ല. ദാവീദിന്റെ ജീവിതകാ ലഘട്ടം നാമുമായി ഏകദേശം മൂവായിരം കൊല്ലങ്ങൾക്കപ്പുറമാണ്. മോശ ഇസ്രായേൽ ജനത്തെ ഈജിപ്റ്റിൽ നിന്ന് മോചിപ്പിച്ച് കാനാൻ ദേശത്തെത്തിച്ചശേഷം ഏറെക്കാലം മിശിഹായെ മുൻ നിർത്തിയുള്ള പ്രവചനങ്ങളിൽ വിസ്മരിച്ചതുപോലെ. എങ്കിലും നിയമദൃഷ്ട്യാ തന്റെ പിന്മുറക്കാരിൽ ഒരുവനായി ഗണിക്കപ്പെടുന്നു. ഇമ്മാനുവേൽ എന്ന


www.malankaralibrary.com

നാമധരൻ ഇസ്രായേലിന്റെയും മാനവകുലത്തിന്റെയും രക്ഷകൻ വീണ്ടും പല ദീർഘദർശിമാരുടെയും പ്രവചനങ്ങളിൽ സജീവമായി.

ആദിമാതാപിതാക്കളിൽ നിന്നും പലസഹസ്രം വർഷങ്ങൾ അകലത്തിൽ നിലനിന്നിരുന്ന വർഗ്ഗങ്ങളിൽ ആഗോള തലത്തിൽതന്നെ ഒരു രക്ഷിതാവിനെ പ്രതീക്ഷിച്ചിരുന്നു. ആ രക്ഷകൻ ആരെന്നും അവന്റെ ആഗമനത്തിന്റെ അടയാളങ്ങളേവയെന്നും സൂചിതങ്ങളായിരുന്നു. പൗരസ്ത്യരായ വിദ്വൽഗണങ്ങൾ ലോകത്തിന്റെ പലഭാഗങ്ങളിലും സൂചനയും സൂചിതവും പഠിച്ചിരുന്നു. രാജാക്കന്മാരും രാജസദസ്സും സദസ്സിലെ പണ്ഡിതന്മാരും ഭാവി രക്ഷകന്റെ ജനനം, ജീവിത ശൈലി, മോചന നിർദ്ദേശം തുടങ്ങി പലതും പഠിച്ചുപോന്നിരുന്നു.

മിശിഹാ എന്ന പദം അഭിഷിക്തൻ എന്നു അർത്ഥമാക്കുന്നു. ഗ്രീക്കു ഭാഷയിൽ ക്രിസ്തോസ് എന്നു മൊഴിമാറ്റം. യേശു എന്ന പദത്തിന് രക്ഷകൻ എന്നർത്ഥവും ധ്വനിപ്പിച്ചിരുന്നു. ജോഷ്വാ എന്ന നാമം സുപരിചിതമാണല്ലോ. ഒരാളിൽ നിക്ഷിപ്തമായിരിക്കുന്ന സ്ഥാനമാനങ്ങളും കടമകളും പേരിലും പ്രതിധ്വനിക്കണമെന്ന പാരമ്പര്യം അന്നവിടെ നിലനിന്നിരുന്നു.

ദാവീദിന്റെ സന്തതിക്കു സ്ഥലകാല പരിമിതിയുണ്ടാകയില്ല. അവന്റെ സിംഹാസനം പ്രപഞ്ചമുള്ള കാലമത്രയും നിലനിൽക്കും.

ആ രാജ്യത്തിന്റെ ഘടനയോ ഭരണരീതിയോ സംസ്ഥാപനരീതി തന്നെയോ ഭാവനയ്ക്കതീതമായിരുന്നു. അന്ധകാരം, പാപം, അവിദ്യ, വീഴ്ച മുതലായ പദങ്ങളാൽ നഷ്ടപറുദീസയുടെ അവസ്ഥയെ ചിത്രീകരിച്ചിരുന്നു. സാർവ്വജനീനനായി മനുഷ്യന് മഹത്വം നഷ്ടപ്പെട്ടതായ ഒരു ബോധ്യം.

ആദ്യാവസ്ഥയെ ഇഹപരങ്ങളിൽ പുനഃപ്രതിഷ്ഠിക്കാൻ ഈശ്വരശക്തിക്കായി, അവതാരങ്ങൾ പ്രതീക്ഷിച്ചു മനുഷ്യൻ കഴിച്ചുകൂട്ടി.

പ്രവചനങ്ങളുടെ മറ്റൊരു ലക്ഷ്യമായിരുന്നു ജനതയെ രക്ഷകന്റെ വരവിൽ യോഗ്യമായി സ്വീകരിക്കാൻ ഒരുങ്ങുക.

ദാവീദ് മിശിഹായെക്കുറിച്ചു പ്രവചിച്ച സന്ദർഭങ്ങളിൽ മറ്റൊരു പ്രവാചകനിലും ദർശിക്കാത്ത വ്യക്തതയും ചൈതന്യവും കാണാം.



www.malankaralibrary.com

രക്ഷകൻ യഹോവയുടെ വ്യക്തിത്വത്തോടുകൂടിയ മറ്റൊരു മുഖ മാണെന്നു സങ്കൽപ്പിക്കുമ്പോൾ, പ്രകൃതി ശക്തികളുടെ മേൽ രാജാ വായും വാഴുന്നു. രാജാവിനുവേണ്ട അംശ വസ്ത്രങ്ങളും (നീതി നട ത്താൻ) ഉടവാളും ധരിച്ചിരിക്കണം. യേശു ധാർമ്മികതയുടെ വെട്ടി ത്തിളങ്ങുന്ന രാജ്യമാണ് സ്ഥാപിക്കുക. "രാജാവാം മിശിഹായെ" എന്നു പാടുന്ന ക്രൈസ്തവ സങ്കല്പത്തെ പരാവർത്തനം ചെയ്യുന്നു. യേശു വിന്റെ പടയോട്ടം തന്റെ ആത്മബലിയിൽ സംഗ്രഹിച്ചു, "ദൈവമെ നിന്റെ സിംഹാസനം എന്നേയ്ക്കുമുള്ളതാകുന്നു; നിന്റെ രാജ്യത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോൽ ആയിരുന്നു." രാജാക്കന്മാരുടെ നിര യിൽ എക്കാലവും നീതിയെ സ്നേഹിച്ചു ജീവിതം പ്രസംഗവും, പ്രസംഗം ജീവിതവുമാക്കിയ നീതി ജ്ഞാനമായിരുന്നു ദാവീദ് ദർശിച്ച മിശിഹാ. ഈ യജ്ഞ ജീവിതത്തിന്റെ അമാനുഷിക സിദ്ധി മറ്റേതു രാജാവിനേ ക്കാൾ മികച്ച സന്തോഷതൈലമായിരുന്നു, ആത്മാഭിഷേകം.

അനീതിയെ ദ്വേഷിക്കുക നീതിയെ സ്നേഹിക്കുന്നതിന്റെ അനു ബന്ധമാണ്. "പ്രധാന ആലയത്തിൽ നിന്നും നിന്റെ വസ്ത്രങ്ങൾ ഒക്കെയും മീറ, ഇലവർങ്ങം, ഞെരിയാസ് എന്നീ സുഗന്ധകൂട്ടു കൊണ്ടും പരിമളമായിരിക്കുന്നു."

മോശയെപ്പോലെ 'നേതൃത്വ' പാടവമുള്ള യേശുവിനെ പ്രവാച കനായും പുരോഹിതനായും പ്രവചിക്കുന്നു. ഈ പുരോഹിതൻ ആടു കളുടെയും മാടുകളുടെയും രക്തം ഉപേക്ഷിക്കും. മെൽക്കൊസദേ ക്കിനെ യേശുവിന്റെ പൗരോഹിത്യത്തിന്റെ ആദിരൂപമായി ദാവീദ് ചിത്രീകരിച്ചു. മെൽക്കി സദേക്ക് എന്ന് പേര് ഹെബ്രായ- അരാമായ പദമാകയാൽ ആ വാക്കിന് 'നീതിയുടെ രാജാവ്' എന്ന അർത്ഥം. നീതിയുടെ ഉപാസനകൊണ്ടായിരിക്കാം മൃഗങ്ങളെ ജീവിക്കാനനുവ ദിച്ചുകൊണ്ട് അപ്പവും വീഞ്ഞും ബലിവസ്തുക്കളായി അദ്ദേഹം സ്വീക രിച്ചത്. ഏതു ബലിവസ്തുവിലും തന്നെ കൂടി ആത്മനാ സന്നിവേശി പ്പിച്ചാണ് അർപ്പിക്കേണ്ടത്. ആ ബലിവസ്തുവിൽ പരമശക്തൻ എഴു ന്നിള്ളിയിറങ്ങുന്നു. ബലിവസ്തുവിനു നല്കുന്ന രൂപഭേദം (വെട്ടൽ, ഉടക്കൽ, ഭക്ഷ്യമാക്കൽ) സ്വയം രൂപഭേദപ്പെട്ടു ദേവന്റെ ആവാസസ്ഥാനം ആകാനുള്ള മനുഷ്യ മോഹത്തിന്റെ ബാഹ്യപ്രകടനമാണ്. ആത്മബലി എന്നാൽ ദൈവപിതാവ് ഓരോ വ്യക്തിക്കും വിധിച്ചിട്ടുള്ള നിയോഗം പൂർത്തീകരിക്കുക എന്നതാകുന്നു.



www.malankaralibrary.com

## പതിനഞ്ച്

സത്യമെങ്കിൽ അതു സുന്ദരവുമാണ്. സർവ്വമനുഷ്യരും സത്യകാമികളെങ്കിൽ അങ്ങനെയുള്ള അവസ്ഥ അനിർവചനീയമായ സന്തോഷം നൽകുന്നു. പക്ഷേ എല്ലാ സംസ്കാരങ്ങളിലും "സുരാസുര"ന്മാരെ പ്രതിഷ്ഠിച്ചിട്ടുണ്ട്.

സങ്കീർത്തനം സംഗീതമാണ്. കവനമാണ്. ഇവിടെ ബിംബങ്ങൾ നമ്മുടെ ചിന്താവിഷയമാകുന്നില്ല. എങ്കിലും ചാരുതയേകാൻ സങ്കീർത്തന രചയിതാക്കൾ മരുഭൂമിയുടെ ശുഷ്ക്കമായ പ്രതിബിംബങ്ങളും അങ്ങിങ്ങായി ഉപയോഗിച്ചിട്ടുണ്ട്. സ്വതന്ത്രമായ വികാര പ്രകടനത്തിൽ കാല്പനികത അതിരുകൾ മറക്കും. പക്ഷേ ഒരു സന്ദേശത്തോടോ ഒരു പ്രത്യയശാസ്ത്രത്തോടോ അക്ഷരംപ്രതി കൂറുപുലർത്തേണ്ട സന്ദർഭത്തിൽ ഏറ്റം മികച്ച ഭാഷാപണ്ഡിതനും വിക്കുന്നതുകാണാം. തന്നിലെ കാട്ടുകുതിരയെ അഴിച്ചുവിടുന്നത് അശ്വമേധമാകുമോ?

"നീ എന്നോടു ചോദിക്കുക" ദൈവികനായാലും, സർവ്വസാധാരണക്കാരനായ പച്ചമനുഷ്യനായാലും ചോദിക്കാതെ തരില്ല എന്ന വസ്തുത പലപ്പോഴും കണ്ണിൽ എരിവു പുരട്ടിയിട്ടുണ്ട്. എന്റെ സ്രഷ്ടാവ്, എന്റെ രക്ഷകൻ, എന്റെ പ്രവാചകൻ, എന്റെ പുരോഹിതൻ, എന്റെ രാജാവ്, എന്റെ പകരക്കാരൻ, എന്നോടുകൂടി സദാ ഉള്ളവൻ, എന്നേക്കാൾ എന്നോടു സമീപസ്ഥൻ. പക്ഷേ ചോദിച്ചു വാങ്ങണം. അമ്മമാരും കുഞ്ഞുമക്കളെ ചൊടിയുള്ളവരാക്കാൻ "മിഠായി തരാം. ഓടി വരണം" ഓടിച്ചെല്ലുന്ന നാലു വയസ്സുകാരന്റെ തലയ്ക്കു മീതെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുഖം ഞാനെന്റെ അമ്മയിൽക്കൂടി കാണുന്നു.



www.malankaralibrary.com

അന്തമില്ലാത്ത അപേക്ഷകൾ ദൈവസന്നിധിയിൽ സമർപ്പിക്കാം. കരി വീട്ടി കടഞ്ഞ നിറമുള്ള പെൺകൊടിക്ക് കൊക്കിന്റെ തൂവൽ നിറം ചോദിക്കാം. എന്നാൽ അളന്നുകുറിച്ചുവച്ചിരിക്കുന്ന നിയമങ്ങളെ ദൈവം അനുനിമിഷം മാറ്റുകയില്ല.

ഈശ്വരസമക്ഷം എത്തുന്ന അപേക്ഷകളുടെ കൂമ്പാരത്തെ ഗൗരവമായ നിമിഷങ്ങളിലും ലാഘവമായി ഓർത്തുപോകുന്നു. ലോകത്തു ബുദ്ധിയുദിച്ച നാൾ മുതൽ ഇന്നുവരെ ഈശ്വര സമക്ഷത്തിൽ അയച്ച അപേക്ഷകളുടെ ഒരു പഠനം നടത്തിയാൽ, അതിൽ ജ്ഞാനം, ആത്മശുദ്ധി, മോക്ഷപ്രാപ്തി തുടങ്ങിയ ഉദാത്തമായ കാര്യങ്ങൾ വിരളമാണെന്നു കാണാം.

ജനനം നാം അറിയാതെ നടന്നു. മരണം നമുക്കുനേരെ തുറിച്ചു നോക്കുന്നു. ജനന മരണങ്ങളാകുന്ന കടങ്കഥകൾക്കു മദ്ധ്യേ നദിയിലെ ശക്തമായ നീരൊഴുക്കിൽപ്പെട്ട കാഷ്ടം പോലെ ലക്ഷ്യഹീനമായി പായുന്ന മനുഷ്യന് ഒത്തിരി കാര്യങ്ങൾ സാധിക്കാനുണ്ട്. ഓരോ മനുഷ്യനും ഓരോ കടമയിൽ നിയുക്തനാകുന്നു.

ഒരു രാജാവിന്റെ മനസ്സിൽ തുളച്ചുകയറി അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ഏകദേശരൂപം സങ്കൽപ്പിച്ചു നോക്കാം:

സർവ്വശക്തനായ പ്രഭോ ഞാനിതാ എന്റെ ഉടവാളും അംശവസ്ത്രങ്ങളും രാജകീയ പ്രൗഢിയും തിരുമുൽക്കാഴ്ചയായി വെയ്ക്കുന്നു. എന്റെ സന്തതിപരമ്പരകൾ നീണാൾ വാഴട്ടെ. അവരിൽ എന്നെ സ്മരിക്കുവാനും എന്റെ നാമം സ്വർണ്ണലിപികളിൽ എഴുതപ്പെടുവാനും ഇടയാക്കണമേ. അന്തഃപ്പുരത്തിൽനിന്നും ശത്രുത നീറരുതേ. എന്റെ പിൻഗാമിത്തം ഞാൻ നിശ്ചയിക്കുന്നത് പുത്രന്മാർ അംഗീകരിക്കണമേ."

"സൈന്യത്തിന് അച്ചടക്കം നൽകേണമേ. ഖജനാവ് സ്വർണ്ണം കൊണ്ടു നിറയ്ക്കേണമേ. പ്രജകളെ അദ്ധ്വാനിക്കുന്ന വിഭാഗമായും രാജകല്പനകളെ മാനിക്കുന്നവരുമാക്കേണമേ. സമീപരാജ്യങ്ങളിൽ എന്നോടു ശത്രുതയുണ്ടാകരുതേ. എന്റെ രാജ്യത്തിന്റെ സീമകൾ വളരട്ടെ. നിസ്വാർത്ഥവും സ്വാർത്ഥവുമായുള്ള ഉള്ളൊഴുക്കികളയുന്ന ദ്രവത.

യേശു രക്ഷകൻ ആണ്. പ്രവചിതൻ. ദാവീദിന്റെ നക്ഷത്രം. യേശുവിന്റെ ചില ഉപമകൾ സൂര്യശോഭയുള്ളതായിരുന്നു. സ്വർഗ്ഗരാജ്യത്തിന്റെ ദിവ്യനാമം, നിഗൂഢ രഹസ്യങ്ങൾ, മനുഷ്യ സമൂഹത്തിന്റെ



www.malankaralibrary.com

സമുന്നതിക്കു ഉപയുക്തമായവ - ആത്മകായങ്ങൾക്കാവശ്യമായവ - ദഹിക്കുന്നയളവിൽ വിളമ്പിക്കൊടുത്ത, അമ്മയുടെ വാത്സല്യത്തോടെ പാലുമാത്രം ദഹിക്കുന്ന മനഃപ്രായമായവർക്ക് ചേരുന്നയളവിൽ. ശിഷ്യന്മാർക്കും സന്തത സഹചാരികൾക്കും ഗുരുഭക്ഷണം. കട്ടിയായതും ദഹിക്കുമെന്ന കരുതലിൽ. ദാവീദ് രക്ഷകന്റെ (മിശിഹായുടെ) ഒരു ലക്ഷണം നേരത്തെ കാണുന്നു, പറയുന്നു. "എന്തെന്നാൽ ഇതാ, ഞാൻ എന്റെ വായ് ഉപമകളുമായ് തുറക്കും."

ദൈവഭവനം ഇവിടെ ജറുസലേമിലെ വലിയ പള്ളിയാണെന്നു പറയാം. ശലോമോൻ എന്ന വിശ്വവിഖ്യാതനായ ദാവീദിന്റെ മകൻ പണികഴിപ്പിച്ച ദേവാലയം. സംസ്കാരത്തിന്റെയൊ മതത്തിന്റെയൊ മാത്രം പ്രാധാന്യമല്ല, ജറുസലേം ദേവാലയം കൈയടക്കുന്നത്. സഹസ്രാബ്ദങ്ങളിലായി ഒരു ജനതയുടെ സാമൂഹ്യവൽക്കരണവും പ്രവർത്തനോർജ്ജവും ഐക്യവും പ്രത്യാശയുമാണ്. ദേവാലയം യഹോവായുടെ പാദപീഠമാണ്. അകമ്പടിക്കു സ്വർഗ്ഗീയ സേനയുമുണ്ട്. പുരോഹിതന്മാർ മാത്രം പ്രവേശിച്ചിരുന്ന അതിവിശുദ്ധ സ്ഥലം. ഗോത്രത്തലവന്മാർക്കും യഹൂദപ്രമാണികൾക്കും കാലാന്തരത്തിൽ പ്രത്യേകം ഇരിപ്പിടങ്ങൾ.


നിത്യരക്ഷയുടെ സങ്കേതം. ആണ്ടിലൊരിക്കൽ യഹൂദൻ ജറുസലേമിൽ എത്തി ദേവാലയത്തിൽ നേർച്ചകാഴ്ചകൾ സമർപ്പിച്ച് പ്രാർത്ഥിച്ചിരിക്കണമെന്ന നിയമമുണ്ടായിരുന്നു. തീർത്ഥയാത്രയുടെ ദിനങ്ങളിൽ പാടാറുള്ള നിശ്ചിത സങ്കീർത്തനങ്ങളുമുണ്ടായിരുന്നു.

"നിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ ഭക്ഷിച്ചു; നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണു."

ഗലീലി മുതൽ ജറുസലേം വരെ മൂന്നു ദിവസം കാൽനടയാത്ര ചെയ്യണം. ഏകദേശം എഴുപത് എഴുപത്തിയഞ്ച് കിലോമീറ്ററുകൾ. പന്ത്രണ്ടാം വയസ്സിൽ യേശു മാതാവിനോടും വളർത്തപ്പനുമൊപ്പം തീർത്ഥയാത്ര ചെയ്തു. മടക്കയാത്രയിൽ ബാലനെ കാണാതെ വന്നപ്പോൾ മടങ്ങിയെത്തിയ മാതാപിതാക്കളോട് വ്യക്തമാക്കി: "ഞാൻ എന്റെ പിതാവിന്റെ ജോലിയിൽ വ്യാപൃതനാകേണ്ടതുണ്ട്." ജറുസലേം ദേവാലയത്തെ വീക്ഷിക്കുന്ന രക്ഷകന്റെ കണ്ണുകൾ.



www.malankaralibrary.com



ഈ ആലയം പ്രാർത്ഥനാലയമാണെന്നും ചന്തസ്ഥലമല്ലെന്നും യേശു തന്റെ അന്ത്യമടുത്തപ്പോൾ പറഞ്ഞു. ദൈവസംസർഗ്ഗത്തിനുള്ള അതിവിശുദ്ധ സ്ഥലം, വിശുദ്ധമായി സൂക്ഷിക്കുകയും വിശുദ്ധീകരണം വ്യക്തിയായും സമൂഹമായും കൈവരിക്കേണ്ട സ്ഥലമായിരിക്കുകയും വേണം.

ഈ ദേവാലയം ചന്തസമം അലങ്കോലമാക്കിയതിന് ഒരിക്കൽ യേശു ചമ്മട്ടിയടിവരെ നടത്തി. നിത്യവൃത്തിക്കുവേണ്ടി ചങ്ങാലിപ്രാവുകളെ വിറ്റിരുന്നവരെ പുറത്താക്കി. നിങ്ങൾ അവയെ എടുത്തുകൊണ്ടുപോകുവിൻ. ചെറിയ താക്കീതുമാത്രം. കാളകളെയും ബലിമൃഗങ്ങളെയും വില്ക്കുന്നവരുടെ മൃഗങ്ങളെ അടിച്ചോടിച്ചു. കൂട്ടത്തിൽ എതിർത്തു നിന്നവർക്കും ചാട്ടച്ചുഴറ്റലിൽ അല്പം വേദന കിട്ടിയിരിക്കാം. ഏറ്റം വലിയ ചതി നാണയമാറ്റമായിരുന്നു. ദേവാലയ ഭണ്ഡാരത്തിൽ ഇസ്രായേലിന്റെ നാണയമായ ദെനാറാ തുടങ്ങിയവയിടണം. ഭണ്ഡാരസമീപവും ദേവാലയവാതില്ക്കലുമൊക്കെ നാണയമാറ്റക്കാർ സംഘംചേർന്ന് ഇരിക്കുകയും നാണയ ക്രയവിക്രയം ചെയ്ത് കൊള്ള ലാഭം എടുക്കുകയും ചെയ്തിരുന്നു. ചിതറിപാർത്തിരുന്ന യഹൂദർക്ക് റോമൻ നാണയം, ഗ്രീക്കു നാണയം, പേർഷ്യൻ നാണയം ഒക്കെ ഇസ്രായേലിൽ നിലവിലുള്ള നാണയമാക്കണം. എക്ചേഞ്ച് പരിപാടിയെന്നു



www.malankaralibrary.com

ഇന്നറിയപ്പെടുന്ന ഏർപ്പാട്. ഇവരായിരുന്നു അവരുടെ തൊഴിലിൽ വഞ്ചന കൂടുതൽ കലർത്തിയവർ. ഓരോരുത്തരുടേയും സാമ്പത്തിക സ്ഥിതിയും ലാഭക്കൊതിയും കണക്കിലെടുത്ത് അവരുടെ മേശകൾ യേശുമിശിഹാ തട്ടിമറിച്ചിട്ടു.

യഹൂദരും ജാതികളും യേശുവിനെ നിരസിച്ചു. ഒരിക്കൽ ശത്രുതാമനോഭാവമെടുത്താൽ, മരുഭൂമിയുടെ കാഠിന്യം അവിടെ വസിക്കുന്നവരിൽ രൂഢമായതിനാൽ ക്രൂരരായിത്തീരാറുണ്ട് ഒരു വലിയ ശതമാനം.

സ്നേഹിതന്റെ ഒറ്റുകൊടുക്കൽ; അതൊരു പീച്ചിചീന്തുന്ന അനുഭവം കൂടി ആണ്. സ്നേഹിക്കുകയും ഒരേപാത്രത്തിൽനിന്ന് ഭക്ഷിക്കുകയും ചെയ്തവനെങ്കിൽ ശത്രുത ഏറും. ദുഃഖം ശതഗുണീഭവിക്കും. ഉണങ്ങാത്തമുറിവുകളും മായാത്ത വടുക്കളും അവശേഷിക്കും. ദാവീദിന്റെ പ്രവചനം. "ഞാൻ ആശ്രയിച്ചവനായി എന്റെ സമാധാനം ചോദിക്കുന്നവനും ഞാൻ വിശ്വസിച്ചവനായി എന്റെ അപ്പം ഭക്ഷിക്കുന്നവനും ആയ മനുഷ്യൻപോലും എന്നോടു വളരെ വഞ്ചന ചെയ്തു." ഒറ്റുകൊടുക്കലിന്റെ ആത്യന്തിക അർത്ഥം വഞ്ചന എന്നാണ്. വഞ്ചിക്കാൻ സൗഹൃദം നടിക്കുകയും വേണം.

"എന്നെ നിന്ദിച്ചത് എന്റെ ശത്രുവല്ല" പ്രത്യുത പൊടുന്നനെ ചാടിവീഴുന്ന സിംഹംപോലെയാണവൻ. ഒളിക്കാൻ സമയം കിട്ടുകയുമില്ലല്ലോ. "നീയോ എന്നെപ്പോലുള്ള മനുഷ്യനും എനിക്കടുത്തവനും എന്റെ പ്രാണസ്നേഹിതനുമാകുന്നു." വീട്ടിൽ മാത്രമല്ല ദൈവഭവനത്തിൽ വെച്ച് ഒന്നിച്ചു ഭക്ഷണം കഴിച്ചവൻ ഒറ്റുമ്പോൾ ഹൃദയത്തിന്റെ കഴപ്പ്. യേശു- യൂദാസ് ബന്ധത്തിന്റെ മുൻ ദർശനം. യൂദാസ് യേശുവിനെ ഒരു കാളയുടെ, അക്കാലത്തെ വിലയായ 30 വെള്ളിക്കാശിനു കാപട്യത്തിന്റെ മൂർദ്ധന്യത്തിൽ ഒറ്റുന്നു.

കുറ്റാരോപണത്തിന്റെ കുടുക്കുചോദ്യങ്ങളിൽ അപരന്റെ ബലഹീനത അനാവൃതമാകുമ്പോഴൊക്കെ യേശു മൗനംകൊണ്ട് അത്തരം സാഹചര്യങ്ങളെ നേരിട്ടിട്ടുണ്ട്. ഈ മൗനം വാചാലമായിരുന്നു. ദാവീദ് യേശുവിന്റെ മൗനപ്രകൃതം പ്രവചിച്ചിരുന്നു.



www.malankaralibrary.com

ജനനനിമിഷം മുതൽ ക്രൂശിലെ ആത്മബലിയും കബറടക്കവും ഉത്ഥാനവും മറ്റും ഇനിയൊരവസരമുണ്ടെങ്കിൽ ലഭ്യമാക്കാം. ഒരു ലഘു താരതമ്യം പുതിയനിയമവുമായി.

ഏതായാലും ഒരുകാര്യം വ്യക്തമാക്കട്ടെ. ദാവീദിന്റെ എല്ലാ പ്രവചനങ്ങളും പ്രത്യേകിച്ച് യേശുവിന്റെ അപമാനസഹനം, കുരിശാരോഹണം, കയ്പുനീരിന്റെ നിരാസം, ശത്രുക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന, യൗവനത്തിൽ മരണം, കുറ്റക്കാർക്കു മദ്ധ്യേയുള്ള മരണം, വസ്ത്രത്തിനു നറുക്കിടൽ, അസ്ഥികൾ ഒടിക്കപ്പെടായ്ക, കുന്തപ്രയോഗം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പുനരാഗമനം ഇവയൊന്നും വൃഥാവചനങ്ങൾ ആയിരുന്നില്ല. രണ്ടാം വരവുമാത്രമെ നാം കാത്തിരിക്കേണ്ടതുള്ളൂ. ക്രിസ്തു ഉയിർത്തു. അവൻ സത്യമായി ഉയിർത്തു എന്നു നാം വിശ്വസിക്കുക.



www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മനസ്സ് ഒരു സങ്കീർത്തനം

എസ്.കാക്കനാട്ട്





അനേകം ഭാവതലങ്ങളുള്ള ബൈബിളിലെ
സങ്കീർത്തനങ്ങൾ ഭാവനയുടെ
അത്യുജ്ജ്വല പ്രകാശനമാണ്.
കവിയും ഗായകനും
കാമുകനുമായ ദാവീദ് രാജാവിന്റെ
ഹൃദയാകാശത്തിൽ നിറയുന്ന
ദേവസ്തുതികൾ; കൃതജ്ഞതാസ്തോത്രങ്ങൾ;
അനുതാപകീർത്തനങ്ങൾ.
കാവ്യഗംഗയിലൂടെ യാത്രചെയ്യുമ്പോൾ
നവ്യമായ ദൈവാനുഭവം സ്വന്തമാകുന്നു;
നിത്യജീവന്റെ തുറമുഖമായ ക്രിസ്തുവിൽ
അതിന്റെ സാഫല്യം സംഭവിക്കുന്നു.
സങ്കീർത്തനങ്ങളുടെ ഭൂമിക കണ്ടെത്തുകയും
ഭാഷയുടെ ലാവണ്യം വെളിപ്പെടുത്തുകയും
അർത്ഥാന്തരങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്ന
എസ്. കാക്കനാട്ടിന്റെ 'മനസ്സ് ഒരു സങ്കീർത്തനം'
വേദപഠനങ്ങളിൽ സുപ്രധാനമാണ്.
(ഡോ. ജോർജ് ഓണക്കൂർ: അവതാരിക)

എം.എസ്.കമ്യൂണിക്കേഷൻസ്
ആലപ്പുഴ

www.malankaralibrary.com